
www.malankaralibrary.com

July 2025

# ബഥനി ശബ്ദം


## Golden Jubilarians 2025-2026



Fr. Chacko Philip
Nariolimuruppel OIC



Fr. John
Vattapparampil OIC



Fr. Peter John
Valayil OIC

## Silver Jubilarians 2024-2025



Fr. Jith John
Pallivathukkal OIC



Fr. Benedict
Moozhikkarayil OIC



Fr. Shiju K. Levy
Karumaram Puthuval OIC



Fr. John
Thundiyath OIC

## Silver Jubilarians 2025-2026



Fr. Thomas George
Kochuvadakkel OIC



Fr. Binoy George
Theradiyil OIC



Fr. Jobin Kuriakose
Kochukaleeckal OIC



Fr. Blessen George
Edanattukizahkkethil OIC



Fr. Shaiju Mathew
Meppurathu OIC



Fr. Abraham
Ayyanthiyil OIC

www.malankaralibrary.com

# Extraordinary General Synaxis
## June 1, 2025 - Jeevaram Bethany Ashram, Mavelikara



www.malankaralibrary.com

# BETHANY SABDAM

137 JULY - AUGUST 2025

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

[redacted]

www.malankaralibrary.com

# ഉൾത്താളുകളിൽ


സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട പുണ്യാത്മാവ് 4
ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.

മണവാളനോടൊത്തുള്ള ജൂബിലി 8
ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി

സന്ന്യാസ സമർപ്പണ വഴികളിൽ 9
ഫാ. സിറിൽ ആനന്ദ് ഒ.ഐ.സി

ഈവാനിയൻ ദർശനങ്ങളും പ്ലേറ്റോയുടെ ഗുഹാമനുഷ്യരും 12
ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

ധന്യൻ മാർ ഈവാനിയോസിന്റെ പരിസ്ഥിതിദർശനം 18
ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി.

ദൈവപരിപാലനയുടെ കരങ്ങളിൽ 25
ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി

Venerable Mar Ivanios: A Man of Hope rooted in the Scripture 27
Bro. Linson Mathew OIC

ആത്മസമർപ്പണത്തിന്റെ സ്പന്ദനം 29
ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി

ജൂബിലി നിറവിൽ ബഹു. ചാക്കോ ഫിലിപ്പച്ചൻ 31
ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി

മിതഭാഷിയും ശാന്തനുമായ സന്ന്യാസി: ജോണച്ചൻ 32
ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി.

പീറ്റർ ജോണച്ചൻ എന്ന ജ്യേഷ്ഠസഹോദരൻ 34
ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.

സ്വർണ്ണ വർണ്ണങ്ങളിൽ മൂന്ന് ബഥാന്യർ 36
ഫാ. ജെയിംസ് തടത്തിൽ ഒ.ഐ.സി.

വിശ്വാസത്തിന്റെയും ശുശ്രൂഷയുടെയും രജത ജൂബിലി നിറവിൽ നാല് സന്ന്യാസ വൈദികർ 39
ഫാ. ക്രിസ്റ്റി ജോൺ ഒ.ഐ.സി.

From Novitiate Light to Jubilee Glory 42
Fr. Aloysius Karimarathinal OIC

നന്ദി നിറഞ്ഞ ഹൃദയത്തോടെ 45
(2000 ബാച്ച്)

നന്ദി നേരുന്നു നാഥാ 47
(2001 ബാച്ച്)

www.malankaralibrary.com

# എഡിറ്റോറിയൽ

ആമസോൺ പ്രൈമിൽ 'ഹൗസ് ഓഫ് ഡേവിഡ്' എന്ന പരമ്പരയുടെ അവസാന എപ്പിസോഡിൽ ഇടയച്ചെക്കനായ ദാവീദ് ഭീമാകാരനായ ഗോലിയാത്തിനെ വധിക്കുന്ന രംഗം കണ്ട് സ്തംബ്ധനായി. ഒരു മാസത്തോളം ഗോലിയാത്തിന്റെ മുമ്പിൽ ഭയന്നു നിന്ന ഇസ്രായേൽ സൈന്യത്തിന് ഇതൊരത്ഭുതമായി. ഗോലിയാത്തിനെ കണ്ട് ഭയന്ന ഇസ്രായേൽ സൈന്യം വിറയ്ക്കുവാൻ തുടങ്ങി. ഇതൊന്നുമറിയാതെ സൈന്യക്യാംപിലേക്കുവന്ന ഇടയച്ചെക്കനായ ദാവീദ് ഇസ്രായേലിന്റെ രാജാവായ യഹോവയെ നോക്കുവാനും ഗോലിയാത്തിന്റെ ശക്തിയെക്കുറിച്ച് സംസാരിക്കാതെ യഹോവയെ പ്രകീർത്തിച്ച് പോരാടുവാനും സൈന്യത്തോട് ആവശ്യപ്പെട്ടു. ഇതൊരു 'പ്രായോഗിക' നിർദ്ദേശമായി ഇസ്രായേൽ സൈന്യത്തിന് തോന്നിയില്ല. ഈ ഇടയച്ചെക്കന്റെ വിവരക്കേടായി മാത്രം അവരതിനെ കണ്ടു. ഇതൊന്നും കൂസാതെ കല്ലും കവിണയുമായി ദാവീദ് ഗോലിയാത്തിന് നേരേയോടി. ഗോലിയാത്തിന്റെ കുന്ത മുനയാൽ മുറിവേറ്റിട്ടും പതറാതെ വീണ്ടും എഴുന്നേറ്റ് ചോര നിറഞ്ഞ കയ്യാൽ കവിണയെടുത്ത് മിനുസമുള്ള കല്ല് തൊടുത്തു... ഗോലിയാത്ത് വീണു. കല്ല് എവിടെയാണ് കൊണ്ടതെന്ന് കാണാൻ സാധിക്കാത്തതിനാൽ വീണ്ടും വീണ്ടും കണ്ടുനോക്കി. കല്ലുപതിക്കുന്ന രംഗം സ്ക്രീനിൽ കാണുവാൻ സാധിക്കുന്നില്ല. കാര്യം പിന്നീട് മനസിലായി. കല്ലല്ല... കവിണയല്ല... ദാവീദല്ല... ഇസ്രായേലിന്റെ രാജാവായ യഹോവയാണ് ഗോലിയാത്തിനെ വീഴ്ത്തിയത് (ഹാർട്ട് അറ്റാക്ക് ആകാം, സ്ട്രോക്ക് ആകാം). നിന്റെ കയ്യിലുള്ളത് വെറും കല്ലോ കവിണയോ ആകാം. പക്ഷേ നിന്റെ ആശ്രയം ദൈവത്തിലായിരിക്കണം.

ദൈവത്തിൽ അഗാധമായ വിശ്വാസമുള്ളവർ 'പ്രായോഗിക നിർദ്ദേശങ്ങൾ'ക്ക് അത്ര വില നൽകാറില്ല. അവർ പ്രാക്ടിക്കലായി ചിന്തിക്കുകയില്ല, കാരണം അവർക്കുവേണ്ടി പോരാടുന്നത് ദൈവമാണെന്ന് അവരറിയുന്നു. അങ്ങനെ പ്രാക്ടിക്കലായി ചിന്തിക്കാതെ ദൈവികമായി ചിന്തിച്ച വ്യക്തിയായിരുന്നു ധന്യൻ മാർ ഈവാനിയോസ്. എന്തുകണ്ടിട്ടാണ് കടുവയും പുലിയും പന്നിയുമുള്ള മുണ്ടൻമല കയറിയതെന്നോ, എന്തുകണ്ടിട്ടാണ് മുണ്ടൻമല ഇറങ്ങിയതെന്നോ പ്രായോഗികമായി ചിന്തിച്ചാൽ ഉത്തരമില്ല. മണ്ടൻതീരുമാനങ്ങളെന്ന് ചില കേമന്മാർ പറയും. "അടയാളമന്വേഷിക്കുന്ന യഹൂദരുടെയും വിജ്ഞാനമന്വേഷിക്കുന്ന ഗ്രീക്കുകാരുടെയും ഗണത്തിൽ ഈ കേമന്മാർ ഉൾപ്പെടും" (1 കൊറി. 1). ശക്തമായവയെ ലജ്ജിപ്പിക്കുവാനും നിലവിലുള്ളവയെ നശിപ്പിക്കുവാനും അശക്തരെയും അവഗണിക്കപ്പെട്ടവരെയും ഇല്ലായ്മയെയും ദൈവം തെരഞ്ഞെടുക്കുന്നുവെന്ന് പൗലോസ് ശ്ലീഹാ ശക്തമായി പറയുന്നു.

ദൈവം വിളിച്ച മോശ, ദൈവം തിരഞ്ഞെടുത്ത ദാവീദ്, ഇവരുടെയെല്ലാം ശക്തിയും ബുദ്ധിയും ദൈവമായിരുന്നു. ആ ദൈവത്തെ സമ്പാദിച്ച ധന്യനായിരുന്നു മാർ ഈവാനിയോസ് തിരുമേനി. ഒന്നിനെക്കുറിച്ചും ആകുലതയില്ലാതെ പരിഭ്രമമില്ലാതെ അദ്ദേഹം മുന്നേറി. കാരണം അദ്ദേഹത്തെ വഴി നടത്തുന്നത് ദൈവമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ഈ ദൈവസമ്പാദനമാണ് ബഥനിയുടേയും മലങ്കര സഭയുടേയും അടിസ്ഥാനം. ഈ ധന്യന്റെ ഓർമ്മ നമ്മുടെ ദൈവസമ്പാദനം ശക്തിപ്പെടുത്തുവാനായി നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന ഏവർക്കും പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു. മോശയെ ശക്തിപ്പെടുത്തി ദൈവം നിങ്ങളെ ബലപ്പെടുത്തട്ടെ. വെല്ലുവിളി നിറഞ്ഞ ലോകത്തിൽ ക്രിസ്താനുകരണ വഴിയിൽ കുരിശിന്റെ തണലിൽ മുന്നേറുവാൻ പ്രാർത്ഥിക്കാം.

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

www.malankaralibrary.com

# സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട പുണ്യാത്മാവ്

**ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

"സ്വർഗ്ഗത്തിൽ നിങ്ങളുടെ പേരുകൾ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുവിൻ" (ലൂക്കാ 10:20).

മലങ്കര സുറിയാനി കത്തോലിക്കാ സഭയും, ബഥനി സമൂഹവും ഇന്ന് ഏറെ അഭിമാനിക്കുന്നു; സന്തോഷിക്കുന്നു. സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട ഒരു പുണ്യവാന്റെ ഓർമ്മ പെരുന്നാളാണ് ജൂലൈ 15-ന് നമ്മൾ ആഘോഷിക്കുന്നത്. ജൂലൈ 15-ൽ മാത്രം ഒതുങ്ങി നിന്നതായ പുണ്യപിതാവിന്റെ ഓർമ്മ തിരുന്നാളിന്റെ ആചരണവും, ആഘോഷവുമെല്ലാം ഇന്ന് കാലചക്രം മുഴുവൻ നിറഞ്ഞ് നില്ക്കുന്ന ഒരു ആഘോഷമായി മാറിയിരിക്കുകയാണ്. കേരളത്തിൽ മാത്രമല്ല, ഇന്ന് മലങ്കര സുറിയാനി മക്കളുടെ സാന്നിദ്ധ്യം എവിടെയെല്ലാം ഉണ്ടോ, അവിടെയെല്ലാം ഈ പുണ്യപിതാവിന്റെ അപദാനങ്ങളെ ഓർത്തുകൊണ്ട്, ആത്മീയമായ ഒരുക്കം നടത്തി ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നത് സഭാമക്കളായ നമ്മൾ ആവേശത്തോടെയും അഭിമാനത്തോടെയുമാണ് കാണുന്നത്. എന്തുകൊണ്ടാണ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ നാൾക്കുനാൾ വിശ്വാസി സമൂഹം ഇത്ര തീക്ഷ്ണായി നടത്തുവാൻ കാരണമെന്ന ചോദ്യത്തിനുള്ള ഉത്തരം, പുണ്യപിതാവിനെ സഭാമക്കൾ തങ്ങളുടെ ഹൃദയങ്ങളിലേക്ക് ഏറ്റെടുത്തു എന്നുള്ളതുകൊണ്ടാണ്. ഈ നാളുകളിൽ പുണ്യപിതാവിന്റെ കബറിങ്കലേക്ക് പ്രാർത്ഥനാപൂർവ്വം ഓടിയണയുന്നവരുടെ എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധന മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വിശുദ്ധിയുടെ പരിമളം കൂടുതൽ പേരിലേക്ക് അനുഭവമായി തീരുന്നതുകൊണ്ടാണ്. പുണ്യപിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന 'ഭാഗ്യങ്ങളുടെ കലവറ'യിൽ ഇടമുറിയാതെ വിശ്വാസി സമൂഹം ഓടിയണയുകയാണ്. മാർ ഈവാനിയോസ് പിതാവിനെ സഭ ദൈവദാസനെന്നും, ധന്യനെന്നും വിളിക്കുന്നത് ഈ നാമം സ്വർഗ്ഗത്തിൽ എഴുതി ചേർക്കപ്പെട്ട പേരായതുകൊണ്ടാണ്.

മാർ ഈവാനിയോസ് പിതാവിന്റെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെടുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം പുണ്യപിതാവ് തന്റെ നിക്ഷേപങ്ങൾ സ്വർഗ്ഗത്തിൽ കരുതിവച്ചതു കൊണ്ടാണ്. പേരിന്റെയും പെരുമയുടെയും അധികാരത്തിന്റെയുമൊക്കെ ശീതളഛായയിൽ മതിമറന്ന് ജീവിക്കുവാൻ അവസരം ഉണ്ടായിരുന്നിട്ടും, എല്ലാം ഉപേക്ഷിച്ച് സർവ്വസംഗ പരിത്യാഗിയായി തീരുവാനുള്ള ഉൾവിളി മാർ ഈവാനിയോസ് പിതാവ് തന്റെ ദൈവവിളിയായി സ്വീകരിച്ചു. തുടർന്ന് കാഷായവസ്ത്രധാരിയായി ഒരു ഭിക്ഷാംദേഹിയായി, പെരുന്നാട് മുണ്ടൻമലയുടെ വനാന്തരങ്ങളിൽ ഒരുക്കിയ പർണ്ണശാലയിൽ, ദൈവിക സംസർഗ്ഗത്തിൽ ആയിരുന്ന് ദൈവസമ്പാദനം സ്വന്തമാക്കിയതുകൊണ്ടാണ് പുണ്യപിതാവിന് വിശുദ്ധിയുടെ പടവുകളിലേക്ക് പ്രവേശിക്കുവാൻ സാധിച്ചത്. ദൈവസമ്പാദനത്തിന്റെ നിറവിൽ നിൽക്കുന്ന മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "എന്റെ ഹൃദയം വേറെ ആർക്കും ഞാൻ കൊടുക്കുകയില്ല. എന്റെ ഹൃദയം നിന്റെ തിരുഹൃദയത്തിൽ ഞാൻ ഒളിപ്പിച്ച് വയ്ക്കും. എന്റെ ബുദ്ധിയെയും, മനസ്സിനെയും അങ്ങേ ബുദ്ധിയിലും മനസ്സിലും ഞാൻ ലയിപ്പിക്കും. അവിടുന്ന് എന്നിൽ പാർത്താൽ മതി; ജീവിച്ചാൽ മതി." യേശുവിന്റെ തിരുഹൃദയത്തോട് എപ്പോഴും ചേർന്നു നിൽക്കുവാൻ ആഗ്രഹിച്ച മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളാണിവ.

www.malankaralibrary.com

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ നിമിഷങ്ങളാണ് മുണ്ടൻമലയിൽ നമ്മൾ കാണുന്നത്. മലങ്കര-യാക്കോബായ-ഓർത്തഡോക്സ് സഭകളിലെ വഴക്കുകളിൽനിന്നും അധികാര വടംവലികളിൽനിന്നുമെല്ലാം ഒഴിഞ്ഞുമാറി, മനസ്സിനെ ദൈവത്തിൽ ഉറപ്പിച്ച് സർവ്വസംഗ പരിത്യാഗിയായി തീർന്ന പുണ്യപിതാവ്, മുണ്ടൻമല വിട്ടിറങ്ങുവാനുള്ള പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്കു മുമ്പിൽ "ദൈവം നോക്കിക്കൊള്ളും" എന്നുമാത്രം വിശ്വസിച്ച് ഇറങ്ങി പോരുകയായിരുന്നു. ഇപ്രകാരമുള്ള ഒരു വിശുദ്ധനെക്കുറിച്ച് മുണ്ടൻമല വിട്ടിറങ്ങിയപ്പോൾ "സ്ഥാവരജംഗമവസ്തുക്കൾ മുഴുവൻ കൂടെ കൊണ്ടുപോന്നു എന്ന് പറയുവാൻ" കുത്സിതബുദ്ധികൾക്കു മാത്രമേ സാധിക്കുകയുള്ളൂ. അവകാശ വാദങ്ങൾ ഉന്നയിക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ ചരിത്രം മറ്റൊന്നാകുമായിരുന്നു. മാത്രമല്ല, നൂറുവർഷം പിന്നിട്ടിട്ടും യാതൊരു മാറ്റവുമില്ലാതെ കക്ഷിവഴക്കുകളിൽ തമ്മിലടിച്ച് കലഹിക്കുന്ന സഭകളുടെ നേതൃത്വത്തിലായിരിക്കുന്ന ആത്മീയ പിതാക്കന്മാർ, ഒരു ദീർഘദർശനംപോലെ ധന്യൻ മാർ ഈവാനിയോസ് പിതാവ് ഒരു ശതാബ്ദക്കാലത്തിനപ്പുറം മുന്നോട്ടുവെച്ച 'സാർവ്വത്രിക പുനരൈക്യം' എന്ന സ്വർഗ്ഗത്തിന്റെ പദ്ധതിയോട് ചേർന്നു നിന്നിരുന്നെങ്കിൽ എന്ന് ഈ സഭകളുടെ അവസ്ഥ കണ്ട് ഇന്ന് നമ്മൾ ആശിക്കുകയാണ്.

റാന്നി-പെരുന്നാട് മുണ്ടൻമലയിൽ സ്ഥാപിതമായ ബഥനിക്ക് ഒരു സ്ഥാപകൻ മാത്രമേയുള്ളൂ. അത് ബഥനിയുടെ മാർ ഈവാനിയോസ് പിതാവാണ്. ബഥനിയുടെ ഈ സ്ഥാപക പിതാവിനെപ്പറ്റിയാണ് അതായത് പെരുന്നാട് മുണ്ടൻമലയിലെ ആശ്രമത്തിന്റെയും ആശ്രമവുമായി ബന്ധപ്പെട്ട എല്ലാറ്റിന്റെയും ഉടമസ്ഥാവകാശം ആരിലാണോ നിക്ഷിപ്തമായിരുന്നത് ആ പുണ്യപിതാവിനെപ്പറ്റിയാണ് ആക്ഷേപം പറയുന്നതെന്ന് ഇപ്രകാരം ആക്ഷേപം ഉന്നയിക്കുന്നവർക്ക് അറിയില്ലായെന്നുള്ളത് ചരിത്രത്തെക്കുറിച്ചുള്ള അജ്ഞതയായി മാത്രമേ വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. 'ആരൊക്കെയോ പിന്നിൽനിന്ന് കുത്തി' എന്ന് മാർ ഈവാനിയോസ് പിതാവിനെപ്പറ്റി പറയുന്നത് കേൾക്കുമ്പോൾ അക്ഷരജ്ഞാനത്തിന്റെ കുറവായോ, തരംതാണ രാഷ്ട്രീയ പ്രസ്താവനയായോ മാത്രം ഇതിനെ കണ്ടാൽ മതി. മാർ ഈവാനിയോസ് പിതാവ് കണ്ടെത്തിയ സത്യങ്ങളും സ്വായത്തമാക്കിയ ദൈവസമ്പാദനവും സുവിശേഷത്തിന്റെ മറുരൂപമായി മറ്റുള്ളവരിലേക്ക് ഇറങ്ങി ചെല്ലുവാൻ പിതാവിനെ സഹായിച്ചു. തന്റെ മേൽ ആക്ഷേപം ചൊരിഞ്ഞവരോടും, പരിഹസിച്ചവരോടും എല്ലാം ഹൃദയപൂർവ്വം ക്ഷമിക്കുക മാത്രമല്ല, വെറുപ്പിന്റെയോ വിദ്വേഷത്തിന്റെയോ ഒരു വാക്കുപോലും പിതാവിന്റെ അധരങ്ങളിൽനിന്ന് തന്റെ മരണത്തിന്റെ വിനാഴിക വരെ വന്നില്ലായെന്നുള്ളത് പുണ്യ പിതാവിന്റെ ഹൃദയവിശാലതയുടെ അടയാളമാണ്. ഈ കാലഘട്ടത്തിലും സമൂഹത്തിൽ വർഗ്ഗീയതയുടെ വിദ്വേഷം കുത്തിവെച്ച് വ്യക്തികളെ തേജോവധം ചെയ്യുന്നവരും അസത്യം പ്രചരിപ്പിക്കുന്നവരും സത്യാനന്തര കാലത്തിന്റെ വക്താക്കളായും, ആത്മീയതയുടെ മൂടുപടം അണിഞ്ഞവരായും മാത്രമേ ചരിത്രത്തിൽ വിലയിരുത്തപ്പെടുകയുള്ളൂ.

സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട ധന്യൻ മാർ ഈവാനിയോസ് പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന് തുടർന്നും നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സന്ന്യാസ സമർപ്പണ പാതയിൽ സമൂഹസ്ഥാപകൻ ധന്യൻ മാർ ഈവാനിയോസ് പിതാവ് ദൈവസമ്പാദനത്തിനായി കാട്ടിതന്ന വഴികൾ നമുക്ക് മാർഗ്ഗദീപമാകട്ടെ.

**വ്രതവാഗ്ദാന ജൂബിലിയും മിശിഹാനുകരണവും**

മിശിഹാനുകരണത്തിന്റെ ആഴങ്ങളിലേക്കുള്ള ക്ഷണമാണ് ഓരോ ജൂബിലിയും നമുക്ക് നൽകുന്നത്. സന്ന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന സമൂഹാംഗങ്ങൾക്ക് തങ്ങളുടെ കഴിഞ്ഞകാല ജീവിതത്തെ തമ്പുരാന്റെ

www.malankaralibrary.com

വിളിയോട് ചേർത്തുവെച്ചുകൊണ്ട് മിശിഹാനുകരണ സന്ന്യാസിസമൂഹത്തിൽ എപ്രകാരം ജീവിക്കുവാൻ സാധിച്ചുവെന്നുള്ളതിന്റെ വിലയിരുത്തലിനുള്ള അവസരം കൂടിയാണ് ജൂബിലി നൽകുന്നത്. ബഥനി സമൂഹം സന്ന്യാസവ്രതവാഗ്ദാനത്തിന്റെ ജൂബിലി ആഘോഷിക്കുവാൻ തീരുമാനമെടുത്തത് സന്ന്യാസത്തിനു നൽകുന്ന പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. ഓരോ സന്ന്യാസവ്രതവാഗ്ദാന ശുശ്രൂഷയിലും അർത്ഥികൾക്കു നൽകുന്ന മനോഹരമായ സുവിശേഷോപദേശങ്ങളിലൊന്നാണ് "ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ കരുതിവെയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപം കരുതിവെയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" (മത്തായി 6:19-21) എന്നുള്ളത്. ഓരോ സന്ന്യാസിയും വിളിക്കപ്പെട്ടിരിക്കുന്നത് സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതിവെയ്ക്കുവാൻ വേണ്ടിയാണ്. ധന്യൻ മാർ ഈവാനിയോസ് പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നതുപോലെ "ഈ ഭൂമിയിൽ ഒരു കാശ് സ്വന്തമായുള്ള സന്ന്യാസി ഒരു കാശിന് വിലയുള്ളവനല്ല." സ്വർഗ്ഗത്തിലായിരിക്കണം ഒരു സന്ന്യാസിയുടെ നിക്ഷേപമെന്ന് മാർ ഈവാനിയോസ് പിതാവും നമ്മെ ഓർമ്മപ്പെടുത്തുന്നു. ആയതിനാൽ സന്ന്യാസത്തിന്റെ ആഴങ്ങളിലേക്കുള്ള പക്വതപ്പെടലാണ് ഓരോ ജൂബിലിയാഘോഷത്തോടും ചേർന്ന് നടക്കേണ്ടത്.

വിവിധ ആശ്രമങ്ങളിൽ അംഗമായിരുന്നുകൊണ്ട് ധാരാളം ഇടവകകളിൽ അജപാലന ശുശ്രൂഷ നിർവ്വഹിക്കുകയും തന്റെ സ്വരമാധുര്യത്താൽ ആരാധനകളെ ഇമ്പകരമാക്കുകയും ഇപ്പോൾ രോഗാവസ്ഥയിലായിരിക്കുമ്പോഴും സന്തോഷത്തോടെ തന്റെ സന്ന്യാസ സമർപ്പണ ജീവിതത്തെ കരുതുകയും ചെയ്യുന്ന **ബഹു. ചാക്കോ ഫിലിപ്പ് നരിയോലിമുരുപ്പേൽ ഒ.ഐ.സി അച്ചനും**, അവധാനതയോടെയും സന്ന്യാസജീവിതത്തിന്റെ നിഷ്ഠകളിലൂടെയും പക്വമായി കാര്യങ്ങളെ സമീപിക്കുകയും അതോടൊപ്പം സന്ന്യാസ വൈദിക പരിശീലന രംഗത്തുള്ള തന്റെ ഔത്സുക്യമാർന്ന ശുശ്രൂഷയിലൂടെ അനേകം സന്ന്യാസവൈദികാർത്ഥികൾക്ക് മാർഗ്ഗദർശിയുമായിരുന്ന **ബഹു. ജോൺ വട്ടപ്പറമ്പിൽ ഒ.ഐ.സി അച്ചനും**, കഷ്ടപ്പാടുകളുടെയും പ്രയാസങ്ങളുടെയും നടുവിൽ മിഷൻ രംഗത്ത് തീക്ഷ്ണതയോടെ പ്രവർത്തിക്കുകയും വചന പ്രഘോഷണത്തിലും ധ്യാനശുശ്രൂഷാ വേദിയിലും ബഥനിയുടെ സാന്നിദ്ധ്യമായും സാക്ഷ്യമായും തന്റെ ശുശ്രൂഷകളെ നിർവ്വഹിക്കുന്ന **ബഹു. പീറ്റർ ജോൺ വാലായിൽ ഒ.ഐ.സി അച്ചനും** സന്ന്യാസ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയുടെ പ്രാർത്ഥനാഭാവുകങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

പൗരോഹിത്യ സ്വീകരണത്തെ തുടർന്ന് വളരെ ചുരുങ്ങിയ സമയം മാത്രം ജനിച്ചു വളർന്ന നാട്ടിൽ ശുശ്രൂഷ ചെയ്തതിനുശേഷം യൂറോപ്യൻ ഭൂഖണ്ഡത്തിൽ ജർമ്മനിയിൽ ഇടവകകളോടു ചേർന്ന് അജപാലന ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ട് യൗവ്വനത്തിന്റെ പ്രസരിപ്പിൽ ബഥനിയുടെ നിറഞ്ഞ സാന്നിദ്ധ്യമായി ശുശ്രൂഷ നടത്തുന്ന **ബഹു. ജിത്ത് ജോൺ പള്ളിവാതുക്കൽ ഒ.ഐ.സി അച്ചനെയും**, കേരളത്തിനു പുറത്ത് ഡൽഹിയിലും ഹൈദരാബാദിലും തന്റെ ഇടവക ശുശ്രൂഷാ നിയോഗം ഏറ്റെടുക്കുകയും എല്ലാവരുമായും വ്യക്തിബന്ധങ്ങൾ കാത്തു സൂക്ഷിക്കുകയും ഇപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷ സംഘത്തിന്റെ പ്രവർത്തനത്തിൽ സജീവ സാന്നിദ്ധ്യമായി തന്റെ ശുശ്രൂഷകളെ നിർവ്വഹിക്കുന്ന **ബഹു. ബെനഡിക്ട് മൂഴിക്കരയിൽ ഒ.ഐ.സി. അച്ചനെയും**, സന്ന്യാസ വൈദിക പരിശീലന രംഗത്തും വിദ്യാഭ്യാസ രംഗത്തും ഇടവക ശുശ്രൂഷയിലും സജീവമായിരിക്കുകയും അതോടൊപ്പം ബഥനി സമൂഹം ഉന്നതപഠനത്തിനായി നിയോഗിച്ചപ്പോൾ സമൂഹം തന്നിലർപ്പിച്ച വിശ്വാസത്തോട് ആത്മാർത്ഥത പുലർത്തി ബാംഗ്ലൂരിലും ഇപ്പോൾ റോമിലുമായി

www.malankaralibrary.com

കാനൻ നിയമത്തിൽ തന്റെ പഠനം പൂർത്തിയാക്കുന്ന **ബഹു. ഷിജു കെ. ലെവി കരുമരം പുതുവൽ ഒ.ഐ.സി അച്ചനെയും,** വെല്ലുവിളികളുടെ നടുവിലും ഏൽപ്പിക്കപ്പെട്ട നിയോഗങ്ങളിൽ ശാന്തത കൈവിടാതെയും ആത്മാർത്ഥത കൈമുതലാക്കിയും പ്രത്യേകിച്ച് ഇടവക ശുശ്രൂഷയിലും അതോടൊപ്പം വിവിധാശ്രമങ്ങളുടെ പ്രൊക്യുറേറ്ററെന്ന നിലയിലും ഇപ്പോൾ ബഥനി സന്ന്യാസി സമൂഹത്തിന്റെ പ്രൊക്യുറേറ്റർ ജനറലായും ശുശ്രൂഷ നിർവ്വഹിക്കുന്ന **ബഹു. ജോൺ തുണ്ടിയത്ത് ഒ.ഐ.സി അച്ചനെയും** സന്ന്യാസ വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലി പിന്നിടുന്ന ഈ വേളയിൽ പ്രാർത്ഥനാപൂർവ്വം ആശംസകൾ അറിയിക്കുന്നു.

ബഥനിയുടെ ബാഹ്യകേരള മിഷൻ പ്രദേശമായ കൊൽക്കത്തയിൽ നിന്നും ദൈവവിളി സ്വീകരിക്കുകയും തന്റെ സന്ന്യാസ പൗരോഹിത്യ വിളിയിൽ അഭിമാന ബോധത്തോടെയും എല്ലാ കാര്യങ്ങളെയും അതർഹിക്കുന്ന വിധത്തിലും നോക്കി കാണുന്നതിനും പ്രാവർത്തികമാക്കുന്നതിനും അതുപോലെ ആവശ്യക്കാരിലേക്ക് അവശ്യസമയത്ത് ഇറങ്ങിച്ചെല്ലുകയും വിദ്യാഭ്യാസമേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്യുന്ന **ബഹു. തോമസ് ജോർജ്ജ് കൊച്ചുവടക്കേൽ ഒ.ഐ.സി. അച്ചനെയും**, താൻ അംഗമായി രിക്കുന്ന ആശ്രമങ്ങളിൽ സന്ന്യാസത്തിന്റെ ഈ കാലഘട്ടത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളിലൊന്നായ കഠിനാദ്ധ്വാനത്തിലൂടെ കൃഷിയിടങ്ങളെ ഫലഭൂയിഷ്ഠമാക്കുകയും ലാളിത്യത്തോടെ സന്ന്യാസസാക്ഷ്യം നൽകുകയും ചെയ്യുന്ന **ബഹു. ബിനോയ് ജോർജ്ജ് തേരടിയിൽ ഒ.ഐ.സി. അച്ചനെയും**, സമൂഹം ഏൽപ്പിക്കുന്ന ഏതു കാര്യവും കൃത്യതയോ ടെയും ഏതുസമയത്തും ചെയ്യുന്നതിനും, തന്റെ കർത്തവ്യനിർവഹണത്തിൽ മാധ്യമലോകത്തെ നൂതനസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും എല്ലാവരുമായും വ്യക്തിപരമായ സൗഹൃദം പങ്കുവയ്ക്കുകയും കൂട്ടായ്മകളെ സജീവമാക്കുകയും ഇപ്പോൾ ബഥനി സന്ന്യാസി സമൂഹ ത്തിന്റെ സെക്രട്ടറി ജനറലായി ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുന്ന **ബഹു. സാമുവേൽ ജോബിൻ കൊച്ചുകളീക്കൽ ഒ.ഐ.സി. അച്ചനെയും**, ഒരു നിശബ്ദ സാന്നിദ്ധ്യമായി തോന്നുമ്പോഴും ഏൽപ്പിക്കുന്ന നിയോഗങ്ങളെ ഏറ്റം ഭംഗിയായി പൂർത്തിയാക്കുന്നതിനുള്ള പരിശ്രമം നടത്തുന്ന, ഇപ്പോൾ ജർമ്മനിയിൽ സ്ഥാപിതമായ ബഥനി ആശ്രമത്തിൽ അംഗമായിരുന്നുകൊണ്ട് ചുരുങ്ങിയ സമയംകൊണ്ട് ജർമ്മൻ ഭാഷ സ്വായത്തമാക്കി ഇടവക ശുശ്രൂഷയിൽ മുന്നേറുന്ന **ബഹു. ബ്ലസൻ ജോർജ്ജ് ഇടനാട്ടുകിഴക്കേതിൽ ഒ.ഐ.സി. അച്ചനെയും**, ആഴമായ ചിന്തകൾകൊണ്ടും തന്റെ സ്വതസിദ്ധമായ ചിത്രകലാവൈഭവംകൊണ്ടും സന്ന്യാസത്തിന്റെ മനോഹാരിതയെ മറ്റുള്ളവരിലേക്ക് പകർന്നു നൽകുകയും ഇപ്പോൾ ഓസ്ട്രിയയിൽ ഉപരിപഠനവും അതോടൊപ്പം മലങ്കര സുറിയാനി കത്തോലിക്കാ സഭാ വിശ്വാസികളുടെ അജപാലന ശുശ്രൂഷയും നിർവ്വഹിക്കുന്ന **ബഹു. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി. അച്ചനെയും**, വിനയംകൊണ്ടും ഹൃദ്യമായ ഇടപെടലുകളിലൂടെയും തന്നെ ഏൽപ്പിക്കുന്ന നിയോഗങ്ങളിൽ പ്രത്യേകിച്ച്, അച്ചൻ ആയിരുന്ന ഇടവക ശുശ്രൂഷയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എന്നും ഓർക്കപ്പെടുന്ന സാന്നിദ്ധ്യമായും ഇപ്പോൾ അമേരിക്കൻ ഐക്യനാടുകളിൽ അഭിമാനപുരസ്സരം ഇടവക ശുശ്രൂഷയിൽ വ്യാപൃതനായിരിക്കുന്ന **ബഹു. എബ്രഹാം അയ്യാന്തിയിൽ ഒ.ഐ.സി. അച്ചനെയും** സന്ന്യാസ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വേളയിൽ ബഥനിയുടെ ആശംസകൾ നേരുന്നതോടൊപ്പം ജൂബിലേറിയൻസിന്റെ മുന്നോട്ടുള്ള പ്രയാണം ബഥനിക്കും സഭയ്ക്കും കൂടുതൽ അനുഗ്രഹത്തിന് കാരണമായിത്തീരട്ടെ എന്നും പ്രാർത്ഥിക്കുന്നു. ●

www.malankaralibrary.com

# മണവാളനോടൊത്തുള്ള ജൂബിലി

**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി**
ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ

"എന്റെ ഓമനേ, എന്റെ സുന്ദരീ, എഴുന്നേൽക്കുക; ഇറങ്ങി വരിക; ഇതാ, ശിശിരം പോയ് മറഞ്ഞു. മഴ മാറിക്കഴിഞ്ഞു. ഭൂമിയിൽ പുഷ്പങ്ങൾ വിരിഞ്ഞു തുടങ്ങി; ഗാനാലാപനത്തിന്റെ സമയമായി; അരിപ്രാവുകൾ കുറുകുന്നത് നമ്മുടെ നാട്ടിൽ കേട്ടുതുടങ്ങി; അത്തിമരം കായ്ച്ചു തുടങ്ങി. മുന്തിരിവള്ളികൾ പൂത്തുലഞ്ഞ് സുഗന്ധം പരത്തുന്നു. എന്റെ ഓമനേ, എന്റെ സുന്ദരീ, എഴുന്നേൽക്കുക; ഇറങ്ങി വരിക. എന്റെ മാടപ്രാവേ, പാറയിടുക്കുകളിലും ചെങ്കുത്തായ മലയോരത്തിലെ പൊത്തുകളിലും ജീവിക്കുന്ന നിന്റെ മുഖം ഞാനൊന്നു കാണട്ടെ. ഞാൻ നിന്റെ സ്വരമൊന്നു കേൾക്കട്ടെ. നിന്റെ സ്വരം മധുരമാണ്; നിന്റെ മുഖം മനോഹരമാണ്" (ഉത്തമഗീതം 2:11-14).

സന്ന്യാസ സമർപ്പണത്തിന്റെ സുവർണ്ണ - രജത ജൂബിലികൾ ഒരു പ്രണയ പൂക്കാലത്തിന്റെ പുണ്യസ്മൃതിയാണ്. ശിശിരം പോയ്മറഞ്ഞ് അത്തിമരം കായ്ക്കുകയും, മുന്തിരിവള്ളികൾ പൂത്തുലഞ്ഞ് സുഗന്ധം പരത്തുകയും ചെയ്യുന്ന പ്രണയത്തിന്റെ വസന്തകാലമാണ് ഓരോ സന്ന്യാസപ്രതിഷ്ഠയും. രക്തപുഷ്പംകൊണ്ട് മനുഷ്യനെ പ്രണയിച്ച മണവാളനെ എണ്ണവറ്റാത്ത വിളക്കുകളേന്തി എതിരേറ്റ് ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന അലൗകികമായ ആനന്ദത്തിന്റെ ആത്മപ്രതിഷ്ഠയാണത്. പാറയിടുക്കുകളിലും മലയോരത്തെ പൊത്തുകളിലും പതുങ്ങിയിരുന്ന എന്നെ പ്രണയിച്ച് എനിക്ക് പുതുജീവൻ തന്നത് എന്റെ പ്രാണനാഥനാണ്. എന്റെ സ്വരം മധുരമാണെന്നും എന്റെ മുഖം മനോഹരമാണെന്നും പറഞ്ഞത് അവനാണ്.

ഇതാ ആ പ്രണയവസന്തം ഇരുപത്തിയഞ്ചും അൻപതും വർഷങ്ങൾ പിന്നിട്ട് ബഥനിയെന്ന ആരാമത്തിന് പൂക്കാലം സമ്മാനിക്കുന്നു.

"യേശു പറഞ്ഞു: മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാൻ സാധിക്കുമോ? മണവാളൻ കൂടെയുള്ളിടത്തോളംകാലം അവർക്ക് ഉപവസിക്കാനാവില്ല" (മർക്കോസ് 2:19).

മണവാളനോടൊത്തുള്ള ജീവന്റെ സമൃദ്ധി, അതേ, സന്ന്യാസ സമർപ്പണ ജീവിതത്തിന്റെ സമൃദ്ധി, നമുക്ക് ആഘോഷമാക്കാം. ഈ സമൃദ്ധിയുടെ ജൂബിലി നിറവിലായിരിക്കുന്ന എല്ലാ സന്ന്യാസ സഹോദരങ്ങളുടെയും സന്ന്യാസ സമർപ്പണത്തിന്റെ സൗന്ദര്യം ബഥനിക്ക് പ്രണയത്തിന്റെ പൂക്കാലം സമ്മാനിക്കട്ടെ! ജീവിതം പ്രാണനാഥനോടൊത്തുള്ള വസന്തകാലത്തിന്റെ ഉത്തമഗീതമായി അലയടിക്കട്ടെ! മുന്തിരിവള്ളികൾ പൂത്തുലഞ്ഞ് സുഗന്ധം പരത്തുന്നു - സന്ന്യാസ സമർപ്പണ ജൂബിലിയുടെ സുഗന്ധം!

●

www.malankaralibrary.com

# സന്ന്യാസ സമർപ്പണ വഴികളിൽ

**ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി**
ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ

“നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്. അവിടുന്ന് അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യും.” (1തെസ്സ 5:24).

സന്ന്യാസജീവിതത്തിലെ ജൂബിലി ആഘോഷം വർഷങ്ങളുടെ കണക്കെടുപ്പല്ല, മറിച്ച് ദൈവത്തിന്റെ കരുണയും വിശ്വസ്തതയും ആഘോഷിക്കുന്ന ആത്മീയ അവസരമാണ്. പഴയ നിയമത്തിലെ “ജൂബിലി” (ലേവ്യർ25), ആഘോഷത്തിന്റെയും പുനർസമർപ്പണത്തിന്റെയും മോചനത്തിന്റെയും നന്ദിയുടെയും വർഷമായിരുന്നുവെങ്കിൽ, സന്ന്യാസജീവിതത്തിലെ ജൂബിലി, ദൈവവിളിയുടെ മഹത്വത്തിന്റെയും മനുഷ്യന്റെ സമർപ്പണത്തിന്റെയും ആഘോഷമാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ സന്ന്യാസജീവിതത്തെപ്പറ്റി ഇപ്രകാരം പറയുന്നു: “സന്ന്യാസജീവിതം സഭയുടെ ജീവിതത്തിന്റെ അന്തസ്സിലും ഹൃദയത്തിലും നിലകൊള്ളുന്നു. ഇത് സഭയുടെ വിശുദ്ധിയുടെയും ദൗത്യത്തിന്റെയും തെളിമയായ അടയാളമാണ്” (LG 44).

സന്ന്യാസ ജീവിതം ഒരു മനുഷ്യന്റെ സ്വന്തം തിരഞ്ഞെടുപ്പ് എന്നതിനേക്കാൾ ഉപരി ദൈവവിളി കൂടിയാണ്. ക്രിസ്തുവിനോടുള്ള സമർപ്പണവും സഭയ്ക്കും ലോകത്തിനുമുള്ള സേവനവും ചേർന്നതാണ് സന്ന്യാസജീവിതം. അതുകൊണ്ട്, സന്ന്യാസസമർപ്പണത്തിന്റെ ജൂബിലി ഒരു സാധാരണ വാർഷികം മാത്രമല്ല. അത് ദൈവവിളിയോടുള്ള മനുഷ്യന്റെ മറുപടിയുടെ ചരിത്രം ആഘോഷിക്കുന്ന മുഹൂർത്തം കൂടിയാണ്. അത് വർഷങ്ങളുടെ കൂട്ടിച്ചേർക്കൽ അല്ല, മറിച്ച് അനുദിനം നവീകരിക്കപ്പെടുന്ന സമർപ്പണത്തിന്റെ സാക്ഷ്യമാണ്. അതുകൊണ്ടുതന്നെ, സുവർണ്ണ ജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന നമ്മുടെ പ്രിയപ്പെട്ട അച്ചന്മാരുടെ ജീവിതം, ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തിന്റെ ജീവിച്ചിരിക്കുന്ന ചരിത്രം തന്നെയാണ്.

**സുവർണ്ണജൂബിലി (1976-2026)**

റവ. ഫാ. ചാക്കോ ഫിലിപ്പ് നരിയോലിമുരുപ്പേൽ ഒ.ഐ.സി.

റവ. ഫാ. ജോൺ വട്ടപ്പറമ്പിൽ ഒ.ഐ.സി.

റവ. ഫാ. പീറ്റർ ജോൺ വാലയിൽ ഒ.ഐ.സി.

1976 ജനുവരി 8-ന് ബഥനി ആശ്രമത്തിൽ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങളിലൂടെ ഇവർ യേശുവിന് തങ്ങളെ സമർപ്പിച്ചു.

അരനൂറ്റാണ്ട് പിന്നിടുന്ന അവരുടെ സന്ന്യാസ ജീവിതം ദൈവം വിശ്വസ്തനാണ്, സന്യാസജീവിതം കരുണയുടെ വഴിയാണ്, സഭയ്ക്കും സമൂഹത്തിനും വേണ്ടി ജീവിക്കുക തന്നെയാണ് യഥാർത്ഥ ക്രിസ്തീയ സമർപ്പണം എന്ന് നമ്മെ പഠിപ്പിക്കുന്നു. ബഥനി ആശ്രമത്തിന്റെ ആത്മീയ പാരമ്പര്യത്തോടും, സ്ഥാപക പിതാവായ മാർ ഇവാനിയോസിന്റെ ദർശനത്തോടും, സഭയുടെ ദൗത്യത്തോടും ചേർന്ന് അവർ നടത്തിയ പ്രാർത്ഥനാപരവും

www.malankaralibrary.com

ആരാധനാപരവുമായ ജീവിതവും അവർ ചെയ്ത അപ്പസ്തോല-അജപാലനശുശ്രൂഷകളും സമൂഹജീവിതത്തിലെ വിശ്വസ്ത പങ്കാളിത്തവും ഒരു ആത്മീയ സുവിശേഷമായി മാറിയിരിക്കുന്നു. ഇവരുടെ സുവർണ ജൂബിലി ദൈവകൃപയിലാണ് സന്ന്യാസ ജീവിതത്തിന്റെ ശക്തി എന്ന് നമ്മെ പഠിപ്പിക്കുന്നു.

**രജതജൂബിലി (2000–2025)**

റവ. ഫാ. ജിത്ത് ജോൺ പള്ളിവാതുക്കൽ ഒ.ഐ.സി.

റവ. ഫാ. ബെനഡിക്ട് മൂഴിക്കര ഒ.ഐ.സി.

റവ. ഫാ. ഷിജു കെ. ലേവി കരുമരംപുതുവൽ ഒ.ഐ.സി.

റവ. ഫാ. ജോൺ തുണ്ടിയത്ത് ഒ.ഐ.സി.

2000 മെയ് 31-ന് ഇവർ “എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം, അങ്ങയുടെ നിയമം എന്റെ ഹൃദയത്തിലുണ്ട്” (സങ്കീ40 : 8) എന്ന ബോധ്യത്തോടെ അവരുടെ ആദ്യവ്രതങ്ങൾ ചെയ്തപ്പോൾ, സഭയ്ക്കും ബഥനി ആശ്രമത്തിനും പുതിയൊരു തലമുറയെ ലഭിച്ചു. കഴിഞ്ഞ 25 വർഷമായി സഭയുടെയും സമൂഹത്തിന്റെയും അജപാലന വിദ്യാഭ്യാസ സാമൂഹ്യയുവജനമേഖലകളിലുള്ള ഇവരുടെ ശുശ്രൂഷകൾ ബഥനിആശ്രമത്തിന്റെ ആത്മീയസമ്പത്ത് സമൃദ്ധമാക്കി. വീത്താകോൺസെക്രാത്തയിൽ പറയുന്നതുപോലെ “വിളിക്കപ്പെട്ടവർ, ക്രിസ്തുവിന്റെ പ്രകാശം ലോകത്തിൽ തെളിയിക്കുന്ന ജീവനുള്ള ദീപങ്ങളാണ്. അവരുടെ ജീവിതം സുവിശേഷത്തിന്റെ സൗന്ദര്യം മറ്റുള്ളവർക്ക് കാണിക്കുന്നു” (VC 1). ഈ രജതജൂബിലി, കഴിഞ്ഞ നാളുകളെക്കുറിച്ചുള്ള നന്ദിയും, ഭാവിയിലേക്കുള്ള സമർപ്പണവും ഒരുമിപ്പിക്കുന്ന ആത്മീയ ആഘോഷമാണ്.

**രജതജൂബിലി (2001–2026)**

റവ. ഫാ. തോമസ്ജോർജ് കൊച്ചുവടക്കേൽ ഒ.ഐ.സി.

റവ. ഫാ. ബിനോയ് ജോർജ് തെറടിയിൽ ഒ.ഐ.സി.

റവ. ഫാ. സാമുവൽ ജോബിൻ കൊച്ചുകളിക്കൽ ഒ.ഐ.സി.

റവ. ഫാ. ബ്ലെസ്സൻ ജോർജ് എടനാട്ട് ഒ.ഐ.സി.

റവ. ഫാ. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി.

റവ. ഫാ. അബ്രഹാം ഓഅയ്യന്തിയിൽ ഒ.ഐ.സി.

2001 ജൂൺ1-ന് ആരംഭിച്ച സമർപ്പിതജീവിതം ഇപ്പോൾ 25-ാം വാർഷികത്തിലേക്ക് കടക്കുന്നു. ജൂബിലിവർഷം ഇവർക്കു “ആദ്യസ്നേഹം വീണ്ടും തെളിക്കാനുള്ള ആത്മീയ അവസരമാണ്” (വെളി. 2:4). സമർപ്പിത ജീവിതത്തിൽ പുതുമ നിറയ്ക്കുന്നതിനും, സഭയ്ക്കും സമൂഹത്തിനും കൂടുതൽ ഫലപ്രദമായ ശുശ്രൂഷയ്ക്കും ജൂബിലിവർഷം ഇവർക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഭ പഠിപ്പിക്കുന്നത് പോലെ, സന്ന്യാസജീവിതം സഭയുടെ ചങ്കാണ്. ഭാഗ്യ സ്മരണാർഹനായ ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നത്, “വർഷങ്ങളുടെ എണ്ണമല്ല, പിന്നയോ

www.malankaralibrary.com

ഓരോ ദിവസവും ജീവിച്ച സ്നേഹമാണ് പ്രധാനപ്പെട്ടത്" എന്നാണ്. സന്ന്യാസജീവിതം വ്യക്തിപരമായ നേട്ടമല്ല, മറിച്ച് ദൈവകൃപയുടെ പ്രതിഫലനമാണ് എന്ന സന്ദേശമാണ് ഇവരുടെ ജീവിതം നമുക്ക് നല്കുന്നത്. നമ്മുടെ സ്ഥാപകനായ ധന്യൻ മാർ ഇവാനിയോസിന്റെ ദർശനമായ "ക്രിസ്തുവിനെ അനുകരിച്ച് ജീവിക്കുക, ദൈവത്തെ സമ്പാദിക്കുക" എന്ന സവിശേഷ ദൗത്യം ലോകത്തിനു മുന്നിൽ ഇവർ തെളിയിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

സന്ന്യാസജീവിതത്തെ സഭയുടെ നവീകരണത്തിന്റെ കേന്ദ്രം ആയി കണ്ട ധന്യൻ മാർ ഇവാനിയോസ് പഠിപ്പിച്ചതുപോലെ, ഇവർ ആശ്രമത്തെ ഒരു കുടുംബമായികണ്ട്, പരസ്പര സ്നേഹത്തിലും അനുസരണത്തിലും സമൂഹജീവിതം നയിച്ചു. ഈ അവസരത്തിൽ, ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട അച്ചന്മാരുടെ ജീവിതവും ശുശ്രൂഷയും സഭയ്ക്കും ലോകത്തിനും ഒരു അനുഗ്രഹമായതിൽ ബഥനി ആശ്രമം ഇവർക്കായി ദൈവത്തോടു നന്ദിപറയുന്നു. "സന്ന്യാസ ജീവിതം സഭയിൽ പ്രത്യാശയുടെ സാക്ഷ്യമാണ്. അത് ഭാവിയെ അഭിമുഖീകരിക്കുന്ന ഒരു പ്രവചനം തന്നെയാണ്." (VC 27). പ്രിയപ്പെട്ട അച്ചന്മാരുടെ ജൂബിലികൾ സഭയ്ക്കും ലോകത്തിനും പ്രത്യാശയുടെ പ്രവചനമായി തീരുവാൻ ദൈവമാതാവിന്റെ സംരക്ഷയും, ധന്യൻ മാർ ഇവാനിയോസിന്റെ മദ്ധ്യസ്ഥതയും കോട്ടയായിരിക്കട്ടെ.

●

www.malankaralibrary.com

# ഈവാനിയൻ ദർശനങ്ങളും പ്ലേറ്റോയുടെ ഗുഹാമനുഷ്യരും

ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

നൂറ് വർഷങ്ങൾക്കിപ്പുറം ഇരുന്ന് ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികാഘോഷസ്മരണയിൽ പങ്കെടുക്കുമ്പോൾ, ആഘോഷങ്ങൾക്കപ്പുറം, അതിനെ ചൂഴ്ന്ന് നില്ക്കുന്ന ദൈവികമായ പരിപാലനയെക്കുറിച്ചുള്ള ചിന്തകൾക്കാണ് പ്രാധാന്യം എന്ന് കരുതുന്നു.

കാരണം ഇങ്ങനെ ഒരു മെത്രാൻ പദവി അദ്ദേഹം ആഗ്രഹിച്ചതല്ല എന്ന് അദ്ദേഹം തന്നെ പ്രസ്താവിക്കുന്നുണ്ട്. ''ബഥന്യാശ്രമത്തിൽനിന്ന് മേല്പട്ടക്കാർ ഉണ്ടാകണമെന്ന് നാം ആഗ്രഹിച്ചിരുന്നില്ല. ബഥനി വകയായി പള്ളികൾ വേണമെന്നും നാം ആഗ്രഹിച്ചിരുന്നില്ല... പരിശുദ്ധ റൂഹായായ ദൈവം വിശുദ്ധ പിതാക്കന്മാർ വഴിയായി ബഥനിക്ക് മേല്പട്ടക്കാരെ അഭിഷേകം ചെയ്തു" (ഗിരിദീപം, പുറം-158). മാത്രമല്ല തന്റെ ജീവിതാഭിലാഷം എന്തായിരുന്നു എന്ന് പല അവസരങ്ങളിലായി അദ്ദേഹം വ്യക്തമാക്കിയിട്ടുള്ളതാണ്. "സന്ന്യാസപരമായ ജീവിതത്തിൽ നമുക്ക് ബാല്യകാലം മുതലേ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും സാമുദായികവും, വ്യക്തിപരവുമായ ആത്മോൽക്കർഷത്തിന്റെ നിദാനം, യഥാർത്ഥ ദൈവഭക്തി മാത്രമാണെന്ന് ഗ്രഹിച്ച് ഏതൽകാര്യാർത്ഥം ഒരു സന്ന്യാസിസമൂഹം രൂപീകരിച്ചേ മതിയാവു എന്ന ചിന്ത നമ്മുടെ മനസ്സിനെ മുന്നോട്ട് ആഞ്ഞുവലിക്കാൻ തുടങ്ങിയത് നാം സെറാംപൂർ കോളേജിൽ പ്രൊഫസറായിരുന്നപ്പോഴായിരുന്നുവെന്ന് പറയാം" (ഗിരിദീപം, പുറം-1).

പിന്നീട് ബഥനിയോഗത്തിന്റെ രേഖകളിലും പിതാവ് ഇതാവർത്തിക്കുന്നതായി നാം കാണുന്നു. "കുട്ടിക്കാലത്തുതന്നെ സന്ന്യാസപരമായ ജീവിതമാഹാത്മ്യ ചിന്തയിലാണ് നമ്മുടെ മനസ്സ് രൂഢമായിരുന്നതെന്ന്...." (ബഥനി ഭരണസമിതി യോഗങ്ങളുടെ റിപ്പോർട്ടുകൾ, പുറം-16). ''നാം മെത്രാനോ, മെത്രാപ്പോലീത്തായോ ആയിത്തീരുമെന്നാകട്ടെ ബഥനിപ്പള്ളികൾ ഉണ്ടാക്കുവാൻ നാം പ്രേരിപ്പിക്കപ്പെടുമെന്നാകട്ടെ അക്കാലത്ത് നാം സ്വപ്നത്തിൽപ്പോലും നിരൂപിച്ചിരുന്നില്ല (ബഥനിയോഗം റിപ്പോർട്ട്, പുറം-20). ഒരുപക്ഷേ പരിശീലനം പൂർത്തിയാക്കി നാളുകൾ കഴിഞ്ഞിട്ടും ബഥനി മഠത്തിലെ ആദ്യാംഗങ്ങളുടെ വ്രതം സ്വീകരിക്കാൻ മെത്രാന്മാർ തയ്യാറാകാതെ ഇരുന്ന പ്രതിസന്ധി അദ്ദേഹം മെത്രാനായതോടെ പരിഹരിക്കപ്പെടും എന്ന ചിന്ത ഈ പദവി സ്വീകരിക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചു കാണുവാനും സാദ്ധ്യതയുണ്ട്.

ശ്രദ്ധേയമായ മറ്റൊരു കാര്യം അന്ന് മലങ്കരയിൽ നിലവിലുണ്ടായിരുന്ന കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കണ്ടനാട്, കൊച്ചി, അങ്കമാലി എന്നീ ഏഴ് ഭദ്രാസനങ്ങളും മെത്രാന്മാരില്ലാതെ ഒഴിഞ്ഞു കിടന്നിരുന്നു എങ്കിലും അവയിലൊന്നിന്റെയും ചുമതലയേല്പിക്കാതെ ബഥനിയുടെ മെത്രാപ്പോലീത്തായായി എന്തുകൊണ്ട് മാർ ഈവാനിയോസ് പിതാവിനെ വാഴിച്ചു, എന്നത് ചരിത്രപരമായി ശ്രദ്ധേയമായ കാര്യമാണ് (ബഥനിയോഗം, പുറം-31).

www.malankaralibrary.com

മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേകവുമായി ബന്ധപ്പെട്ട ചരിത്രവസ്തുതകൾ പരിശോധിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ കാണാം. ചില പതിവുകൾ തെറ്റിച്ചുകൊണ്ടാണ് ആ മെത്രാഭിഷേകം നടന്നത്. പൂർവ്വകാലങ്ങളിൽ പാലിച്ചിരുന്ന ചില നിബന്ധനകൾ പാലിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

1. മലങ്കര ഇടവകയിലുള്ള പള്ളി പ്രതിനിധികളായ പട്ടക്കാരും, അല്മായരും ചേർന്ന് മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്ത ആളായിരുന്നില്ല മാർ ഈവാനിയോസ് പിതാവ്.

2. മലങ്കര യാക്കോബായ അസോസിയേഷൻ യോഗത്തിന്റെ സമ്മതം ആവശ്യമുണ്ട്. ഈ സമ്മതം തേടിയിട്ടില്ല.

3. ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ടയാൾ ഒന്നുകിൽ പാത്രിയർക്കീസിനാൽ അല്ലെങ്കിൽ അദ്ദേഹം നിയമിക്കുന്ന മെത്രാപ്പോലീത്താമാരാൽ വേണം അഭിഷേചിക്കപ്പെടുവാൻ. ഇതും പാലിച്ചിട്ടില്ല.

4. സ്ഥാനമേൽക്കുന്ന ആൾ 'ശൽമൂസോ' എന്ന് പേരുള്ള ഉടമ്പടിപ്പത്രത്തിൽ ഒപ്പിടണം. ഇതിൽ (a) യാക്കോബായ സഭയുടെ മതോപദേശങ്ങൾ സ്വീകരിക്കുന്നു. (b) യാക്കോബായ പാത്രിയർക്കീസിന്റെ പരമാധികാരം സമ്മതിക്കുന്നു. (c) റോമിലെ മാർപാപ്പാ ആയിരുന്ന അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ലിയോ ഒന്നാമൻ മാർപാപ്പയെ ശപിക്കണം. എന്നാൽ ഇങ്ങനെ ശപിക്കുവാൻ താൻ തയ്യാറല്ല എന്ന് ഒരു കണ്ടീഷൻ (വ്യവസ്ഥ) മാർ ഈവാനിയോസ് പിതാവ് വച്ചിരുന്നു.

ചുരുക്കത്തിൽ പതിവ് വ്യവസ്ഥകളെല്ലാം മറികടന്നാണ് മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേകം നടന്നത്. കാരണം എന്താണ്?

ചരിത്രപരമായി നോക്കുമ്പോൾ കാരണങ്ങൾ രണ്ട് രീതിയിലാണ്. ഒന്ന്, മാർ ഈവാനിയോസ് തിരുമേനിയുടെ ഭാഗത്തുനിന്ന് സ്വീകരിച്ച നിലപാടുകൾ. രണ്ട്, ഇതിന് സമ്മതിച്ച യാക്കോബായ സഭയിലെ പിതാക്കന്മാർ കണ്ട ചില കാരണങ്ങൾ. ഇവ രണ്ടും രണ്ടാണ്.

യാക്കോബായ സഭയിലെ കേസും വ്യവഹാരങ്ങളും ആത്മീയോൽക്കർഷത്തിലേക്കോ സഭയുടെ സുസ്ഥിതിക്കോ സഹായിക്കില്ല എന്ന് കണ്ട മാർ ഈവാനിയോസ് പിതാവ് ബഥനിയെയും, ബഥനിപ്പള്ളികളെയും സ്വതന്ത്രനിലയിലാണ് സ്ഥാപിച്ചത് എന്നു പറയുമ്പോൾ ബഥനി പാത്രിയർക്കീസിന്റെയോ, കാതോലിക്കാ ബാവായുടെയോ ഭരണത്തിൻ കീഴിലല്ല എന്ന് വ്യക്തമായി പറയുന്നുണ്ട്. ആരാധനക്രമം, മെത്രാനായി വാഴിച്ചത് തുടങ്ങി യാക്കോബായ സഭയുമായുള്ള നൈയാമിക ബന്ധം ഇല്ലേ എന്നതിന് 'ഇല്ല' എന്നുള്ള വ്യക്തമായ മറുപടി അതിനുള്ള കാരണങ്ങളും മാർ ഈവാനിയോസ് പിതാവ് പറയുന്നുണ്ട്. ഏതാണ്ട് പത്തോളം കാരണങ്ങൾ ഇതിനായി പിതാവ് സമർത്ഥിക്കുന്നുണ്ട്. അവയെല്ലാം ഈ ചെറുലേഖനത്തിന്റെ പരിധിക്കുള്ളിൽ വിശദീകരിക്കുക അസാധ്യമാണ്. എന്നാൽ അതിൽ താല്പര്യമുള്ളവർക്കായി

www.malankaralibrary.com

അത് എവിടെയാണ് പറഞ്ഞിരിക്കുന്നത് എന്നുമാത്രം ഇവിടെ സൂചിപ്പിക്കുന്നു: ബഥനി ഭരണ സമിതിയോഗങ്ങളുടെ റിപ്പോർട്ടുകൾ, പുറങ്ങൾ 14, 16, 18, 21, 23, 35, 37, 41, 59, 121 ഇവ വായിച്ചു നോക്കിയാൽ പിതാവിന്റെ നിലപാട് സുവിദിതമാണ്. എന്നാൽ ഒരു പ്രധാനപ്പെട്ട ചോദ്യം സ്വാഭാവികമായും ഉയരും. എന്തുകൊണ്ട് യാക്കോബായ സഭയിലെ അധികാരനേതൃത്വം ഇപ്രകാരം ഒരു സ്വതന്ത്രനില ബഥനിക്കും ബഥനി മെത്രാനും അനുവദിച്ചുകൊടുത്തു. അതിന് തീർച്ചയായും ഒരു കാരണമേയുള്ളു. ബഥനിയുടെ സ്ഥാപന കാലവും, മാർ ഈവാനിയോസ് പിതാവ് അഭിഷിക്തനാകുന്ന കാലവും കോട്ടയത്തെ മെത്രാൻ കക്ഷി, വട്ടിപ്പണക്കേസിൽ തോല്ക്കയും, പിന്നീട് റിവിഷൻ അപ്പീൽ കൊടുക്കയും ചെയ്തിട്ടിരിക്കുന്ന കാലമാണ്. റിവിഷൻ അപ്പീൽകൂടി തോറ്റുകഴിഞ്ഞാൽ മെത്രാൻ കക്ഷിയുടെ നില പരുങ്ങലിലാകും. അപ്പോൾ ചേക്കേറാനുള്ള ഒരു അഭയസ്ഥാനമായിട്ടാണ് ബഥനിയെയും, അതിന്റെ സ്വതന്ത്രനിലയേയും മെത്രാൻ കക്ഷിക്കാരും, വട്ടശ്ശേരിൽ മാർ ദിവന്ന്യാസോസ് പിതാവും കാതോലിക്കാബാവായും എല്ലാം കണ്ടത്. എന്നാൽ റിവിഷൻ അപ്പീൽ ജയിച്ചു കഴിഞ്ഞപ്പോൾ അവർ നിലപാട് മാറ്റുകയും ബഥനിയുടെ സ്വതന്ത്രനില ചോദ്യം ചെയ്യുകയും ചെയ്തു. ബഥനിക്ക് ഒരു സ്വതന്ത്രനിലയുണ്ടാകണം എന്നതിന്റെ പിന്നിൽ മാർ ഈവാനിയോസ് പിതാവ് കണ്ടിരുന്ന ആത്മീയാദർശങ്ങൾ പാടെ തമസ്കരിക്കപ്പെടുകയും, അവഗണിക്കപ്പെടുകയും ചെയ്തു.

“ബഥനി സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ഹാനികരങ്ങളായ ചില അഭിപ്രായങ്ങൾ അദ്ദേഹം (വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്) ഈയിടെ പറഞ്ഞു തുടങ്ങിയിരിക്കുന്നതിനെപ്പറ്റിയിടത്തോളമല്ലാതെ യാതൊരു വക അഭിപ്രായ വ്യത്യാസവും ഞങ്ങൾ തമ്മിൽ ഇല്ല.... അല്പമാസങ്ങൾക്ക് മുമ്പുവരെയും ബഥനിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു പ്രതികൂലാഭിപ്രായങ്ങളും അദ്ദേഹത്തിൽനിന്ന് ആരും കേൾക്കയുണ്ടായിട്ടില്ല. നേരേ മറിച്ച് ബഥനിയെ സ്വതന്ത്രമായി നിലനിറുത്തുകതന്നെ വേണമെന്നായിരുന്നു അദ്ദേഹം പരസ്യമായും രഹസ്യമായും പറഞ്ഞു വന്നിരുന്നത്. എന്നാൽ ഇപ്പോഴത്തെ അദ്ദേഹത്തിന്റെ അഭിപ്രായവും അഭിലാഷവും മാറിയിരിക്കുന്നു” (ബഥനിയോഗം, പുറം-1).

“യാക്കോബായ സഭയുമായി ബന്ധമില്ലാതെവണ്ണം നാം സ്ഥാപിച്ചതായ ബഥനി സ്ഥാപനം, ആ സഭയ്ക്ക് പുറത്തുനില്ക്കണമെന്നു തന്നെയായിരുന്നു വട്ടിപ്പണക്കേസിന്റെ പര്യവസാനം വരെയുള്ള കാലങ്ങളിൽ അദ്ദേഹവും അഭിലഷിക്കുകയുണ്ടായിട്ടുള്ളത്. ബഥനിയുടെ സ്വതന്ത്രനില ഒരിക്കലും ഉപേക്ഷിക്കരുത് എന്ന് അദ്ദേഹം നമ്മോടായി പലപ്പോഴും ഉപദേശിക്കയും ചെയ്തിട്ടുള്ളതാണ്” (ബഥനിയോഗം, പുറം-2). ഈ അഭിപ്രായത്തിന് മാറ്റം വന്നത് വട്ടിപ്പണക്കേസിന്റെ വിജയത്തിന് ശേഷമാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ചുരുക്കത്തിൽ ബഥനിയുടെ സ്വതന്ത്രനിലയ്ക്കും, മാർ ഈവാനിയോസ് പിതാവിനെ ബഥനി മെത്രാനായി അഭിഷേചിച്ചതിലും എല്ലാം രണ്ട് വ്യത്യസ്തമായ വിപരീതങ്ങളായ താല്പര്യങ്ങൾ പ്രവർത്തിച്ചിരുന്നതായി കാണാം. ഈ വിഷയത്തിൽ പഠനം നടക്കേണ്ടത് ആവശ്യമാണ്. ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ചെളിവാരിയെറിയലിനും, മാർ ഈവാനിയോസ് പിതാവിന്റെ

www.malankaralibrary.com

വ്യക്തിത്വത്തെ കളങ്കപ്പെടുത്തുന്ന നിലപാടുകളിലേക്കുമൊക്കെ വെളിച്ചം വീശുന്നതിനും, തെറ്റിദ്ധാരണകൾ അകറ്റുന്നതിനും ഈ പഠനം ഒരുപാട് സഹായിക്കും എന്ന് കരുതുന്നു.

മറ്റൊരു പ്രധാനപ്പെട്ട വിഷയം തന്റെ മെത്രാഭിഷേകത്തോടനുബന്ധിച്ച് മാർ ഈവാനിയോസ് തിരുമേനി നടത്തിയ പ്രസംഗത്തിലെ സഭാദർശനമാണ്. ഈ സുദീർഘമായ പ്രസംഗത്തിന്റെ എല്ലാ വശങ്ങളും വിശകലനവിധേയമാക്കേണ്ടതാണ് എങ്കിലും ഈ ലേഖനംകൊണ്ട് അത് സാദ്ധ്യമല്ലല്ലോ. ആ പ്രസംഗത്തിലെ ശ്രദ്ധേയമായ ഒരു കാര്യം മാത്രം ചർച്ചാ വിധേയമാക്കുന്നു.

".....കാതോലിക്കാ സ്ഥാപനംകൊണ്ട് ഈ ഭാരതഭൂമിയിൽ സാധിക്കേണ്ടതായ വേറൊരു കാര്യമുണ്ട്.... ഈ ഭാരതഭൂമിയിൽ ഏകദേശം പത്തൊൻപത് ശതവർഷങ്ങൾക്കുമുമ്പ് ക്രിസ്തുമതം സ്ഥാപിച്ചതായി നം അഭിമാനിക്കുന്നുണ്ടല്ലോ. ഇത്ര ദീർഘകാലമായിട്ടും നമ്മുടെ ക്രിസ്ത്യാനിത്വം പല വിഷയങ്ങളിൽ കേവലം പാരദേശികമായിട്ടാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്. സ്വദേശീയമായ അവസ്ഥ ക്രിസ്തുമതത്തിന് വരാത്ത കാലത്തോളം ഭാരതഖണ്ഡത്തിലുള്ള ഹിന്ദുമുസ്ലീം ജനസമുദായങ്ങളെ ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരാൻ പ്രയാസമാണ്" (മാർ ഈവാനിയോസ്, ഫാ. ഇഞ്ചയ്ക്കലോടി, പുറം.203).

ഭാരതവല്ക്കരണം, സാംസ്കാരികാനുരൂപണം എന്ന വാക്കുകൾ നമ്മൾ കേൾക്കുന്നതു തന്നെ 1970-കൾക്ക് ശേഷമാണ്. അതിനും എത്രയോ വർഷങ്ങൾക്കുമുമ്പ് മാർ ഈവാനിയോസ് പിതാവ് ഈ ദൈവശാസ്ത്രസങ്കല്പങ്ങളെ സ്വപ്നം കാണുകയും അതനുസരിച്ച് മുന്നേറുന്ന സഭയെ വിഭാവനം ചെയ്യുകയും ചെയ്തു. ബഥനി ആശ്രമസ്ഥാപനവുമായി ബന്ധപ്പെട്ട് നേരത്തേതന്നെ (1919-ൽ) ഈ നിലപാടുകൾ നടപ്പിലാക്കിയ മഹത്വ്യക്തിത്വമാണദ്ദേഹം.

**ബഥനിമഠസ്ഥാപനം:** "റോമൻ കത്തോലിക്കാസഭയിലുള്ള കന്യകാമഠങ്ങളെ അനുകരിച്ച് നാം ബഥനിമഠം ഉണ്ടാക്കി'' (ബഥനിയോഗം, പുറം 15). എന്നാൽ ബഥനി ആശ്രമസ്ഥാപനത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു, "ബഥനി ആശ്രമസ്ഥരുടെ കാഷായ വസ്ത്രം, മത്സ്യമാംസവർജ്ജനം മുതലായ പലതും ഭാരതീയ സന്ന്യാസിമാരുടെ ജീവിതവൃത്തിയെ അനുകരിച്ച് നാം ഏർപ്പെടുത്തിയിട്ടുള്ളതാണ്" (ബഥനിയോഗം, പുറം-15). മാത്രമല്ല, അദ്ദേഹം സ്ഥാപിച്ച സന്ന്യാസാശ്രമത്തിന്റെ ജീവിതവൃത്തികളെയും, നിയമപരിപാലനങ്ങളെയും പരാമർശിക്കുന്ന സംജ്ഞകളുടെ ഒരു നിരതന്നെ ഭാരതീയ ആഭിമുഖ്യം പ്രകടമാക്കുന്നു. ആയാതൻ (പോസ്റ്റുലന്റ്), നവശിഷ്യൻ (നോവിസ്), ധർമ്മശിഷ്യൻ (നോവിസ്), ഭജനം (ധ്യാനം), മഹദ്വ്രതസ്ഥൻ; സന്ന്യാസപ്രതിഷ്ഠ തുടങ്ങിയ ചില ഉദാഹരണങ്ങൾ മാത്രം.

അതുപോലെതന്നെ 1919-ൽ അദ്ദേഹം നമ്മുടെ വി.കുർബാന തക്സാ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. എന്നാൽ മലങ്കരയിലെ സഭാപിതാക്കന്മാർ ഒന്നടങ്കം ഇതിന് എതിരായിരുന്നു: "Malayalam is profane and Syriac is divine" (മലയാളം പൈശാചികവും, സുറിയാനി ദൈവികവും) - (പത്രോസ് ഒസ്താത്തിയോസ് പിതാവിന്റെ ജീവചരിത്രം കാണുക)

www.malankaralibrary.com

എന്നായിരുന്നു അവരുടെ നിലപാട്. ഓർക്കുക, രണ്ടാം വത്തിക്കാൻ സൂന്നഹദോസിന്റെ ലിറ്റർജി പരിഷ്കരണത്തേക്കുറിച്ചുള്ള ഡിക്രി വന്നതിനുശേഷമാണ് ആഗോള കത്തോലിക്കാ സഭയുടെ ആരാധനയിൽ പ്രാദേശിക ഭാഷയിൽ വി. ബലിയർപ്പിക്കുന്നതിനേക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നത്. 1962-1965 കാലഘട്ടത്തിലാണ് കേരളത്തിൽ സീറോ മലബാർ സഭയിലും ലാറ്റിൻ സഭയിലും മലയാളത്തിൽ വി. കുർബാന അർപ്പിക്കപ്പെടുന്നത്. എന്നാൽ അതിന് നാല് പതിറ്റാണ്ടുകൾമുമ്പ് മലങ്കരയ്ക്ക് ഈ ദൈവശാസ്ത്രസങ്കല്പം സ്വന്തമാക്കിത്തന്ന ദീർഘവീക്ഷണ പടുവായിരുന്ന, പ്രവാചകതുല്യനും, ക്രാന്തദർശിയുമായ അഭി. മാർ ഈവാനിയോസ് പിതാവ്. ഈ ദർശനസാഗരത്തെ ഉൾക്കൊള്ളാൻ ഇന്നും മലങ്കര കത്തോലിക്കാസഭയ്ക്ക് കഴിയുന്നുണ്ടോ? ദൗർഭാഗ്യകരം എന്ന് പറയട്ടെ ഇന്ന് സഭയിൽ പ്രകടമാകുന്ന ചില പ്രവണതകൾ കാണുമ്പോൾ 1919-ന് മുമ്പുള്ള കാലഘട്ടത്തിലേക്ക് മലങ്കര കത്തോലിക്കാസഭയെ തിരികെ കൊണ്ടുപോവുകയാണോ എന്ന് തോന്നിപ്പോകും.

അതുകൊണ്ട് മാർ ഈവാനിയോസ് പിതാവ് സുറിയാനി പാരമ്പര്യങ്ങൾക്ക് എതിരാണ് എന്ന് ഒട്ടുംതന്നെ വ്യംഗമില്ല. സെറാമ്പൂരിൽ താമസിച്ചിരുന്ന കാലത്ത് പ്രോട്ടസ്റ്റന്റ് സഭയുമായുള്ള സമ്പർക്കത്തിൽ താൻ സെറാമ്പൂരിലേക്ക് കൊണ്ടുപോയിരുന്ന മാതൃസഭയിലെ യുവജനങ്ങൾക്ക് ആരാധനാപരമായ കാര്യങ്ങളിൽ കലർപ്പുണ്ടാകരുത് എന്നാഗ്രഹിച്ച് അവർക്ക് സ്വന്തമായ ചാപ്പൽ ഉണ്ടാക്കിയ ആളാണ് അദ്ദേഹം (ഗിരിദീപം, പുറം-54). കൂടാതെ സുറിയാനി വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കാൻ സെറാമ്പൂരിലും പിന്നീട് കല്ക്കത്താ സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്ന അശുതോഷ് മുഖർജിയുടെ സഹായം വഴി കല്ക്കത്താ സർവ്വകലാശാലയിലും സുറിയാനി ഭാഷ ഐഛികവിഷയമാക്കി. കൂടാതെ റോബിൻസൺ എന്ന ഇംഗ്ലീഷുകാരൻ പ്രൊഫസറുമായി ചേർന്ന് സുറിയാനിക്ക് ഗ്രാമർ പുസ്തകം എഴുതിയുണ്ടാക്കി. പിന്നീട് കേരളാ യൂണിവേഴ്സിറ്റിയിലും ഇത് അംഗീകരിച്ചു. അദ്ദേഹത്തിന്റെ സുറിയാനി ഭാഷയിലുള്ള വ്യുല്പത്തിക്ക് ആർക്കും ഒരു സംശയവും തോന്നിയിട്ടില്ലല്ലോ. പിന്നെന്തുകൊണ്ട് വി. കുർബാന മലയാളത്തിൽ ആകണം എന്നദ്ദേഹം ആഗ്രഹിച്ചു. കാരണം വ്യക്തമാണ്. വി. കുർബാനയിൽ ജനങ്ങൾ 'പങ്കെടുക്കണം,' അത് 'വെറുതെ കാണേണ്ട' കർമ്മമോ, 'ആചാരാനുഷ്ഠാനമോ' അല്ല. ഇത് പക്വതയുള്ള ഒരു ദൈവശാസ്ത്ര സമീപനമാണ്.

ഇന്ന് പലരും പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ പേരിൽ പാരമ്പര്യവാദികളായി സഭയെ നൂറ്റാണ്ടുകൾ പുറകിലേക്ക് കൊണ്ടുപോവുകയാണ്.

Jaraslav Pelikan എന്ന പൗരസ്ത്യ ദൈവശാസ്ത്രജ്ഞൻ എഴുതിയ The Vindication of Tradition എന്ന പുസ്തകത്തിൽ എന്താണ് 'പാരമ്പര്യം' എന്നും എന്താണ് വെറും 'പാരമ്പര്യവാദം' (Tradition and Traditionalism) എന്നും വ്യക്തമാക്കുന്നുണ്ട്. "Tradition is the living faith of the dead; traditionalism is the dead faith of the living." ഇതിൽ കൂടുതൽ ഈ ആശയത്തെ വ്യക്തമാക്കാൻ കഴിയില്ല. മാർ ഈവാനിയോസ് പിതാവ് പാരമ്പര്യത്തെ (tradition) സ്നേഹിച്ചയാളായിരുന്നു. പക്ഷെ അദ്ദേഹം പാരമ്പര്യഭ്രാന്തൻ (Traditionalist) അല്ലായിരുന്നു.

www.malankaralibrary.com

അതുകൊണ്ട് പുനരൈക്യശ്രമങ്ങൾ അതിന്റെ അവസാനഘട്ടത്തിൽ എത്തിയപ്പോൾ ആരാധനാ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത വേളയിൽ അലോഷ്യസ് മരിയ ബൻസിഗർ പിതാവ് പോലും മാർ ഈവാനിയോസ് പിതാവിന്റെ ഇക്കാര്യത്തിലുള്ള ക്രാന്തദർശിത്വം കണ്ട് അത്ഭുതപ്പെട്ടുപോയി. "Another question Benziger wanted to clarify from the Oriental Congregation was the use of Malayalam in some parts of the Holy Mass. Benziger was astonished to hear Mar Ivanios using Malayalam in some parts of the Mass when he celebrated the first mass as a Catholic in Quilon Chapel" (The Role of Archbishop Aloysius Maria Benziger in the Reunion Movement, p-141).

മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ നൂറാം വാർഷികം പിന്നിടുമ്പോഴും അദ്ദേഹത്തിന്റെ ദൈവശാസ്ത്രദർശനങ്ങൾക്ക് ഒപ്പമെത്താനാകാതെ മലങ്കര കത്തോലിക്കാസഭ കിതയ്ക്കുകയാണോ? പൗരസ്ത്യസഭാപിതാക്കന്മാരുടെ ചൈതന്യം യഥാർത്ഥത്തിൽ എന്താണ് എന്ന് മനസ്സിലാക്കി അതുമായി താദാത്മ്യപ്പെട്ടയാളാണ് മാർ ഈവാനിയോസ് പിതാവ്. പൗരസ്ത്യ സഭാപിതാക്കന്മാർ അവർ ജീവിച്ചിരുന്ന കാലത്തെ സഭാപരവും, സാമൂഹ്യവുമായ യാഥാർത്ഥ്യങ്ങളോടും, പ്രശ്നങ്ങളോടും സംവദിക്കയും, പ്രതികരിക്കുകയും ചെയ്തവരാണ്. എന്നാൽ ഇന്ന് നമ്മൾക്ക് പറ്റുന്ന അബദ്ധം അവർ പറഞ്ഞത് നൂറ്റാണ്ടുകൾക്കിപ്പുറം ആവർത്തിക്കുക മാത്രം ചെയ്യുകയും, അവരുടെ ചൈതന്യം സ്വന്തമാക്കാൻ ആകാത്തതുകൊണ്ട് ഇന്നത്തെ സമൂഹം അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യങ്ങളുമായി പ്രതികരിക്കാനുള്ള ശേഷി ഇല്ലാത്ത വെറും പാരമ്പര്യ വാദികളായി തരം താണുപോവുകയും ചെയ്യുന്നു. ഇന്ന് ഉത്തരാധുനികതയും (post-modernism) സത്യാനന്തരകാലവും (post-truth era) ഉത്തരമാനവികതയും (post-humanism) കടന്ന് കൃത്രിമബുദ്ധി (Al-Artificial Intelligence) സൃഷ്ടിക്കുന്ന മാനവിക പ്രശ്നങ്ങളുമായി ഏറ്റുമുട്ടി സഭയും, പുതിയ തലമുറയും പ്രതിസന്ധിയിലാകുമ്പോൾ സഭയുടെ ദൈവശാസ്ത്രവും, ദൈവശാസ്ത്രജ്ഞന്മാരും ആദിമ നൂറ്റാണ്ടുകളുടെ ഇടനാഴികളിൽ നിന്ന് ഇനിയും മോചനം നേടിയിട്ടില്ല, എന്നതല്ലേ യാഥാർത്ഥ്യം.

മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേക ശതാബ്ദി ഒരു ആഘോഷത്തിനു കൂടിയല്ല വേദിയാകേണ്ടത്. മറിച്ച് ആ പുണ്യപിതാവ് തുടങ്ങിവച്ച ദർശനങ്ങളുടെ മുന്നേറ്റത്തിന്റെ പിന്തുടർച്ചക്കാരാകാൻ അഭിമാനപൂർവം മുന്നോട്ടു വരികയാണ് വേണ്ടത്. എത്രയോ വലിയ ഒരു ദർശനത്തിന്റെ വാതായനങ്ങളാണ് അദ്ദേഹം നമ്മൾക്ക് മുന്നിൽ തുറന്നിട്ടത്. എന്നിട്ടും നാം അകപ്പെട്ടിരിക്കുന്ന ഇരുളിന്റെ ഗുഹകളിൽ പണ്ട് പ്ലേറ്റോയെപ്പോലുള്ള ചിന്തകർ പറഞ്ഞുവച്ച, ഗുഹാമനുഷ്യരെപ്പോലെ, നാം തളയ്ക്കപ്പെട്ട് പോവുകയാണോ?

www.malankaralibrary.com

# ധന്യൻ മാർ ഈവാനിയോസിന്റെ പരിസ്ഥിതിദർശനം

ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി.

**ആമുഖം**

പരിസ്ഥിതിശാസ്ത്രം ഭൂമിയിലെ സകല സസ്യജീവജാലങ്ങളും ഗോചരങ്ങളും അഗോചരങ്ങളുമായ സൂക്ഷ്മവസ്തുക്കളും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയാണ് പ്രതിപാദിക്കുന്നത്. പതിവായി ഇടപഴകുന്നതും പരസ്പര ബന്ധിതമായ ജീവനുള്ളതും അജീവവുമായ ഘടകങ്ങൾ അടങ്ങുന്ന മൊത്തമായ ഒരു വ്യവസ്ഥയാണ് പരിസ്ഥിതിവ്യവസ്ഥ. നാം അധിവസിക്കുന്ന ഭൂമിയെ സ്വച്ഛമായ ഒരു വാസസ്ഥലം ആക്കുന്നത് സുശക്തമായ ഈ പരിസ്ഥിതി വ്യവസ്ഥയാണ്. അതിനാൽതന്നെ മനുഷ്യനും പ്രകൃതിയും അതിലെ ജീവജാലങ്ങളും തമ്മിൽ ഉണ്ടായിരിക്കേണ്ട സുദൃഢമായ ബന്ധത്തെപ്പറ്റി സഭയും സമൂഹവും കൃത്യമായ പഠനങ്ങൾ നടത്തുകയും ആ പഠനങ്ങൾ സുശക്തമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി നമ്മെ ഭരമേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഭയിലെ ദൈവശാസ്ത്രജ്ഞന്മാർ മനുഷ്യനും പ്രകൃതിയും തമ്മിൽ എപ്രകാരം ദൈവീകമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുമ്പോൾ മറ്റു ശാസ്ത്ര ശാഖയിലെ പണ്ഡിതന്മാർ ഭൂമിയുടെ ആവാസവ്യവസ്ഥ പ്രകൃതി മനുഷ്യ ബന്ധത്തിലൂടെ എങ്ങനെ നിലനിർത്തപ്പെടണം എന്ന് പഠിപ്പിക്കുന്നു.

മുൻകാലങ്ങളെ അപേക്ഷിച്ച് സമീപകാലത്ത് പരിസ്ഥിതി പഠന ശാസ്ത്ര മേഖലയ്ക്ക് കൂടുതൽ പ്രധാന്യം ലഭിച്ചിട്ടുണ്ട്. ഫ്രാൻസിസ് മാർപ്പാപ്പയുടെ 'അങ്ങേക്ക് സ്തുതി' (LaudatoSi) എന്ന രണ്ടാമത്തെ ചാക്രിയലേഖനം മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. സഭ എത്രത്തോളം ഗൗരവമായിട്ടാണ് ഈ ഒരു വിഷയത്തെ സമീപിക്കുന്നത് എന്ന് മാർപാപ്പയുടെ ഈ പഠനം സൂചിപ്പിക്കുന്നു. മലങ്കര സഭാസ്ഥാപകനായ ധന്യൻ മാർ ഈവാനിയോസ് പിതാവും മനുഷ്യനും സൃഷ്ടവസ്തുക്കളും തമ്മിൽ ഉണ്ടായിരിക്കേണ്ട അഭേദ്യമായ ബന്ധത്തെപ്പറ്റി പഠിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കഴിവുകളും, സൗന്ദര്യാത്മക സംവേദനക്ഷമതയും (Aesthetic sensitivity) പ്രകൃതി മനുഷ്യ ബന്ധത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവബോധവും മനുഷ്യരും മറ്റ് സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം കണ്ടെത്താൻ സഹായിച്ചിട്ടുണ്ട്. നാം ആയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ പഠനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്.

ലോകം കോവിഡാനന്തര ജീവിതത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. പ്രകൃതിയോടിണങ്ങി പ്രകൃതി നല്കുന്ന സൗഖ്യം നുകർന്ന് ജീവിക്കുക എന്നുള്ളതാണ് കോവിഡ് എന്ന മഹാമാരിയെ ചെറുക്കുവാനുള്ള ഒരു പോംവഴിയായി ശാസ്ത്രജ്ഞൻമാർ നിർദ്ദേശിക്കുന്നത്. കാലങ്ങൾക്കുമുമ്പ് പ്രാചീനഭാരതത്തിലെ സന്ന്യാസവര്യന്മാരും നിർദ്ദേശിച്ചിരുന്നതും പ്രകൃതിയോടിണങ്ങിയ ഒരു രോഗനിർമ്മാർജന ശൈലിയാണ്. പ്രകൃതിയാണ് ഏറ്റവും നല്ല വൈദ്യൻ (സർവ്വോത്തം വൈദ്യോനിസർഗ്ഗതഹ) എന്ന തത്വം പ്രാചീനഭാരതത്തിൽ പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ കൃതികളിലൂടെ നമുക്ക് പരിചയപ്പെടുത്തി

www.malankaralibrary.com

തരുന്നതും പ്രകൃതിയോടിണങ്ങി പ്രകൃതിയിൽ നിന്നും സൗഖ്യം പ്രാപിക്കുവാനുള്ള ഒരു ജീവിതശൈലിയാണ്, അതിനാൽത്തന്നെ ധന്യൻ മാർ ഈവാനിയോസ്, പിതാവിന്റെ പരിസ്ഥിതിദർശനം കോവിഡാനന്തര ലോകത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

**ഈവാനിയൻ പരിസ്ഥിതി ദർശനം**

ധന്യൻ മാർ ഈവാനിയോസിന്റെ പരിസ്ഥിതി ദർശനത്തിന്റെ അടിസ്ഥാനം ദൈവവും മനുഷ്യനും സൃഷ്ടവസ്തുക്കളും തമ്മിലുള്ള പരസ്പരബന്ധമാണ്. ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യനും മറ്റു സൃഷ്ടവസ്തുക്കളും, സൃഷ്ടാവിനോട് ബന്ധപ്പെട്ടിരിക്കുന്നെങ്കിലും താന്താങ്ങളുടെ ദൗത്യത്തിൽ വ്യത്യസ്തത പുലർത്തുന്നു. ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത് രക്ഷ പ്രാപിക്കുക എന്ന പരമ ഉദ്ദേശ്യത്തോടെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിയിൽ എത്താൻ മനുഷ്യനെ സഹായിക്കുക എന്നുള്ളതാണ് മറ്റു സൃഷ്ടവസ്തുക്കളുടെ ജീവിതലക്ഷ്യം. മനുഷ്യൻ മറ്റു സൃഷ്ടവസ്തുക്കളെ സമീപിക്കേണ്ടതിന്റെ മാനദണ്ഡം ഒരു സൃഷ്ടവസ്തു എപ്രകാരം ദൈവത്തിലേക്ക് എത്താൻ മനുഷ്യനെ സഹായിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. മാർ ഈവാനിയോസ് പിതാവിന്റെ ധ്യാനകുസുമങ്ങൾ എന്ന കൃതിയിലാണ് ദൈവവും മനുഷ്യനും മറ്റു സൃഷ്ടവസ്തുക്കളും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിവരിച്ചിരിക്കുന്നത്. അവിടെ നാം ഇപ്രകാരം വായിക്കുന്നു.

> മനുഷ്യന്റെ ചുറ്റും വച്ചിരിക്കുന്ന മറ്റു സൃഷ്ടികളെ അവന്റെ പ്രയോജനത്തിനായി നൽകിയിരിക്കുന്നു. അവന്റെ പരമോദ്ദേശ്യത്തിൽ എത്താൻ അവ അവനെ സഹായിക്കുന്നു. അതുകൊണ്ട് സൃഷ്ടികൾ അവന്റെ പരമോദ്ദ്യേശത്തെ എത്രത്തോളം സാധിക്കുമോ, അത്രത്തോളമേ അവയെ അവനുപയോഗിക്കാൻ ന്യായമുള്ളൂ (ധ്യാനകുസുമങ്ങൾ പേജ്, 11).

സൃഷ്ടവസ്തുക്കളുടെ സൃഷ്ടിയുടെ ലക്ഷ്യം മനുഷ്യനെ ദൈവത്തിലേക്ക് എത്തിക്കുക എന്നതാണ്. മനുഷ്യന് സൃഷ്ടാവിലേക്ക് എത്തിച്ചേരാനുള്ള മാർഗ്ഗമായാണ് സൃഷ്ടവസ്തുക്കളെ പിതാവ് നോക്കികണ്ടിരുന്നത്. എന്നാൽ മനുഷ്യനും സൃഷ്ടവസ്തുക്കളും തമ്മിലുള്ള ബന്ധം ഏകപക്ഷീയമായ ഒന്നായിട്ടല്ല പിതാവ് ചിത്രീകരിക്കുന്നത്. പിന്നയോ അവയുടെ ബന്ധം പരിപൂരകമായ ഒരു ബന്ധമാണ് (Complementory). ഒരു സൃഷ്ടവസ്തു മനുഷ്യനെ എപ്രകാരം ദൈവത്തെ സ്തുക്കാനായി സഹായിക്കുമോ, അതുപോലെ തന്നെ സൃഷ്ടവസ്തുക്കളും തങ്ങളുടെ സൃഷ്ടാവിനെ സ്തുതിക്കുന്നത് മനുഷ്യനിലൂടെയാണ്. ദൈവത്തിന് മഹത്വം ലഭിക്കും എന്ന ഉദ്ദേശ്യത്തോടെയാണ് ദൈവം എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ചിരിക്കുന്നത്. വിശേഷബുദ്ധിയോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ ദൈവദത്തമായ കഴിവുകളോടെ ദൈവത്തെ സ്തുതിക്കുമ്പോൾ, വിശേഷബുദ്ധിയില്ലാത്ത മറ്റു സൃഷ്ടവസ്തുക്കൾ മനുഷ്യനെ ദൈവത്തിങ്കലേക്ക് എത്തിച്ചേരാൻ പ്രാപ്തനാക്കിക്കൊണ്ട് അവനിലൂടെ തന്റെ സൃഷ്ടാവിനെ സ്തുതിക്കുന്നു. മനുഷ്യൻ സൃഷ്ടികളോട് ബന്ധപ്പെട്ട് പൂർണ്ണതയിൽ എത്തുന്നതുപോലെ സൃഷ്ടവസ്തുക്കൾ മനുഷ്യനിലൂടെ പൂർണ്ണത പ്രാപിക്കുന്നു. ഈ ലോകത്തിൽ മനുഷ്യനും സൃഷ്ടവസ്തുക്കളും തമ്മിലുള്ള ബന്ധം ഇതിനാൽ തന്നെ തങ്ങളുടെ കഴിവുകളെ സിദ്ധികളെ പരസ്പരവിനിമയം ചെയ്തുകൊണ്ടുള്ള ഒരു ബന്ധമാണ്.

www.malankaralibrary.com

മനുഷ്യനും സൃഷ്ടവസ്തുക്കളും തമ്മിലുള്ള ബന്ധത്തിന്റെ പൊതുവായ ഒരു അടിസ്ഥാനതത്വം അവയുടെ ജീവിത ലക്ഷ്യത്തെ മുൻനിർത്തി വിശദീകരിച്ചതിനു പുറമേ വളരെ വിശദമായി മാർ ഈവാനിയോസ് പിതാവ് എന്തുകൊണ്ട് മനുഷ്യൻ സൃഷ്ടവസ്തുക്കളോട് ബന്ധപ്പെട്ടിരിക്കണം എന്ന് പഠിപ്പിക്കുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണം സൃഷ്ടികൾ ദൈവത്തിന്റെ ഗുണങ്ങളെ നമ്മുടെ മുമ്പിൽ വെളിപ്പെടുത്തുകയും അതിലൂടെ ദൈവത്തെ അറിയുവാനും, സ്നേഹിക്കുവാനും, സ്തുതിക്കുവാനും നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. ലോകത്തിലെ സൃഷ്ടികളിൽ കാണുന്ന അടുക്കും ചിട്ടയും ദൈവം എത്രത്തോളം ജ്ഞാനിയാണ് എന്ന് പഠിപ്പിക്കുമ്പോൾ, ദൈവത്തിന്റെ സൃഷ്ടികളുടെ നന്മകൾ നാം ആസ്വദിക്കുമ്പോൾ, അവയിലൂടെ ദൈവത്തിന്റെ സ്നേഹവും കരുണയും നമ്മുടെ മുമ്പിൽ വെളിപ്പെടുന്നു. ഇതിലെല്ലാം ഉപരിയായി ഓരോ സൃഷ്ടിയും മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ ഇഷ്ടം പൂർത്തീകരിക്കുന്നതിനുള്ള നല്ല മാർഗ്ഗനിർദ്ദേശികൾ കൂടിയാണ്. സൃഷ്ടികൾ സന്തോഷത്തോടെ ഒരിക്കലും ഒരു വീഴ്ച വരുത്താതെ തങ്ങളിൽ ദൈവം നിക്ഷേപിച്ച കർത്തവ്യങ്ങൾ ഈ ലോകത്തിൽ പൂർത്തീകരിക്കുന്നു. ഈ ഒരു മാതൃക ദൈവമനുഷ്യ ബന്ധത്തിന് ഒരു ദിശാസൂചികയാണ്. ദൈവ – മനുഷ്യബന്ധം അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരുന്നത് ദൈവം നമ്മിൽ നിക്ഷേപിച്ച കർത്തവ്യങ്ങൾ മുടക്കം കൂടാതെ നാം പൂർത്തിയാക്കുമ്പോഴാണ്. ഈ ഒരു ജീവിത രീതിയ്ക്ക് മാർഗ്ഗനിർദ്ദേശിയായി നിന്നുകൊണ്ട് ഓരോ സൃഷ്ടവസ്തുവും മനുഷ്യനെ ദൈവത്തിങ്കലേക്ക് കൈപിടിച്ച് നടത്തുന്നു. അതിനാൽ, സൃഷ്ടവസ്തുക്കളോടുള്ള മനുഷ്യന്റെ ബന്ധം ആദരവുള്ളതാകണം, ആർദ്രതയുള്ളയാകണം, നന്ദിയുള്ളതാകണം. മാർ ഈവാനിയോസ് പിതാവ് രചിച്ച പ്രാർത്ഥനകളെല്ലാം സൃഷ്ടവസ്തുക്കളെ മനുഷ്യനെ സൃഷ്ടാവിലേക്ക് നയിക്കുന്ന സൂചകങ്ങളായി കണ്ട് സ്നേഹിക്കുവാനാണ് പഠിപ്പിക്കുന്നത്.

സൃഷ്ടികളിൽ ദൈവത്തെ കണ്ട് അവയിലൂടെ ദൈവത്തെ സ്നേഹിക്കാനും, അവ തങ്ങളുടെ ജീവിതപൂർണ്ണതയ്ക്ക് അത്യന്താപേക്ഷിതമാകയാൽ അവയെ ദയാവായ്പോടെ സമീപിക്കുവാനും സാധിക്കുക എന്നതാണ് മാർ ഈവാനിയോസ് പിതാവിന്റെ പരിസ്ഥിതിദർശനത്തിന്റെ അടിസ്ഥാനപ്രമാണം. പിതാവിന്റെ പ്രാർത്ഥകളിലെല്ലാം നാം കണ്ടുമുട്ടുന്നതും ഈ ഒരു വിലയ ദർശനത്തിന്റെ ബഹിർസ്ഫുരണമാണ്. ഞായറാഴ്ച പ്രഭാതത്തിലെ ഹാർദ്ദവപ്രാർത്ഥന ഇതിന് നല്ല ഒരു ഉദാഹരണമാണ്.

> ദൈവമേ സകലചരാചരങ്ങൾക്കും മേലായി പാർക്കുന്നവനേ സർവ്വതിനും ഉപരിസ്ഥിതനായുള്ളോവേ, അടിയൻ അങ്ങേ സ്നേഹിച്ച്, അങ്ങേയ്ക്ക് കീഴ്പ്പെട്ട് ജീവിക്കുകയും ചരാചരങ്ങളെ അങ്ങിൽ സ്നേഹിക്കുകയും ചെയ്യാൻ അടിയനെ അനുഗ്രഹിക്കുക. (ഞായറാഴ്ച പ്രഭാതം, പേജ് 26)

**സൃഷ്ടവസ്തുക്കളോടുള്ള മനോഭാവം**

ഓരോ സൃഷ്ടവസ്തുവിനോടും മനുഷ്യൻ അവയുടെ ജീവിത ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ടിരിക്കുന്നതാൽ, പിതാവിന്റെ കാഴ്ചപ്പാടിൽ മനുഷ്യൻ ഓരോ സൃഷ്ടിയോടും പുലർത്തേണ്ട മനോഭാവം നിഷ്കാമധർമ്മമാണ്.

ഒരു സൃഷ്ടിയേയും അതിന്റെ സ്വാഭാവികമായിട്ടുള്ള ഗുണങ്ങളെ മാത്രം മുൻനിർത്തി നമുക്ക് ഇഷ്ടമുള്ളതുപോലെ ഉപയോഗിക്കാതെ, ഒരു സൃഷ്ടവസ്തു നമ്മെ എത്രത്തോളം

www.malankaralibrary.com

ദൈവത്തോട് അടുപ്പിക്കുമോ അത്രത്തോളം അവയെ ഉപയോഗിക്കുക എന്ന ശൈലിയാണ് നിഷ്കാമധർമ്മം. മറ്റൊരു അർത്ഥത്തിൽ, ഒരു സൃഷ്ടവസ്തുവിനെ അതിന്റെ സൃഷ്ടാവിന്റെ ഉദ്ദേശ്യത്തോടെ മാത്രം സമീപിക്കുക. നമ്മുടെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി നാം അവയെ സമീപിച്ചാൽ, ദൈവീകലക്ഷ്യം, സൃഷ്ടവസ്തുക്കൾക്കും മനുഷ്യനും പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നു.

ഞാൻ ഒരു സൃഷ്ടവസ്തുവിനെ സമീപിക്കുന്നത്, സ്നേഹിക്കുന്നത്, ദൈവത്തെ പ്രതിയാണ്, ദൈവത്തെ കണ്ടുമുട്ടുന്നതിനാണ്, ദൈവത്തെ സ്നേഹിക്കുന്നതിനാണ്. ഈ ഒരു ലക്ഷ്യം പ്രാപിക്കാനുള്ള മാർഗ്ഗമാണ് നിഷ്കാമധർമ്മം.

ഒരോ സൃഷ്ടവസ്തുവിലൂടെയും ദൈവീകമായ ഒരു ലക്ഷ്യം വെളിപ്പെടുത്തപ്പെടുന്നുണ്ട്, എന്ന ചിന്തയാണ് മാർ ഈവാനിയോസ് പിതാവിന്റെ ഈ ഒരു കാഴ്ചപ്പാടിനാധാരം. ഈ ദർശനം സുറിയാനി പിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ സാധാരണയായി കണ്ടുമുട്ടുന്ന ഒരു ദർശനമാണ്.

വി. അപ്രേമിന്റെ കൃതികളിൽ പ്രകൃതിയെ ദൈവീകവെളിപാടിന്റെ ഒരു സ്രോതസ്സായി അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. വി. ഗ്രന്ഥം എപ്രകാരം ദൈവപദ്ധതികൾ വെളിപ്പെടുത്തുന്നുവോ, അതേപോലെ തന്നെയാണ് പ്രകൃതിയും ദൈവത്തെ വെളിപ്പെടുത്തുന്നത് എന്നാണ് വി. അപ്രേം പഠിപ്പിക്കുന്നത്. മനുഷ്യന് വി.ഗ്രന്ഥം വായിക്കുമ്പോൾ ദൈവീക രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെട്ടു കിട്ടുന്നതുപോലെ, മനുഷ്യൻ (മഹാകൃതിയെ ഉപയോഗിക്കുമ്പോൾ അവന് ദൈവീകരഹസ്യങ്ങൾ വെളിപ്പെടുത്തപ്പെട്ടു കിട്ടുന്നു എന്നാണ് വി. അപ്രേം തന്റെ പറുദീസാ കീർത്തനങ്ങളിൽ പഠിപ്പിക്കുന്നത് (പറു. കീർ. 52). മാർ അപ്രേമിന്റെ ഈ ദർശനം ദൈവത്തെ മുൻനിർത്തിയുള്ള സൃഷ്ടവസ്തുക്കളോടുള്ള മനോഭാവമാണ് വളർത്തിയെടുത്തത്. ഇതേ ചിന്താധാര തന്നെയാണ് മാർ ഈവാനിയോസ് പിതാവും പിൻതുടരുന്നത്. മാർ ഈവാനിയോസ് പിതാവിൽ കാണുന്ന ഒരു വ്യതിരിക്തത അദ്ദേഹം സുറിയാനി പാരമ്പര്യത്തെ ഇന്ത്യൻ ദർശനങ്ങളുമായി ചേർത്തുവെച്ച് വ്യാഖ്യാനിച്ചു എന്നുള്ളതാണ്. പ്രകൃതിയോട്, സമസൃഷ്ടങ്ങളോട് നിഷ്കാമധർമ്മം പുലർത്തണം എന്ന പിതാവിന്റെ ദർശനം സുറിയാനി പാരമ്പര്യത്തെ ഇന്ത്യൻ ദർശനങ്ങളോട് സംയോജിപ്പാനുള്ള പിതാവിന്റെ പരിശ്രമങ്ങൾക്കുള്ള ഒരു മനോഹരമായ ഉദാഹരണം കൂടിയാണ്.

**മാർ ഈവാനിയോസിന്റെ പ്രായോഗിക സമീപനങ്ങൾ**

പ്രകൃതിയോടും, സമസൃഷ്ടങ്ങളോടും മാർ ഈവാനിയോസ് പിതാവ് ഇടപഴകിയപ്പോൾ പ്രകൃതിയും സർവ്വജീവജാലങ്ങളും ദൈവീക വെളിപ്പെടുത്തലിന്റെ ദൈവീക ശക്തിയുടെ ആവാസസ്ഥലമാണ് എന്ന ബോദ്ധ്യത്തോടെയാണ് അവയോട് ഇടപെട്ടത്. ഇതിനുള്ള ഒന്നാമത്തെ ഉദാഹരണം അദ്ദേഹം പിൻതുടർന്ന സന്ന്യാസ സംസ്കാരമാണ്.

**ആശ്രമസംസ്ക്കാരം**

ഒരു സന്ന്യാസ സമൂഹം സ്ഥാപിക്കാൻ അദ്ദേഹം തീരുമാനിച്ചപ്പോൾ അദ്ദേഹം തിരഞ്ഞെടുത്തത് ഇന്ത്യൻ സംസ്ക്കാരത്തോട് ചേർന്ന് നില്ക്കുന്ന ആശ്രമജീവിതമാണ്. ഇന്ത്യൻ സംസ്ക്കാരത്തിൽ ആശ്രമം എന്ന പദത്തിന്റെ അർത്ഥം 'ശ്രമിക്കുന്ന സ്ഥലം' എന്നാണ്. ഒരു

www.malankaralibrary.com

സന്ന്യാസി ദൈവത്തെ പരമമായി പ്രാപിക്കാൻ പരിശ്രമിക്കുന്ന സ്ഥലം എന്നാണ് സന്ധ്യാസഭവനങ്ങൾക്ക് ആശ്രമം എന്ന പേർ നല്കുന്നതിലൂടെ അദ്ദേഹം വിവക്ഷിച്ചിരുന്നത്. ആശ്രമങ്ങളെ തിരക്കിൽ നിന്നൊഴിഞ്ഞ് പ്രകൃതിയോട് ചേർന്നാണ് അദ്ദേഹം രൂപപ്പെടുത്തിയത്. ഇതിനുകാരണം പ്രകൃതി കനിഞ്ഞു നല്കുന്ന കാര്യങ്ങൾ സ്വീകരിച്ച് ജീവിക്കുമ്പോൾ അവ വെളിപ്പെടുത്തി നല്കുന്ന ദൈവാംശം സന്ന്യാസികളുടെ ദൈവാന്വേഷണത്തെ, ദൈവസമ്പാദനത്തെ ത്വരിതപ്പെടുത്തുന്നു എന്ന ചിന്ത തന്നെയാണ്.

മാർ ഈവാനിയോസ് തന്റെ സന്ന്യാസഭവനത്തിന് രൂപവും ഭാവവും നല്കുന്നതിനു മുമ്പ് പല ഹൈന്ദവാശ്രമങ്ങളും സന്ദർശിച്ചിരുന്നു. പ്രത്യേകിച്ച് കൽക്കട്ടയിലെ ശ്രീരാമകൃഷ്ണാശ്രമം, ടാഗോറിന്റെ ശാന്തിനികേതൻ. അതിനുശേഷമാണ് മുണ്ടൻമല എന്ന പ്രകൃതിരമണീയമായ ഒരു സ്ഥലത്തേക്ക് അദ്ദേഹം എത്തിച്ചേർന്നത്. തന്റെ ആദ്യ സന്ന്യാസഭവനം സ്ഥാപിക്കുന്നതിനാവശ്യമായ അന്വേഷണത്തെക്കുറിച്ച് അദ്ദേഹം ഗിരിദീപത്തിൽ ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്.

> നിശ്ശബ്ദതയും ഏകാന്തതയുമത്രേ സന്ന്യാസജീവിതത്തിനാവശ്യം. ദൈവകൃപയെ ഒഴിച്ചാൽ ഇവയ്ക്കു തന്നെയാണ് പ്രാമുഖ്യം നല്കേണ്ടതും. അതിനാൽ കോട്ടയം, കുന്നുംകുളം എന്നീ ജനങ്ങളാൽ നിബിഡീകൃതങ്ങളായ പട്ടണങ്ങളോ, നഗരികളോ ഈ ചെടിയുടെ വളർച്ചയ്ക്ക് ഉപയുക്തമായിരിക്കുകയില്ല. അതിനാൽ ജനവാസമില്ലാത്തതായി പ്രാപഞ്ചിക തിരമാലകളുടെ ശബ്ദം പോലും കേൾക്കാൻ ഇടയില്ലാത്തതായ ഒരു ഭൂഭാഗം എവിടെയുണ്ട് എന്ന് നാം അന്വേഷിച്ചു തുടങ്ങി. (ഗിരി. പേജ് 84).

ദൈവത്തെ കണ്ടെത്തുക എന്ന ലക്ഷ്യം സ്വച്ഛമായ അന്തരീക്ഷത്തിൽ മാത്രമേ സാദ്ധ്യമാകൂ എന്ന് തിരിച്ചറിഞ്ഞ പിതാവ് ഈ സ്വച്ഛമായ അന്തരീക്ഷം കണ്ടെത്തുന്നത് കക്കാട്ടാറിന്റെ തീരത്ത് പ്രകൃതിവിഭവങ്ങൾകൊണ്ട് സമ്പുഷ്ടമായ മുണ്ടൻമലയിലാണ്. ഇവിടെയുള്ള പ്രകൃതിയോടിണങ്ങിയ ജീവിതമാണ് മാർ ഈവാനിയോസിനും സഹ സസന്ന്യാസിമാർക്കും ദൈവസമ്പാദനത്തിന്റെ ഊർജ്ജം പകർന്നു നല്കിയത്.

പ്രകൃതി ദൈവത്തിന്റെ വരദാനമാണെന്ന് തിരിച്ചറിഞ്ഞ പിതാവ് തന്റെ ജീവസന്ധാരണത്തിനുള്ള എല്ലാ വകകളും പ്രകൃതിയിൽ നിന്ന് കണ്ടെത്താൻ പരിശ്രമിക്കുകയും ഇങ്ങനെ ദൈവാന്വേഷണയാത്രയെ തന്റെ വിഭവങ്ങളിലൂടെ പരിപോഷിപ്പിക്കുന്ന പ്രകൃതിയെ വേദനിപ്പിക്കാതെ പർണ്ണാശ്രമങ്ങൾ നിർമ്മിച്ച് അവയിൽ വസിച്ച് പിതാവ് തന്റെ ദൈവാന്വേഷണത്തെ ത്വരിതപ്പെടുത്തി. പിതാവിന്റെ ആശ്രമസംസ്ക്കാരത്തോടുള്ള പ്രതിപത്തി, ആശ്രമം സ്ഥാപിക്കാനുള്ള സ്ഥലത്തിന്റെ തിരഞ്ഞെടുപ്പ്, അവിടെ പ്രകൃതിയോട് ചേർന്ന് രൂപപ്പെടുത്തിയ ജീവിതശൈലി, ദൈവാന്വേഷണത്തെ ത്വരിതപ്പെടുത്താനായി പ്രകൃതിയും അവയിലെ വിഭവങ്ങളും സഹായിക്കും എന്ന ബോദ്ധ്യം ഇവയെല്ലാം സൃഷ്ടവസ്തുക്കൾ ഒരു മനുഷ്യന്റെ ജീവിതലക്ഷ്യ പ്രാപ്തിയ്ക്കായി സഹായിക്കുന്നു എന്ന ഉത്തമബോദ്ധ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്.

അദ്ദേഹം തിരഞ്ഞെടുത്ത സന്ന്യാസവസ്ത്രം, മണ്ണിൽ നിന്നും ഉണ്ടാക്കിയെടുത്ത നിറം ചാലിച്ച് കാഷായ നിറമാക്കിയാണ് അദ്ദേഹം ധരിച്ചത്. മനുഷ്യനെ ദൈവം തന്റെ സൃഷ്ടിയായ

www.malankaralibrary.com

ഭൂമിയിൽ നിന്നും മെനഞ്ഞുണ്ടാക്കിയതാണെന്നുള്ള ബോദ്ധ്യം സന്ന്യാസിയിൽ സൃഷ്ടിക്കാനുപകരിക്കുന്നതായിരുന്നു മാർ ഈവാനിയോസിന്റെ കാഷായ വസ്ത്രസങ്കൽപ്പം. സന്ന്യാസികൾക്ക് ധരിക്കാനായി മരക്കുരിശും, മെത്രാനായി വാഴിക്കപ്പെട്ടപ്പോൾ മരത്തിൽ നിർമ്മിച്ച അംശവടി തിരഞ്ഞെടുത്തും മാർ ഈവാനിയോസ് തന്റെ പ്രകൃതിയോടുള്ള ഇഴയടുപ്പം ഊട്ടി ഉറപ്പിച്ചു. സന്ന്യാസികൾ മാംസാഹാരം വർജ്ജിക്കണം എന്ന മാർ ഈവാനിയോസിന്റെ ഉപദേശത്തിന്റെ പിന്നിലും സൃഷ്ടവസ്തുക്കളെ അവയുടെ ജീവിതലക്ഷ്യത്തെ മുൻ നിർത്തി മാത്രം മനുഷ്യൻ ഉപയോഗിക്കണം എന്ന ദർശനമാണുള്ളത്. പശുവിന്റെ മാംസം ഭക്ഷിക്കാതിരിക്കുന്നതിലുള്ള മൂല്യത്തെക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് വിശദീകരിക്കുന്നത് മാംസാഹാര വർജ്ജനം എല്ലാ ജീവികളോടുമുള്ള 'മനുഷ്യ ദയ' എന്ന ചിന്തയുടെ പശ്ചാത്തലത്തിലാണ്.

സന്ന്യാസ ഭവനങ്ങളിൽ മാംസാഹാരം വർജ്ജിക്കണം എന്ന നിർദ്ദേശം പിതാവ് നല്കിയതിന്റെ പശ്ചാത്തലം പിതാവിന്റെ സെറാംപൂർ വാസക്കാലത്തെ ഹൈന്ദവസന്ന്യാസ ഭവനങ്ങളുമായിട്ടുള്ള ബന്ധമാണോ എന്ന ചോദ്യത്തിന് പിതാവ് നല്കിയ ഉത്തരത്തിൽ മാംസവർജ്ജനം ഭാരതീയസംസ്കാരത്തോട് ചേർന്ന് നില്ക്കുന്നതിലുപരിയായി, സൃഷ്ടാവിന് മനുഷ്യൻ നൽകുന്ന ആദരവായിട്ടാണ് പിതാവ് വിശദീകരിക്കുന്നത്.

> പശുക്കളെ കൊല്ലാതിരിക്കുന്നതിൽ ഒരു മൂല്യം ഒളിഞ്ഞിരിപ്പുണ്ട്. അത് എല്ലാ ജീവികളോടുമുള്ള ദയയും എല്ലാ ജീവികളുടേയും സൃഷ്ടാവിനോടുള്ള ആദരവുമാണ്.
>
> (ഫിലിപ്പ് ചെമ്പകശ്ശേരി, തപോധന വിസ്മയങ്ങൾ പേജ് 30)

**പ്രകൃതിയുടെ സൗഖ്യത്തിലുള്ള ബോദ്ധ്യം**

മനുഷ്യന്റെ ജീവിതലക്ഷ്യ പ്രാപ്തിയ്ക്ക് സൃഷ്ടവസ്തുക്കൾ മിഴിവും ഭാവവും നല്കുന്നു എന്ന മാർ ഈവാനിയൻ ദർശനത്തിന്റെ പിൻതുടർച്ച തന്നെയാണ് പ്രകൃതിയിലെ ഓരോ വസ്തുക്കളിലും വലിയ സഖ്യത്തിന്റെ സ്രോതസ്സ് അടങ്ങിയിരിക്കുന്നു എന്ന വിശ്വാസത്തിലേക്ക് മാർ ഈവാനിയോസിനെ നയിച്ചത്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വായു, ജലം, സൂര്യപകാശം എന്നിവയിൽ സൗഖ്യത്തിന്റെ കണങ്ങൾ അടങ്ങിയിരിക്കുന്നു എന്ന പിതാവിന്റെ വിശ്വാസം വി. ഗ്രന്ഥാധിഷ്ഠിതം തന്നെയാണ്. ഉല്പത്തി പുസ്തകത്തിൽ മണ്ണുമെനഞ്ഞ് അവയിലേക്ക് തന്റെ ആത്മാവിനെ നിവേശിപ്പിച്ച് മനുഷ്യനെ സൃഷ്ടിച്ച (ഉൽപ 2:7) ദൈവത്തിന്റെ പിൻതുടർച്ചക്കാരനായ ക്രിസ്തു, പുതിയ നിയമത്തിൽ, മണ്ണിൽ തന്റെ തുപ്പൽ ചേർത്ത് കുഴച്ച് അവ അന്ധന്റെ കണ്ണിൽ പുരട്ടി അന്ധനെ സുഖപ്പെടുത്തുന്നു (യോഹ 9:6). ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നത് ഭൂമിയിൽ ഒളിഞ്ഞുകിടക്കുന്ന ദൈവീക സൗഖ്യശക്തിയെയാണ്. ഇപ്രകാരമൊരു ശക്തി പ്രകൃതിയുടെ രൂപത്തിൽ നമ്മോടൊത്ത് സഞ്ചരിക്കുന്നുണ്ടെന്നുള്ള ബോദ്ധ്യം നമ്മിൽ രൂപപ്പെടേണ്ടത് എല്ലാ സൃഷ്ടജാലങ്ങളും മനുഷ്യനെ ദൈവത്തിലേക്ക് എത്തിക്കുന്നു എന്ന വിശ്വാസത്തിൽ നിന്നാണ്. പ്രകൃതി നല്കുന്ന സൗഖ്യത്തെക്കുറിച്ചുള്ള മാർ ഈവാനിയോസ് പിതാവിന്റെ പ്രബോധനങ്ങൾ നമ്മിൽ രൂപപ്പെടേണ്ട പ്രകൃതിയോടുള്ള ഒരു സമീപനത്തെയാണ് ഉത്തേജിപ്പിക്കുന്നത്.

www.malankaralibrary.com

ബഥനിയിലെ ആദ്യകാല സിസ്റ്റേഴ്സിന് അവരുടെ ആരോഗ്യസംരക്ഷണത്തിൽ അവർ പുലർത്തേണ്ട നിഷ്ഠകളെക്കുറിച്ച് മാർ ഈവാനിയോസ് നല്കിയ ഒരു പ്രബോധനത്തിൽ അവർ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളോട് എത്രത്തോളം അടുത്തുനില്ക്കണം എന്ന് പഠിപ്പിക്കുന്നു.

ജലം, വായു, ഭൂമി, സൂര്യരശ്മികൾ, പുലർകാലപ്രകാശം എന്നിങ്ങനെ മനുഷ്യന്റെ പരിസ്ഥിതിയിൽ നിന്നും ലഭിക്കുന്ന കാര്യങ്ങൾ മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ് എന്ന് പിതാവ് ഉദ്ബോധിപ്പിക്കുന്നുണ്ട്.

> ശുദ്ധവായു, ശുദ്ധജലം, ശുദ്ധഭൂമി, സൂര്യരശ്മികൾ, പുലർകാലപ്രകാശം ഇവ പ്രകൃതിയുടെ പഞ്ചാമൃതമാണ്...... സ്വച്ഛജലവും, ശുദ്ധവായുവും സന്ന്യാസിക്ക് ഒഴിച്ചുവയ്ക്കാവുന്നതല്ല.

മാർ ഈവാനിയോസ് പിതാവ് പ്രകൃതിയിലെ അഞ്ച് വിഭവങ്ങളെ അഞ്ച് അമൃതകളായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. അമൃത് പുരാണത്തിൽ മൃത്യുവിനെ നേരിടാനുള്ള ഔഷധമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. പ്രകൃതിയുടെ വിഭവങ്ങളാണ് മനുഷ്യനെ മരണത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നും സംരക്ഷിച്ച് അവനെ അവന്റെ ജീവിതത്തിന്റെ സാധാരണ ജീവിതചക്രം ജീവിച്ചു പൂർത്തിയാക്കാൻ സഹായിക്കുന്നത് എന്നതിന്റെ കൃത്യമായ സൂചന മാർ ഈവാനിയോസിന്റെ മുകളിൽ സൂചിപ്പിച്ച ഉദ്ബോധനത്തിൽ കൃത്യമായി ഉൾകൊണ്ടിരിക്കുന്നു.

**ഉപസംഹാരം**

ധന്യൻ മാർ ഈവാനിയോസ് പിതാവിന് തനതായ ഒരു പരിസ്ഥിതിദർശനം ഉണ്ടായിരുന്നു എന്നാണ് പിതാവിന്റെ കൃതികളിൽ നിന്നും, ജീവിതത്തിലും നിന്നും നമുക്ക് മനസിലാകുന്നത്. പിതാവിന്റെ പരിസ്ഥിതിദർശനം സ്രഷ്ടാവും സൃഷ്ടവസ്തുക്കളും തമ്മിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ബന്ധത്തിൽ അധിഷ്ഠിതമാണ് എന്നതിലുപരിയായി, ഒരുവന്റെ പരിസ്ഥിതി ദർശനം രൂപപ്പെടേണ്ടത് അവന്റെ പരമമായ ജീവിതലക്ഷ്യത്തെ മുൻ നിർത്തിയാണ്. എല്ലാ സൃഷ്ടവസ്തുക്കളും ദൈവത്തിങ്കലേക്ക് യാത്ര ചെയ്യുന്നു എന്നും, ഈ യാത്രയിൽ ഓരോ സൃഷ്ടവസ്തുവും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ജീവിത ധർമ്മത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യനെ സഹായിക്കുന്നുണ്ട് എന്നുമുള്ള ബോധ്യമാണ് പരസ്പര ബന്ധിതമായ ഒരാവാസ വ്യവസ്ഥ ഭൂമിയിൽ നിലനിർത്തുവനായിട്ടുള്ള പരിശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ഘടകം. ഒരു മനുഷ്യൻ എങ്ങനെ പ്രകൃതിയുമായി അതിന്റെ ആവാസവ്യവസ്ഥയ്ക്ക് കോട്ടംതട്ടാതെ ബന്ധപ്പെടണം എന്നതിന് ധന്യൻ മാർ ഈവാനിയോസ്, പ്രകൃതി മനുഷ്യ ബന്ധരൂപീകരണത്തിന് തന്റെ ജീവിതത്തിൽ എടുത്ത നിലപാടുകൾ തന്നെയാണ് നമ്മുടെ മാർഗ്ഗദർശനം.

www.malankaralibrary.com

# ദൈവപരിപാലനയുടെ കരങ്ങളിൽ

**ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി**

"കുശവന്റെ കൈയിൽ കളിമണ്ണ് എന്തുപ്രകാരം ഇരിക്കുന്നുവോ അപ്രകാരം ഞാൻ യേശുവിന്റെ കയ്യിൽ ഇരിക്കേണ്ടതാകുന്നു" (ധന്യൻ മാർ ഈവാനിയോസ് പിതാവ്)

ഉയിരും ഉടലും മാനവകുലത്തിനായി തർപ്പണം ചെയ്ത ഒരു 33 കാരനോടുള്ള അടങ്ങാത്ത സ്നേഹം ഹൃദയത്തിൽ അലതല്ലിയപ്പോൾ ഒപ്പമുള്ളവരെയും, സ്വന്തമെന്ന് കരുതിയതിനെയും ഉപേക്ഷിച്ച് അവന്റെ കുരിശിനെ പുൽകുവാൻ ജീവിതം വ്യയം ചെയ്ത സന്ന്യാസശ്രേഷ്ഠൻ. മലങ്കര സഭയുടെ നവോത്ഥാന നായകൻ ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ എഴുപത്തിരണ്ടാം ഓർമ തിരുന്നാൾ മലങ്കര മക്കൾ ഒരുമനഹൃദയത്തോടെ ആചരിക്കുമ്പോൾ... ആയിരക്കണക്കിന് വിശ്വാസികൾ പിതാവിന്റെ കബറിടത്തിൽ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന മഞ്ജരികൾ അർപ്പിക്കുമ്പോൾ....ആ പുണ്യതാതന്റെ ജീവിത വിശുദ്ധി ഇന്ന് ലോകത്തിനു മുഴുവൻ മാതൃകയായി തീരുകയാണ്...

ഒരു വിശുദ്ധന്റെ പരിപാവനതയോടും, ദൈവദൂതന്റെ വ്യക്തിപ്രഭാവത്തോടും കൂടെ മലങ്കര സഭയെ നയിച്ച വന്ദ്യ പിതാവിന്റെ ജീവിതം ദൈവവചനത്തിന്റെ പൂർത്തീകരണം ആയിരുന്നു.

വി.മത്തായി 6:25 മുതലുള്ള വാക്യങ്ങളിൽ മാർ ഇവാനിയോസ് പിതാവിന്റെ ആത്മീയ ജീവിതത്തിന്റെ രഹസ്യം വെളിപ്പെടുത്തിയിരിക്കുന്നു.

'ദൈവ പരിപാലനയിൽ ആശ്രയിക്കുക'

പിതാവിന്റെ ആത്മീയ ജീവിതം മുഴുവനും ഈ വചന ഭാഗത്തിൽ അധിഷ്ഠിതമായിരുന്നു.

തന്റെ സഭയിലും സമൂഹത്തിലും കുറവുകൾ ഉണ്ട് എന്ന് തിരിച്ചറിഞ്ഞ പിതാവ് പ്രാർത്ഥനയുടെ ആഴങ്ങളിൽ സന്ന്യാസം കൊണ്ട് സഭയെ നവീകരിക്കുവാൻ ശ്രമിച്ചു.

ദൈവ ആശ്രയത്വം കൊണ്ട് ഒരു പുതിയ സഭാ സമൂഹത്തെ കരുപിടിപ്പിച്ചു.

കോട്ടയം എം.ഡി സെമിനാരിയുടെ പ്രിൻസിപ്പൽ സ്ഥാനവും, കൽക്കട്ട സെറാംപൂർ കോളേജിലെ പ്രൊഫസർ സ്ഥാനവും, പെരുന്നാട്ടിലെ മുണ്ടൻമലയിലെ 500 ഏക്കറും ഒക്കെ നിഷ്പ്രയാസം വേണ്ട എന്നുവച്ച് ദൈവം കാണിച്ച വഴികളിലൂടെ മാത്രം അദ്ദേഹം നടന്നു.

മോശ ഇസ്രായേൽ ജനത്തെ നയിച്ചത് പോലെ തന്റെ ദൗത്യ നിർവഹണത്തിനായി ദൈവത്തിന്റെ വിജയകരമായ വലതുകൈതന്നെ നയിക്കുമെന്ന ഉത്തമ ബോധ്യം പിതാവിനുണ്ടായിരുന്നു.. പ്രതിസന്ധികളുടെ തിരമാലകൾ ആഞ്ഞടിച്ചപ്പോഴും ആത്മീയതയുടെയും വിശ്വാസത്തിന്റെയും ചെറുതോണി തുഴഞ്ഞുകൊണ്ട് ബലിയർപ്പണത്തിലൂടെയും പ്രാർത്ഥനകളിലൂടെയും പിതാവ് തന്റെ ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരുകയായിരുന്നു..

www.malankaralibrary.com

ദൈവമേ എനിക്കും നിനക്കും ഇടയിൽ ഇസഹാക്ക് ഒരു തടസ്സമാണെങ്കിൽ അവനെ നീ എടുത്തുകൊള്ളൂ എന്ന് പറഞ്ഞ് സ്വന്തം മകനെ ബലിയർപ്പിക്കുവാൻ മോറിയ മലയിലേക്ക് കയറിയ അബ്രഹാം എന്ന അപ്പന്റെ അതേ വിട്ടുകൊടുക്കൽ മനോഭാവത്തോടെ പെരുന്നാട്ടിലെ മുണ്ടൻമലയിൽ നിന്ന് സർവ്വ സമ്പത്തും ത്യജിച്ച് സ്വന്തമായി ഒന്നുമില്ലാതെ.. ഒപ്പം കൂട്ടുവാൻ ആരുമില്ലാതെ.. മുകളിൽ ആകാശവും താഴെ ഭൂമിയും മാത്രം കണ്ടുകൊണ്ട് പിതാവ് ആരംഭിച്ച ആ യാത്ര 'അതിവേഗം വളരുന്ന സഭയെന്ന്' വിശേഷിപ്പിക്കപ്പെട്ട അഞ്ചു ലക്ഷത്തോളം വിശ്വാസി സമൂഹത്തെ ഉൾക്കൊള്ളുന്ന മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ ഇന്ന് എത്തി നിൽക്കുകയാണ്...

പിതാവിന്റെ ഓർമ്മ തിരുന്നാൾ ആഘോഷിക്കുമ്പോൾ മലങ്കര മക്കളെന്ന നിലയിൽ, പിതാവിന്റെ ആത്മീയ ജീവിതം മാതൃകയാക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവർ എന്ന നിലയിൽ പിതാവിന്റെ ദൈവാശ്രയ ബോധത്തെ നമുക്ക് കൂട്ടുപിടിക്കാം.

ജീവിതത്തിൽ സാഹചര്യങ്ങൾ പ്രതികൂലമായേക്കാം, സ്വപ്നങ്ങൾ തകരുന്ന അനുഭവങ്ങൾ ഉണ്ടായേക്കാം... അങ്ങനെയങ്ങനെ... ഒരു മനുഷ്യജീവിതത്തിൽ കടന്നുപോകുവാൻ സാധിക്കാത്തത്ര വേദനകളുടെയും പ്രയാസങ്ങളുടെയും നടുവിലൂടെ കടന്നു പോകുമ്പോൾ പിതാവിനെ നമുക്ക് മാതൃകയാക്കാം.

സഭയെ... ഒരു സമൂഹത്തെ.. പിതാവ് നയിച്ചത് പ്രാർത്ഥന കൊണ്ടും ഉപവാസം കൊണ്ടും ത്യാഗോജ്വലമായ ജീവിതം കൊണ്ടുമാണ്. അങ്ങനെയെങ്കിൽ നമ്മുടെയൊക്കെ ജീവിതത്തിന്റെ പ്രതിസന്ധികളെ പ്രാർത്ഥനകൊണ്ടും ആത്മീയ ജീവിതത്തിന്റെ പിൻബലംകൊണ്ട് നമുക്കും അതിജീവിക്കാം. പിതാവിന്റെ പ്രാർത്ഥന അതിനു നമ്മെ സഹായിക്കട്ടെ.

www.malankaralibrary.com

# Venerable Mar Ivanios: A Man of Hope rooted in the Scripture

**Bro. Linson Mathew OIC**

All living beings are mortal. Some keep dying even though alive, while some keep living even though already dead. Mar Ivanios, the prophet of Reunion movement is a name etched in the memory of many and also written in gold in the annals of history. On July 15, 2025, the Malankara Catholic Church celebrated the 72nd commemoration of his legacy that still continues to inspire million and millions. When I ponder on the life of Mar Ivanios, I can't help but admire the heroic bravery of Archbishop Venerable Mar Ivanios. I believe that the true face of a person is revealed when he or she is at the face of an adversity. It is the 'brave Mar Ivanios' that stands out for me out of the many facets of his great personality. He faced immense challenges all throughout his life but he never backed down or sunk into the abyss of dejection and hopelessness. Rather, his unfailing trust and surrender in God enabled him to face these challenges with courage and hope. Mar Ivanios was able to trust God's will because he was able to encounter God in his life. He was a man of Hope. This is the reason behind his courageous decision to enter into Catholic communion in spite of many of his supporters backing down at the last moment.

Venerable Mar Ivanios is not an out dated luminous figure who once walked on this planet Earth. Rather, he is as relevant to these times just as he was during his life-time. Pope Francis, of holy memory, had designated the year 2025 as a Jubilee Year or Holy Year, with the theme 'Pilgrims of Hope'. The Malankara Catholic Church also very specially designated the period from Sep 20, 2024 - Sep 19, 2025 as the 'Year of the Word of God'. It is so fascinating to realize that Mar Ivanios was a 'Man of Hope' who was rooted in 'the Word of God' and is now our beacon of light in our journey as 'Pilgrims of Hop'. Mar Ivanios once said: "God is not only my creator and master, and he is my last end and final ambition" (Mar Ivanios, *Dhyana Kusumangal*, pg. 20). Mar Ivanios encountered the last end of his life i.e., God in the living Word (Scripture), the sacramental and ecclesial life of the Church and in Monastic life. One of the most famous dictums of Mar Ivanios is "Possession of God is nobler than service of God". The process of 'possession of God' is a never-ending, life-long process. It is an active engagement to encounter Him in the Word of God, liturgy and in our day-to-day lives.

Mar Ivanios gave tremendous importance to Scripture in his life. He sought answers and took decisions by rooting his life in the Scripture. Mar Ivanios found his anchor in the Scripture which enabled him to take the right decisions all throughout his life. For example, he gave the

www.malankaralibrary.com

name 'Bethany' to the religious congregation he founded and imbibed the spirituality of Bethany saints Martha, Mary and Lazar by praying and meditating on the Word of God. It is biblical to its core. Mar Ivanios looked at liturgy as a means of encountering and possessing God. According to Mar Ivanios, the fundamental aim of liturgy is the 'divinisation of the human person' or the 'union with God' (The Theological Visions of Mar Ivanios, pg. 117). For Mar Ivanios, *Sannyasa* or Monasticism is a life-long process of possessing God. Monastic life or *sannyasa* in fact is the proclamation and witness of Jesus Christ who is revealed in the Word of God. In *Sannyasa Jeevitha Sahayi*, Mar Ivanios points out that Jesus Christ is the first *Sannyasi*.

In these morally challenging times, we have to face life with courage and faith. Mar Ivanios inspires us to be brave and courageous and hopeful in all circumstances. We become brave and resilient when we find our anchor in God. In our conscious efforts to possess God by living a life rooted in the Word of God, liturgy and Monastic simplicity, we begin to enter into the process of assimilating Christ and becoming one with Him. It is nothing but this communion with God that ultimately enables us to be brave and courageous at the face of trials and tempest of life.

●

www.malankaralibrary.com

# ആത്മസമർപ്പണത്തിന്റെ സ്പന്ദനം

ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി

അമ്പതാമാണ്ടിന്റെ സുവർണ്ണ കിരീടവും, ഇരുപത്തഞ്ചിന്റെ രജതകിരീടവും അണിഞ്ഞു നിൽക്കുന്ന ബഥനിയിലെ എന്റെ ഏറ്റവും പ്രിയപ്പെട്ട സന്ന്യാസ സഹോദരങ്ങളെ,

ഇരുൾ മൂടിയ യാമങ്ങളിൽ നിങ്ങൾ സ്വയം എരിഞ്ഞ് അനേകർക്ക് ആത്മീയ വെളിച്ചം നൽകുന്ന വിളക്കുകളായി.

ലൗകികതയുടെ തണുപ്പേറ്റ് മന്ദീഭവിച്ച ഹൃദയങ്ങളെ ആത്മീയ തപസ്സിന്റെ ചൂട് നൽകി ഉണർത്തുന്ന താപസ്സന്മാരായി.

അത്യാവശ്യവും ആഡംബരവും തമ്മിലുള്ള അന്തരത്തെ നിങ്ങൾ തിരിച്ചറിഞ്ഞ് അമിതമായതൊന്നും അതിജീവനത്തിനാവശ്യമുള്ളതല്ല എന്ന സന്ന്യാസാരൂപിയെ ഹൃദയത്തിലേക്ക് ആവാഹിച്ചു.

സമൃദ്ധിയുടെ നടുവിലും 'എനിക്കിതു മതി' എന്ന് ഉരുവിട്ടുകൊണ്ട് ദ്രവ്യാഗ്രഹത്തെ ജയിച്ചു.

ദൈവമെ നീ മാത്രമാണെന്റെ ധനം എന്നു രാവും പകലും ഹൃദയത്തിൽ നിരൂപിച്ചു.

എന്റെ പ്രണയം നിനക്കു മാത്രം എന്ന് പറഞ്ഞുകൊണ്ട് ദൈവത്തെ മാത്രം ഹൃദയത്തിൽ ഉപാസിച്ച് ദിനരാത്രങ്ങൾ ഈശ്വര പ്രണിധാനമാക്കി.

ദൈവസമ്പാദനമെന്ന മൂല്യമേറിയ വൈഢൂര്യത്തെ നേടിയ നിങ്ങൾ വില കുറഞ്ഞ മുത്തുകൾ പാടെ ഉപേക്ഷിച്ചു.

തന്നിഷ്ടമെന്ന അഹംഭാവത്തെ ദൂരെയെറിഞ്ഞ് ദൈവഹിതത്തിന്റെ വഴിയെ നിങ്ങൾ നടന്നു. വേദനയുടെയും നിരാശയുടെയും ഭയത്തിന്റെയും വഴികളിൽ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ദൈവത്തിന്റെ കരങ്ങളെ നെഞ്ചോടു ചേർത്തു പിടിച്ച് ലക്ഷ്യസ്ഥാനത്തെത്തി.

നിങ്ങൾ അഹത്തെ ത്യജിച്ച്, സ്വയം ഒഴിഞ്ഞിടത്ത് ദൈവം നിറഞ്ഞു.

നിങ്ങളുടെ വാക്കുകൾ ചുരുങ്ങിയിടത്ത് ദൈവം സംസാരിച്ചു.

കാലത്തിന്റെ മഹാപ്രളയത്തിലും വിപരീത സാഹചര്യങ്ങളുടെ കുത്തൊഴുക്കിലും നില കിട്ടാതെ മുങ്ങിത്താണപ്പോൾ ദൈവത്തിന്റെ വലതുകരം നിങ്ങളെ താങ്ങി ചേർത്തു പിടിച്ചു.

ദൈവത്തിന്റെ ചങ്കിനുള്ളിലൊരിടം നിങ്ങൾ കണ്ടെത്തി.

പുരോഹിതൻ മുമ്പേ നടന്ന് നയിക്കേണ്ടവനാണെന്ന് നിങ്ങൾ ജീവിതംകൊണ്ട് തളിയിച്ചു.

മാമോദീസായിലൂടെ വാക്കുകൾ മുളയ്ക്കാത്ത കുന്നുകളിൽ നിങ്ങൾ ദൈവവചനത്തിന്റെ വിത്തുകൾ വിതച്ചു.

വിശുദ്ധ കുർബാനയപ്പത്തെ അനേകരുടെ നാവുകളിൽ ദിവ്യകാരുണ്യമായി പകർന്നു നൽകി.

www.malankaralibrary.com

കുമ്പസാരക്കൂട്ടിൽ വേദനിക്കുന്ന ഹൃദയങ്ങളെ നിങ്ങളുടെ ശ്രവണം ആശ്വാസത്തിന്റെ തുറമുഖത്തെത്തിച്ചു. മാധുര്യമുള്ള നിങ്ങളുടെ വാക്കുകൾ അനേകരുടെ ഹൃദയ മുറിവുകൾക്ക് ഔഷധമായി മാറി.

സ്വർഗ്ഗീയ സീയോനിലേക്കുള്ള യാത്രയിൽ അനേകർക്ക് നിങ്ങൾ പ്രത്യാശയുടെ കാർമ്മികനായി...

പ്രിയ സന്ന്യാസ പുരോഹിതരെ,

കേൾക്കാൻ സമയമുണ്ടെങ്കിൽ പറയാനൊത്തിരിയുണ്ട്, ദൈവപരിപാലനയുടെ കഴിഞ്ഞു പോയ ദശാബ്ദങ്ങളെക്കുറിച്ച്!

അഭൗമമായ ദൈവികാരൂപിയുടെ ഇടപെടലുകളെക്കുറിച്ച്!

എത്ര പറഞ്ഞാലും നിങ്ങളുടെ ജീവിത കഥ തീരില്ല. നന്ദി ചൊല്ലിത്തീർക്കുവാൻ ഈ ജീവിതം മതിയാവുകയുമില്ല.

ഇനിയും പോവുക, അനേകർക്ക് വഴികാട്ടിയായി!

ശുഭാശംസകൾ!

www.malankaralibrary.com

# ജൂബിലി നിറവിൽ ബഹു. ചാക്കോ ഫിലിപ്പച്ചൻ

**ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി**

സന്ന്യാസപ്രതിഷ്ഠയുടെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹു. ചാക്കോ ഫിലിപ്പ് അച്ചന് എല്ലാ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

ചാക്കോച്ചൻ വളരെയേറെ സുഹൃത്ബന്ധങ്ങളുള്ള വ്യക്തിയാണ്. ആശ്രമത്തിനുള്ളിലും പുറത്തും പ്രായഭേദമെന്യേ ചാക്കോച്ചന് വളരെയധികം സുഹൃത്തുക്കളുണ്ട്. ഈ സൗഹൃദം ചാക്കോച്ചൻ സന്തോഷത്തോടെ കാത്തുസൂക്ഷിക്കുന്നു. ആശ്രമത്തിനുള്ളിൽ പ്രായഭേദമെന്യേ ചാക്കോച്ചനെ വാത്സല്യത്തോടെ എല്ലാവരും 'ചാക്കോപ്പി' എന്നു വിളിക്കും. ഏവർക്കും ചാക്കോപ്പി സംലഭ്യനാണ്.

ചാക്കോപ്പിയുടെ ലിറ്റർജിക്കൽ സർവ്വീസ് വളരെ ഇമ്പകരവും മാധുര്യമേറിയതുമാകുന്നു. ഒരു കാലത്ത് സമൂഹത്തിന്റെ വ്രതാനുഷ്ഠാനം, ഓഡിനേഷൻ, മരണാനന്തര ശുശ്രൂഷകൾ എന്നിവയ്ക്ക് ചാക്കോച്ചൻ ഇമ്പകരമായ നേതൃത്വം കൊടുക്കുമായിരുന്നു. ചാക്കോപ്പിയുടെ 'കുറിയേലായിസ്സോൻ' നല്ല ശബ്ദത്തിൽ ഇമ്പകരമായി ചൊല്ലുമ്പോൾ കേൾക്കാൻ വളരെ മാധുര്യമുണ്ടായിരുന്നു. ചാക്കോച്ചൻ സമൂഹത്തിൽ ഒരു നല്ല മിഷനറിയായിരുന്നു. നെടുമങ്ങാട്, വയനാട്, ഹൈറേഞ്ച്, സൗത്ത് കാനറ, ബോംബെ, പൂനാ, കുന്നംകുളം, ചിറയ്ക്കൽ എന്നീ പ്രദേശങ്ങളിൽ അനേകം ഇടവകകളിൽ ചാക്കോച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഇരുന്ന ഇടവകകളിലെല്ലാം ചാക്കോച്ചൻ ഏവർക്കും ഹൃദ്യനായിരുന്നു, എവിടെയും നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കുവാൻ ചാക്കോപ്പിക്ക് കഴിയുമായിരുന്നു.

ഞങ്ങളുടെ തലമുറയ്ക്ക് ഒരു നല്ല ജ്യേഷ്ഠസഹോദരനായിരുന്നു. അതോടൊപ്പം നല്ല ഒരു സുഹൃത്തും. സമൂഹത്തിൽ ആരെയും ശുശ്രൂഷിക്കുന്നതിന് ചാക്കോച്ചന് മടിയില്ലായിരുന്നു. പ്രത്യേകിച്ച്, സമൂഹാംഗങ്ങളുടെ രോഗക്കിടക്കയിൽ വലിയ ഗീവർഗ്ഗീസച്ചനെ (ഫാ. ഗീവർഗ്ഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി) ചാക്കോച്ചൻ ശുശ്രൂഷിച്ചത് നേരിൽ കണ്ട് നിന്നിട്ടുണ്ട്. വളരെ മാതൃകാപരമായ രോഗീശുശ്രൂഷ അദ്ദേഹം ചെയ്തിട്ടുണ്ട്.

ചേലക്കര തോട്ടത്തിന്റെ ആദ്യ മാനേജരായിരുന്നു ചാക്കോച്ചൻ. സമൂഹത്തിൽ ചെയ്ത ശുശ്രൂഷകൾ അനുസ്മരിക്കുന്ന സമയമാണ് ജൂബിലി സമയം. ചേലക്കരയിൽ അന്ന് വഴിയും റോഡുമൊന്നും ഇല്ലാത്തപ്പോൾ എല്ലാ ദിവസവും കുന്നംകുളത്തുനിന്നും ചേലക്കരയിലെത്തി തോട്ടം പരിപാലിച്ചിരുന്നു. ഇപ്പോൾ വളരെക്കാലമായി രോഗബാധിതനായി അദ്ദേഹം കിടപ്പിലാണ്. രോഗക്കിടക്കയിലും ചാക്കോപ്പി സന്തോഷവാനാണ്; സംതൃപ്തനാണ്. പരാതികൾ ചാക്കോപ്പിക്കില്ല. മരണവക്രതയിൽ എത്തിനിൽക്കുന്ന നിമിഷങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ മരണത്തെ തോല്പിക്കാനുള്ള ആത്മധൈര്യം ചാക്കോപ്പിക്കുണ്ടായി. ഇപ്പോഴും വളരെ അവശതയിലായിരിക്കുമ്പോഴും നമ്മുടെ ചാക്കോപ്പിയെ സ്നേഹത്തോടെ ചാക്കോപ്പി എന്നു വിളിക്കുമ്പോൾ തന്റെ സ്വതസിദ്ധമായ നിലയ്ക്ക് മറുപടി നൽകുന്ന ചാക്കോപ്പി സഹനത്തിന്റെ മാതൃകയാണ്.

ഈ ജൂബിലി നിറവിൽ ഞങ്ങളുടെ പ്രിയ സുഹൃത്ത് ജ്യേഷ്ഠസഹോദരൻ ചാക്കോപ്പിക്ക് ആയിരമായിരം മംഗളങ്ങൾ. ദൈവം കൂടുതൽ സംരക്ഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ അനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

www.malankaralibrary.com

# മിതഭാഷിയും ശാന്തനുമായ സന്ന്യാസി: ജോണച്ചൻ

ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി.

1973-ലാണ് ജോൺ അച്ചൻ ആശ്രമത്തിൽ ചേർന്നത്. 1974-ൽ ഞാനും ആശ്രമത്തിൽ ചേർന്നു. 1975-ൽ നോവിഷ്യേറ്റിനുവേണ്ടി ഞാൻ തിരുവല്ല ആശ്രമത്തിൽ എത്തി. അവിടെവച്ചാണ് ഞാൻ ജോണച്ചനെ ആദ്യമായി കാണുന്നത്. അന്നത്തെ കാലത്ത് നോവിഷ്യേറ്റ് രണ്ടു വർഷമായിരുന്നു. ഞങ്ങൾ ഒരുകൊല്ലം നൊവിഷ്യേറ്റിലുമുണ്ടായിരുന്നു. ജോണച്ചന്റെ നോവിഷ്യേറ്റിന്റെ രണ്ടാം വർഷവും ഞങ്ങളുടെ നൊവിഷ്യേറ്റിന്റെ ഒന്നാം വർഷവും. പക്വതയുള്ള ഒരു മനുഷ്യനെയാണ് ഞാൻ ജോണച്ചനിൽ കണ്ടിരുന്നത്. ജോണച്ചന് ലേറ്റ് വൊക്കേഷനായിരുന്നു. കൂട്ടത്തിൽ ഏറ്റവും പ്രായമുള്ള ഒരാളായിരുന്നതുകൊണ്ടുതന്നെ അതിനനുസരിച്ചുള്ള പക്വതയോടെയാണ് അച്ചൻ എല്ലാവരോടും പെരുമാറിയിരുന്നത്.

എന്റെ ഓർമ്മയിൽ ജോൺ അച്ചൻ ഫസ്റ്റ് ബീഡിലും ഞാൻ സെക്കൻഡ് ബീഡിലുമായിരുന്നു. വളരെ നിഷ്ഠയോടുകൂടിയായിരുന്നു അച്ചൻ എല്ലാം കാര്യങ്ങളും ചെയ്തുവന്നിരുന്നത്. കൃത്യസമയത്ത് ക്ലാസിൽ എത്തുകയും നല്ലതുപോലെ പരീക്ഷ എഴുതുകയും, അതുപോലെ മറ്റ് കാര്യങ്ങളിലൊക്കെ അദ്ദേഹം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. നല്ലൊരു കർഷകനായിരുന്ന അച്ചൻ കപ്പ, കാച്ചിൽ, ചേന, ചേമ്പ് എന്നീ ഇത്യാദികാര്യങ്ങളിലൊക്കെ കൃഷി ചെയ്യുന്നതിൽ നല്ല പ്രാവീണ്യം കാണിച്ചിരുന്നു. അങ്ങനെ ഞാനും കൃഷിയൊക്കെ പഠിച്ചത് ജോണച്ചനിൽ നിന്നാണ്.

ജോണച്ചൻ പ്രീഡിഗ്രി പൂർത്തിയാക്കിയിരുന്നതിനാൽ നോവിഷ്യേറ്റിനുശേഷം അദ്ദേഹം ഫിലോസഫി പഠനത്തിനായി പൂനയിലേക്ക് പോയി. പിന്നെ ഞങ്ങൾ ഒന്നിക്കുന്നത് അച്ചന്റെ തിയോളജി സമയത്തായിരുന്നു. അപ്പോൾ ഞാൻ ഫിലോസഫി പഠനത്തിനായി പൂനയിലെത്തി. അവിടെ ഫോർമേഷനിൽ ഉണ്ടായിരുന്ന അച്ചനിൽ എനിക്കു കാണാൻ സാധിച്ചത് നല്ല ശുഷ്കാന്തിയോടുകൂടി അവിടുത്തെ കൃഷിയിലും, കളിയിലും പക്വതയോടുകൂടി കാര്യങ്ങളെ നോക്കി ചെയ്യുന്ന ജോണച്ചനെയായിരുന്നു. സന്ന്യാസനിഷ്ഠകളൊക്കെ വളരെ കൃത്യമായിട്ട് പാലിച്ച് ജീവിച്ച് ആരെക്കൊണ്ടുമൊരു തെറ്റു പറയിപ്പിക്കാൻ തന്റെ ജീവിതത്തിൽ അദ്ദേഹം ഇടവരുത്തിയിട്ടില്ല. ആവേശംകൊണ്ട് മറ്റുള്ളവരെ വിമർശിക്കുന്ന സ്വഭാവമൊന്നുമില്ലാത്ത വളരെ ശാന്തനായ, മിതഭാഷിയായ ഒരു മനുഷ്യനായിരുന്നു ജോണച്ചൻ. എന്നിരുന്നാലും ഞങ്ങളുടെ ചെറിയ തെറ്റുകൾ കണ്ടാൽ സ്നേഹത്തോടെ തിരുത്തുവാനും അദ്ദേഹം ഞങ്ങളെ സഹായിച്ചിരുന്നു.

പട്ടം കിട്ടി കഴിഞ്ഞപ്പോൾ രണ്ടു മൂന്നു ബാച്ചുകളുടെ പ്രീ-നോവിസ് മാസ്റ്ററായിരുന്നു അദ്ദേഹം. പരിശീലനം കുട്ടികൾക്ക് ഏറ്റവും ഉപകാരപ്രദമാകത്തക്ക വിധം വളരെ സിസ്റ്റമാറ്റിക്ക് ആയിട്ടുള്ള ഒരു ജീവിതരീതിയാണ് കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്നത്. സന്ന്യാസ നിഷ്ഠാ ക്രമത്തിലും അതുപോലെ ജീവിതത്തിലെ അടുക്കും ചിട്ടയുമൊക്കെ അദ്ദേഹം കുട്ടികളെ പരിശീലിപ്പിച്ചിരുന്നു.

www.malankaralibrary.com

അച്ചന്റെ മിഷനറി ജീവിതത്തിൽ രണ്ടു മൂന്ന് പള്ളികളൊക്കെ പണിയിപ്പിച്ചിട്ടുണ്ട്. മറ്റുള്ളവരോട് അഭിപ്രായം ചോദിച്ചുകൊണ്ടുമൊക്കെയാണ് അച്ചൻ ഈ പള്ളി പണി പൂർത്തിയാക്കിയത്.

ജീവിതത്തിൽ അടുക്കും ചിട്ടയുമുള്ളതിനോടൊപ്പം തന്നെ മറ്റുള്ളവരുടെ കാര്യത്തിൽ നല്ല കരുതലും അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയുന്നതിലും, മറ്റുള്ളവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന ഒരു മനുഷ്യനെയാണ് എനിക്ക് വ്യക്തിപരമായി ജോണച്ചനിൽ കാണാൻ സാധിച്ചിരുന്നത്. എന്റെ പലവിധത്തിലുള്ള ദുഃഖങ്ങളിലും പ്രയാസങ്ങളിലുമൊക്കെ 'എന്താ ജോസഫേ' എന്നു വിളിച്ച് നല്ല ഒരു സ്നേഹിതനായിട്ട്, സുഹൃത്തായിട്ടുമൊക്കെ എനിക്ക് സ്നേഹം തന്ന സന്ദർഭങ്ങളൊക്കെ എന്റെ ജീവിതത്തിൽ ഓർത്തുവെയ്ക്കാനായിട്ടുണ്ട്.

അദ്ദേഹം പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായിരുന്ന കാലത്തും ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നു. പണമിടപാടുകാര്യത്തിൽ വളരെ കർക്കശവും വിട്ടുവീഴ്ചയില്ലാത്ത മനോഭാവവുമായിരുന്നു. എല്ലാവർക്കും മാതൃകായോഗ്യമായ ജീവിതമാണ് അദ്ദേഹം ഇന്നുവരെയും പുലർത്തിക്കൊണ്ടുപോകുന്നത്. ആർക്കുമൊരു ബുദ്ധിമുട്ടും ഉണ്ടാക്കിയതായിട്ടും ആർക്കും ഒരു നീരസമായിട്ട് പെരുമാറുന്നതോ, ആരെപ്പറ്റിയും മോശമായിട്ട് പറയുന്നതോ അച്ചനിൽ നിന്ന് ഞാൻ കേട്ടിട്ടില്ല. അതുകൊണ്ടുതന്നെ അദ്ദേഹം ബഥനി സന്ന്യാസി സമൂഹത്തിന് ചെയ്ത സേവനങ്ങളെല്ലാം വളരെ വലുതാണ്.

തന്റെ ആദ്യവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ബഹു. ജോണച്ചന് ദൈവാനുഗ്രഹത്തിന്റെ നന്മകൾ പ്രാർത്ഥനയോടെ നേരുന്നു.

www.malankaralibrary.com

# പീറ്റർ ജോണച്ചൻ എന്ന ജ്യേഷ്ഠസഹോദരൻ

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**

തത്വശാസ്ത്ര പഠനത്തിനായി പൂനായിലെത്തുമ്പോഴാണ് പീറ്റർ ജോണച്ചനെ ഞാൻ പരിചയപ്പെടുന്നത്. അച്ചൻ 'ആശ്രമ കൃഷി വകുപ്പു തലവനാ'യിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സഹായിയായി എന്നെ ഉൾപ്പെടുത്തി. ആദ്യമായി കേരളത്തിനു പുറത്തുപോയി താമസിക്കുമ്പോളുണ്ടാവുന്ന ആശങ്കകൾ അകറ്റുവാൻ അച്ചന്റെ ഉപദേശങ്ങൾ ഏറെ സഹായിച്ചു. കൃഷിപാഠങ്ങൾ പങ്കിടുന്നതിനൊപ്പം ഭാഷാപരമായ തിരുത്തലുകളും നൽകി ജ്യേഷ്ഠസഹോദര തുല്യമായി പീറ്ററച്ചൻ ഇടപെട്ടത് ഇപ്പോഴും നന്ദിയോടെ ഓർക്കുന്നു.

താനായിരിക്കുന്ന ഇടങ്ങളെ എപ്പോഴും സന്തോഷിപ്പിക്കുവാൻ അച്ചൻ ശ്രമിക്കുമായിരുന്നു. സരസഭാഷണങ്ങളും പൊട്ടിച്ചിരികളുംകൊണ്ട് മുഖരിതമായിരുന്നു അച്ചന്റെ വാസസ്ഥാനങ്ങൾ. വേണ്ടാത്ത ഗൗരവഭാവം ഇല്ലാത്തതിനാൽ ആർക്കും അച്ചനെ സന്തോഷത്തോടെ സമീപിക്കുവാൻ തോന്നുമായിരുന്നു.

കലാരംഗത്തുള്ള അച്ചന്റെ കഴിവ് അധികം പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോയിട്ടുണ്ടെന്നു തോന്നുന്നു. നാടകാഭിനയത്തിൽ, മനോധർമ്മം കൃത്യമായ അളവിൽ പ്രയോഗിക്കുന്ന ഒരാളായിരുന്നു പീറ്റർ ജോണച്ചൻ. ഗാനരചനാ രംഗത്തും അച്ചൻ മികവു തെളിയിച്ചു. അനേകം ക്രിസ്തീയ ഭക്തിഗാനങ്ങൾ പീറ്റർ ജോണച്ചന്റെ തൂലിക രചിച്ചു.

തീക്ഷ്ണതയുള്ള ഒരു മിഷനറിയായിരുന്നു പീറ്ററച്ചൻ. കേരളത്തിന് അകത്തും പുറത്തും വ്യത്യസ്ഥങ്ങളായ ജീവിത സാഹചര്യങ്ങളിൽ അച്ചൻ ചെയ്ത ശുശ്രൂഷകൾ എന്നും ഓർമ്മിക്കപ്പെടും. പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാതെയിരുന്ന സ്ഥലങ്ങളിൽ ക്ലേശകരമായ യാത്രകൾ നടത്തി സഭയെ വളർത്താൻ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ദൈവജനത്തിന്റെ മനസ്സിൽ പച്ചകെടാതെ അവശേഷിക്കും. ആത്മീയമായി മാത്രമല്ല, ഭൗതികമായും തന്റെ ആത്മീയ അജഗണത്തെ പരിപോഷിപ്പിക്കുവാൻ ശ്രദ്ധാലുവായിരുന്നു അച്ചൻ.

ഇമ്പമേറിയ വി. കുർബ്ബാനപോലെ തന്നെ, ഇടവകജനങ്ങളോടുള്ള അച്ചന്റെ പെരുമാറ്റവും മധുരതരമായിരുന്നു. വലിപ്പ ചെറുപ്പ ഭേദമില്ലാതെ, ഔപചാരികതയുടെ ആട അണിയാതെ ഇടപെടാനുള്ള കഴിവുമൂലം ജനങ്ങളുടെ ഹൃദയത്തിൽ ഇടംപിടിച്ച അജപാലകനായി അച്ചൻ മാറി.

ബഥനി സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് അച്ചൻ നൽകിയ സേവനം നിസ്തുലമായിരുന്നു. അച്ചന്റെ ലളിതമായ പ്രസംഗവും ഹൃദയസ്പർശിയായ പ്രാർത്ഥനയും അനേകർക്കു പ്രചോദനമായി തീർന്നിട്ടുണ്ട്.

തിരുവല്ലാ ആശ്രമ ദയറായിൽ പീറ്റർ ജോണച്ചൻ അധ്യക്ഷനായിരുന്നപ്പോൾ ഞാനവിടെ

www.malankaralibrary.com

ഒരംഗമായിരുന്നു. എല്ലാവരെയും ഏകോപിപ്പിച്ചു പ്രവർത്തിക്കാനുള്ള അച്ചന്റെ മികവ് അന്ന് നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവരെയും കേൾക്കാനുള്ള മനസ്സും, പെട്ടെന്നു പ്രകോപിതനാകാതെയിരിക്കാനുള്ള കഴിവും, ഏവരെയും അനുനയിപ്പിക്കാനുള്ള പാടവവും അച്ചന്റെ നേതൃഗുണത്തിന്റെ സവിശേഷതകളാണ്.

പല മഠങ്ങളിലെ സന്ന്യാസിനികളുടെ ധ്യാനഗുരുവായും അധ്യാപകനായും ആത്മീയോപദേശകനായും അച്ചൻ സേവനം ചെയ്തു. ധന്യൻ മാർ ഈവാനിയോസ് പിതാവിനെ അനേകർക്ക് പരിചയപ്പെടുത്തിക്കൊടുത്തു; കരുതലിന്റെയും ലാളിത്യത്തിന്റെയും പ്രഭ ശുശ്രൂഷാ മണ്ഡലങ്ങളിൽ പടർത്തി.

പ്രവർത്തിക്കാനുള്ള ഊർജ്ജം അച്ചനിൽ ഇനിയും അവശേഷിക്കുന്നുണ്ട് എന്നതാണ് വാസ്തവം. ബഥനിസമൂഹം അദ്ദേഹത്തിന്റെ ശേഷിയെ കൂടുതലായി പ്രയോജനപ്പെടുത്തട്ടെ.

അച്ചന് ജൂബിലിയുടെ പ്രാർത്ഥനാശംസകളും ആയുരാരോഗ്യവും സ്നേഹത്തോടെ നേരുന്നു.

●

www.malankaralibrary.com

# സ്വർണ്ണ വർണ്ണങ്ങളിൽ മൂന്ന് ബഥാന്യർ

**ഫാ. ജെയിംസ് തടത്തിൽ ഒ.ഐ.സി.**

വിശ്വാസത്തിന്റെയും ശുശ്രൂഷയുടെയും സേവനത്തിന്റെയും അമ്പതുവർഷത്തെ സുവർണ്ണയാത്ര പൂർത്തിയാക്കിയ ചാക്കോ ഫിലിപ്പച്ചനും, ജോൺ വട്ടപ്പറമ്പിൽ അച്ചനും, പീറ്റർ ജോൺ അച്ചനും ബഥനി സഹോദരങ്ങളുടെ സുവർണ്ണജൂബിലി പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു.

അമ്പതു വർഷങ്ങൾക്കുമുമ്പ് ആദ്യവ്രതവാഗ്ദാനം പൂർത്തിയാക്കി ക്രിസ്തുവിന്റെ വിളിയോട് പ്രത്യുത്തരിച്ച് തങ്ങളുടെ ജീവിതം ബഥനി സന്ന്യാസിസമൂഹത്തിലൂടെ ദൈവജനത്തെ സേവിക്കുവാനായി ഈ മൂവരും ബലിയായി സമർപ്പിച്ചു. അവരുടെ വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും ജീവിതം ബഥാന്യർക്കെന്നും മാതൃകയും ദൈവജനത്തിന് പ്രോത്സാഹനവുമായിരുന്നു.

പ്രാർത്ഥന, ലാളിത്യം, മിഷൻ എന്നീ കാര്യത്തിൽ യേശുക്രിസ്തുവിനെ മാതൃകയാക്കി യേശുക്രിസ്തുവിൽനിന്നും ശക്തിയും പ്രചോദനവും സ്വീകരിച്ച് ഈ സന്ന്യാസ വൈദികർ തങ്ങളുടെ ജീവിതനിയോഗം നിറവേറ്റി മുമ്പോട്ട് കുതിക്കുന്നു. അഞ്ചു പതിറ്റാണ്ടുകളായി ദൈവവുമായുള്ള കൂട്ടായ്മയിലൂടെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ഇവർ അവിശ്രാന്തം പരിശ്രമിക്കുകയും സമർപ്പിക്കുകയും ചെയ്ത് തങ്ങളുടെ ജീവിതം ഒരു മെഴുകുതിരിപോലെ ഉരുക്കി പ്രകാശമായി ജ്വലിപ്പിച്ചു.

ഈ മൂവരും പല ദേവാലയങ്ങളിൽ വികാരിമാരായി ദൈവജനത്തെ ജ്ഞാനത്തോടെ നയിക്കുകയും, അനുകമ്പയോടെ പരിപാലിക്കുകയും ചെയ്തിരുന്ന ഇടയന്മാരായിരുന്നു. ദേവാലയശുശ്രൂഷയിൽ ഭരണകർത്താക്കളെന്നതിനേക്കാൾ ആത്മീയപിതാക്കന്മാരായി ദൈവജനത്തിന്റെ സന്തോഷങ്ങളിലും സങ്കടങ്ങളിലും ബഥാന്യൻ ചൈതന്യത്തോടെ കടന്നുവരുവാൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. ദേവാലയങ്ങളിൽ ആരാധനക്രമം ചിട്ടയോടെ ജനങ്ങളെ അഭ്യസിപ്പിക്കുന്നതിനും അത് ആഘോഷിക്കുന്നതിനും ഇവർ ശ്രദ്ധാലുക്കളായിരുന്നു. ഭക്തിയോടെ ദിവ്യബലി അർപ്പിച്ചു, തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിച്ചും, സ്നേഹത്തോടെ ശുശ്രൂഷിച്ചും ക്രിസ്തുവിനെ അനുകരിച്ച് മറ്റൊരു ക്രിസ്തുവായി മാറുവാൻ ഇവർ പരിശ്രമിച്ചിരുന്നു. തിരശീലയ്ക്കു പിന്നിൽ ശാന്തമായ പ്രാർത്ഥനയിലും ദിവ്യകാരുണ്യ ഭക്തിയിലും മുഴുകിയിരുന്ന ഇവർ തങ്ങളുടെ ഗുരുവായ ക്രിസ്തുവിന്റെ ദൗത്യം അനുകരിച്ചും അനുഗമിച്ചും അവിശ്രാന്തമായ മിഷനറിമാരായി മാറിയിരുന്നു.

സുവർണ്ണ ജൂബിലി കേവലം വർഷങ്ങളുടെ അളവ് മാത്രമല്ല, അത് സ്നേഹത്തിലെ സ്ഥിരോത്സാഹത്തിന്റെ സാക്ഷ്യം കൂടിയാണ്. ഈ പുരോഹിതർ സന്തോഷത്തിന്റെയും പരീക്ഷണത്തിന്റെയും കാലങ്ങളിലൂടെ സഞ്ചരിച്ചിട്ടുണ്ടെങ്കിലും അവരുടെ ശുശ്രൂഷയിലുള്ള വിശ്വസ്തത യുവതലമുറയ്ക്ക് മാതൃകയായി നിലകൊള്ളുന്നു. ഫലവത്തായുള്ള ശുശ്രൂഷയുടെ രഹസ്യം ദൈവവുമായുള്ള ആഴത്തിലുള്ള ഐക്യവും അചഞ്ചലമായ വിശ്വാസവുമാണെന്ന് തങ്ങളുടെ ശുശ്രൂഷാജീവിതം വഴി ഇവർ തെളിയിക്കുന്നു.

www.malankaralibrary.com

ഈ പുരോഹിതരുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ഇവരുടെ ജീവിതത്തെയോർത്ത് ദൈവത്തിന് നന്ദി പറയാം. മറ്റുള്ളവരെ നിസ്വാർത്ഥമായി സേവിക്കുന്നതിലും എല്ലാറ്റിലുമുപരിയായി ക്രിസ്തുവിനെ സ്നേഹിക്കുന്നതിനും ദൈവരാജ്യത്തിലെ യഥാർത്ഥ മഹത്വം കാണപ്പെടുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണ് ഇവരുടെ കഥ. ഈ ജൂബിലി ഇവർക്ക് ഭൂതകാലത്തിന്റെ ആഘോഷം മാത്രമല്ല, വരും വർഷങ്ങളിലെ അനുഗ്രഹത്തിന്റെ പ്രവാഹമായി മാറുവാനും നമുക്ക് പ്രാർത്ഥിക്കാം.

1954-ൽ കരിങ്കുളത്ത് നാരിയോലിമുരുപ്പേൽ കുടുംബത്തിൽ ഫീലിപ്പോസിന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ച ചാക്കോ 1972-ൽ നാലാഞ്ചിറ ആശ്രമത്തിൽ അർത്ഥിയായി ചേരുകയും 1976-ൽ ആദ്യവ്രതവാഗ്ദാനം നടത്തി പൂനാ ജ്ഞാനദീപയിൽ ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 1982-ൽ വൈദികനായി അഭിഷിക്തനായി. അദ്ദേഹം കടമ്പ, നാലാഞ്ചിറ, നെടുമങ്ങാട്, തിരുവല്ല, കുമ്പഴ, പൂനെ, വെങ്ങോല, ചിറയ്ക്കൽ, ചേലക്കര, ഗിരിദീപം, കല്ലാർ, ചെറുകുളഞ്ഞി, ബത്തേരി, നൂജിബാൽത്തില, മംഗലാപുരം എന്നീ ആശ്രമങ്ങളിൽ അംഗമായിരുന്ന് തന്റെ ബഥാനിയൻ ശുശ്രൂഷ ഏറ്റവും ഉത്സാഹത്തോടെ നടത്തിയിരുന്നു. അദ്ദേഹം പരുത്തിക്കുഴി, കരിപ്പൂർ, കുളപ്പട, വെറ്റിനാട്, ശരംകുന്ന്, തച്ചമം, അമ്പാട്ടുഭാഗം, കിഴവള്ളൂർ, വടക്കുപുറം, കിർക്കി, ദേഹുറോഡ്, ചുവന്ന മണ്ണ്, ചക്കുണ്ട്, പർളിക്കാട്, കൂത്തുപാറ, കൊണ്ടാഴി, കല്ലേപ്പാടം, മോനിപ്പള്ളി, വാകത്താനം, പാത്താമുട്ടം, കളത്തിപ്പടി, ചിങ്ങവനം, കല്ലാർ, പ്ലാങ്കമൺ, തേക്കുങ്കൽ, കുപ്പക്കൊല്ലി, അയ്യൻകൊല്ലി, കരിമ്പാടി, അമ്പുകുത്തി, നെല്ലിയാടി, ബത്തോഡി എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വട്ടപ്പറമ്പിൽ ശ്രീ. ഗീവർഗ്ഗീസ് സ്കറിയാ- റാഹേൽ സ്കറിയാ ദമ്പതികളുടെ മകനായി 1950 ജനുവരി 14-ന് ജനിച്ചു. 1950 മാർച്ച് 15-ന് ജോൺ എന്ന മാമ്മോദീസാ നാമം സ്വീകരിച്ചു. പ്രാഥമിക വിദ്യാഭ്യാസം നന്നുക്കാട് എൽ.പി.എസ്. പത്തനംതിട്ട, മാർത്തോമ്മാ ഹൈസ്കൂൾ പത്തനംതിട്ട എന്നിവിടങ്ങളിലായി പൂർത്തിയാക്കി. എസ്.എസ്.എൽ.സി പഠനത്തിനുശേഷം 1972-ൽ ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. നവശിഷ്യ കാലഘട്ടം വിജയകരമായി പൂർത്തിയാക്കി.

1976 ജനുവരി 8-ന് ജോൺ എന്ന സന്ന്യാസനാമം സ്വീകരിച്ചു. തുടർന്ന് വൈദിക പരിശീലനം പൂന പേപ്പൽ അത്തനേയത്തിൽ പൂർത്തിയാക്കി. ഫിലോസഫി-തിയോളജി പഠനകാലത്ത് കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രൈവറ്റായി ബി. എ. ബിരുദം കരസ്ഥമാക്കി. 1981 ഡിസംബർ 23-ന് തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് 1981 ഡിസംബർ 27-ന് ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ പ്രഥമ ബലിയർപ്പണം നടത്തി. തുടർന്ന് ബഥനി കളത്തിപ്പടി ജനറലേറ്റിൽ യോഗാർത്ഥികളുടെ മാസ്റ്ററായി ശുശ്രൂഷ നിർവ്വഹിച്ചു. 1984 മുതൽ 1989 വരെ കറ്റാനം ബോർഡിംഗ് മാസ്റ്ററായി ചുമതല വഹിച്ചു. തുടർന്ന് ഉപരിപഠനത്തിനായി 1989-1993 വരെ റോമിൽ ചെലവഴിച്ചു. സ്പിരിറ്റ്ചൽ തിയോളജിയിൽ ലൈസൻഷ്യേറ്റ് കരസ്ഥമാക്കി.

www.malankaralibrary.com

ബഹു. അച്ചൻ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചിട്ടുള്ള ഇടവകകൾ: കളത്തിപ്പടി, ആലുവ, തോട്ടയ്ക്കാട്, വേറ്റിനാട്, കോഴിയോട്, കരകുളം, ഇരുമ്പ, വിതുര, മേമല. ഇതിൽ കരകുളം, ഇരുമ്പ ദേവാലയങ്ങൾ അതിമനോഹരമായി പണികഴിപ്പിച്ചത് അച്ചന്റെ പരിശ്രമഫലമായിട്ടാണ്.

ബഥനി നവജീവൻ പ്രോവിൻസിന്റെ കൗൺസിലറായി 2000 മുതൽ 2003 വരെയും, പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായി 2006 മുതൽ 2009 വരെയും ബഹു. അച്ചൻ ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് നെടുമങ്ങാട് ജില്ലാ വികാരി, മിഷൻ സുപ്പീരിയർ, തൃപ്പാദം ബഥനി ആശ്രമ സുപ്പീര്യർ, തൃപ്പാദം സദന ഡയറക്ടർ എന്നീ നിലകളിലും അച്ചൻ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് മേക്കോണം ബഥനി ആശ്രമം, നെടുമങ്ങാട് മിഷൻ മന്ദിരം, ചുനക്കര തുടങ്ങിയ ആശ്രമങ്ങളിലും സുപ്പീര്യറായി ശുശ്രൂഷ നിർവ്വഹിച്ചു.

2015-ൽ ഇടവക ശുശ്രൂഷകളിൽനിന്നും വിരമിച്ച അച്ചൻ ഇപ്പോൾ മൗണ്ട് താബോർ റിട്രീറ്റ് സെന്ററിൽ പത്തനംതിട്ടയുടെ സുപ്പീര്യറായി ശുശ്രൂഷ നിർവ്വഹിക്കുന്നു.

1951-ൽ ചെങ്ങന്നൂർ വാലായിൽ കുടുംബത്തിൽ ജോണിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ച പീറ്റർ ജോൺ 1973-ൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേരുകയും 1976-ൽ ആദ്യവ്രതം പൂർത്തിയാക്കി പൂനാ ജ്ഞാനദീപയിൽ നിന്നും ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 1981-ൽ വൈദികനായി അഭിഷിക്തനായി. അദ്ദേഹം കുമ്പഴ, ബോംബെ, തിരുവല്ല, ബത്തേരി, നെല്ലിയാടി, കല്ലാർ, കട്ക്കി, സാക്കിനാക്ക, സൂററ്റ്, നിലമ്പൂർ, മീനങ്ങാടി, കടബ എന്നീ ആശ്രമങ്ങളിൽ ശുശ്രൂഷ ചെയ്യുകയും തെക്കുമല, ളാഹ, പൂങ്കാവ്, വലഞ്ചുഴി, ബോംബെ മിഷൻ ഇടവകകൾ മണ്ടാട്ട്, ചീങ്ങേരി, വള്ളുവാടി, ചുള്ളിയോട്, നെല്ലിയാടി, ഷിബാജെ, കൂട്ടാർ, ബാലഗ്രാം, കല്ലാർ, കിർക്കി, വാർജെ, വടകാവുശ്ശേരി, സാക്കിനാക്ക, സൂററ്റ്, മുട്ടിക്കടവ്, മീനങ്ങാടി, കടബ എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പ്രിയ സുവർണ്ണ ജൂബിലേറിയൻസ്, നിങ്ങളുടെ ഈ സുവർണ്ണയാത്ര സഭയ്ക്കും സമൂഹത്തിനും ഒരു സമ്മാനവും നിങ്ങളുടെ സാക്ഷ്യം ഞങ്ങൾക്ക് മാതൃകയും അനുഗ്രഹവുമാണ്. തുടർന്നും ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

www.malankaralibrary.com

# വിശ്വാസത്തിന്റെയും ശുശ്രൂഷയുടെയും രജത ജൂബിലി നിറവിൽ നാല് സന്ന്യാസ വൈദികർ

**ഫാ. ക്രിസ്റ്റി ജോൺ ഒ.ഐ.സി.**

ക്രിസ്തുജയന്തിയുടെ 2000-ാമാണ്ടിൽ ബഥനിയിൽ രണ്ടു പ്രോവിൻസ് രൂപപ്പെട്ട വർഷം മേയ് മാസം 31-ാം തീയതി ആദ്യവ്രതവാഗ്ദാനം നടത്തിയ ജിത്ത് ജോൺ, ബനഡിക്ട് മൂഴിക്കരയിൽ, ഷിജു കെ. ലെവി, ജോൺ തുണ്ടിയത്ത് എന്നീ സന്ന്യാസവൈദികർ രജതജൂബിലി പൂർത്തിയാക്കിയ വേളയിൽ ബഥനി സന്ന്യാസി സമൂഹത്തിലെ എല്ലാ സഹോദരങ്ങളുടെയും അനുഗ്രഹങ്ങളും ആശംസകളും പ്രാർത്ഥനയോടെ നേരുന്നു.

ദൈവപിതാവുമായുള്ള ആഴത്തിലുള്ള കൂട്ടായ്മയിലും ദൈവജനത്തോടുള്ള അശ്രാന്തമായ ശുശ്രൂഷയിലും യേശുവിൽ നിന്ന് മാതൃകയും പ്രചോദനവും ഉൾക്കൊണ്ട് 25 വർഷങ്ങളിൽ ബഥനി സന്ന്യാസി സമൂഹത്തിലൂടെ വ്യത്യസ്തമായ സേവനങ്ങൾ കാഴ്ചവെച്ച നാല് സന്ന്യാസവൈദികരെ സന്തോഷത്തോടെ അനുസ്മരിക്കുന്നു. ഈ നാല് സന്ന്യാസ വൈദികരും അവരുടെ പൂർണ്ണസമർപ്പണത്തിന്റെ അനുഗ്രഹത്താൽ നിറയപ്പെടുന്ന വർഷമാണല്ലോ ഇത്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകളായി അവർ താഴ്മയുള്ളവരും വൈവിധ്യമാർന്നവരും സുവിശേഷത്തിന്റെ ഊർജ്ജസ്വലരായ ദാസന്മാരുമാണെന്ന് പല തലങ്ങളിൽ തെളിയിച്ചിട്ടുണ്ട്.

ഇവരുടെ കർമ്മരംഗവീഥികളിൽ ഇവർ ശുശ്രൂഷിച്ച ആശ്രമങ്ങളിലും ദേവാലയങ്ങളിലും ജീവനും പ്രകാശവും നൽകുവാൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. ഊർജ്ജസ്വലരായ പ്രസംഗകർ, തീക്ഷ്ണമതികളായ മിഷനറിമാർ എന്ന നിലയിൽ ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിലേക്ക് എണ്ണമറ്റ ജനങ്ങളെ നയിക്കുവാൻ ഇവരുടെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പ്രാർത്ഥനയിൽ മുഴുകിയ അവരുടെ ജീവിതം സുവിശേഷത്തിന്റെയും വിശ്വാസത്തിന്റെയും സാക്ഷ്യമാണ്. ഇവരുടെ പ്രവർത്തനങ്ങൾ സഭയിൽ ദൈവശാസ്ത്രപരമായ അറിവും, വിശ്വാസത്തിന്റെ സമഗ്രമായ ആത്മാവും കൈമാറ്റം ചെയ്യുവാൻ ഇടയാക്കിയിട്ടുണ്ട്. ഇടവകകളിലും ദൗത്യമേഖലകളിലും ദൈവജനത്തോട് ചേർന്നുനിന്ന് അവരുടെ സന്തോഷത്തിലും സന്താപത്തിലും ഇവർ ബലം നൽകിയിട്ടുണ്ട്.

ദൈവജനശുശ്രൂഷയിൽ സമൃദ്ധമായ ആത്മീയ വിളവെടുപ്പിന്റെ നിമിഷങ്ങളിൽ ശാന്തമായ സഹിഷ്ണുതയിലും സാക്ഷ്യജീവിതത്തിലും വിളിച്ച ദൈവത്തോട് വിശ്വസ്തത പുലർത്തി ജീവിതം നയിച്ച ഇവർ ബഥനിക്കും സഭയ്ക്കും മാതൃകയാണ്. അവരുടെ വിനയം അവരെ സമീപിക്കാൻ പ്രാപ്തരാക്കുന്നു. അവരുടെ വൈവിധ്യമാർന്ന കഴിവുകൾ അവരെ പ്രശസ്തരാക്കുന്നു. അവരുടെ ഊർജ്ജസ്വലത അവരുടെ ദൗത്യത്തിന്റെ ജ്വാലയെ ജീവനോടെ നിലനിർത്തുന്നു.

**ഫാ. ജിത്ത് ജോൺ ഒ.ഐ.സി:** 1981-ൽ ചന്ദനപ്പള്ളി പള്ളിവാതുക്കൽ വീട്ടിൽ

www.malankaralibrary.com

ജോയിയുടെയും മറിയാമ്മയുടെയും മകനായി ജനിച്ച ജിത്ത് 1996-ൽ തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്ന് 2000-മാണ്ടിൽ ആദ്യവ്രതവാഗ്ദാനം നടത്തി പൂനാ ജ്ഞാനദീപയിൽ ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 2009-ൽ വൈദികനായി അഭിഷിക്തനായി. തുടർന്ന് ബത്തേരി, ചെറുകുളഞ്ഞി, തിരുവല്ല, ദേശം എന്നീ ആശ്രമങ്ങളിൽ ശുശ്രൂഷ ചെയ്തതിനുശേഷം പ്രേഷിത പ്രവർത്തനത്തിനായി 2014-ൽ ജർമ്മനിയിലേക്ക് പോകുകയും അവിടെ ഹൗസ്ബുർഗ്ഗ് രൂപതയിൽ പ്രേഷിതപ്രവർത്തനം നടത്തിവരികയും ചെയ്യുന്നു. തന്റെ അടുത്തുവരുന്ന പുഞ്ചിരിയോടെ സ്വീകരിക്കുന്ന ജിത്തച്ചൻ എല്ലാവർക്കും സ്വീകാര്യനാണ്. പള്ളിവാതുക്കലച്ചന്റെ പ്രേഷിതതീക്ഷ്ണത തന്റെ ജീവിതത്തിൽ ജിത്തച്ചനും സ്വായത്തമാക്കിയിരിക്കുന്നു. പൊതുവേ, ശാന്തസ്വഭാവക്കാരായ മാതാപിതാക്കളുടെ സ്വഭാവ വൈശിഷ്ട്യവും ശാന്തമനോഭാവവും എപ്പോഴും പുഞ്ചിരിക്കുന്ന മുഖവും തന്റെ ജീവിതത്തിൽ സ്വായത്തമാക്കിയിരിക്കുന്നത് അദ്ദേഹവുമായി അടുത്തിടപഴകുന്നവർക്ക് കാണുവാൻ സാധിക്കും.

**ഫാ. ബെഡനക്ട് മൂഴിക്കര ഒ.ഐ.സി.:** 1981-ൽ നല്ലിലയിൽ മൂഴിക്കര വീട്ടിൽ പാപ്പച്ചന്റെയും കുട്ടിയമ്മയുടെയും മകനായി ജനിച്ച ബനഡിക്ട് 1996-ൽ തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്ന് 2000-മാണ്ടിൽ ആദ്യവ്രതവാഗ്ദാനം നടത്തി പൂനാ ജ്ഞാനദീപയിൽ ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 2009-ൽ വൈദികനായി അഭിഷിക്തനായി. തുടർന്ന് നാലാഞ്ചിറ, ഡൽഹി, ഹൈദരാബാദ്, കോട്ടവട്ടം എന്നീ ആശ്രമങ്ങളിൽ ശുശ്രൂഷ ചെയ്യുകയും നാലാഞ്ചിറ, മയൂർവിഹാർ, ദിൽഷാദ് ഗാർഡൻ, ഗാസിയാബാദ്, പിക്കറ്റ്, ജീഡിമേട്ടില, മൈലം, മങ്ങാട്ടുകോണം, കീരിക്കുഴി എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2019-ൽ ബൽജിയത്ത് ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ലൈസൻഷ്യേറ്റ് പൂർത്തിയാക്കിയ ബനഡിക്ടച്ചൻ ഇപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്നു. എല്ലാവരോടും നർമ്മത്തിന്റെ ഭാഷയിൽ സംസാരിക്കുവാനും ഇടപെടാനുമുള്ള ഒരു പ്രത്യേക കഴിവ് ബെനഡിക്ടച്ചനിൽ നാം കാണുന്നു. ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ പൂർണ്ണതയിൽ ചെയ്യുവാൻ പരിശ്രമിക്കുന്ന വ്യക്തിയാണ് ബെനഡിക്ടച്ചൻ.

**ഫാ. ഷിജു കെ. ലെവി ഒ.ഐ.സി:** 1981-ൽ പിൻകുളത്ത് കരിമരംപുതുവയൽ വീട്ടിൽ ലേവിയുടെയും മേരിയുടെയും മകനായി ജനിച്ച ഷിജു 1996-ൽ തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്ന് 2000-മാണ്ടിൽ ആദ്യവ്രതവാഗ്ദാനം നടത്തി പൂനാ ജ്ഞാനദീപയിൽ ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 2009-ൽ വൈദികനായി അഭിഷിക്തനായി. തുടർന്ന് ഗാസിയാബാദ്, ബഥനി നഗർ, നാലാഞ്ചിറ, ഭിലായ്, വേങ്കോട്, തെലുങ്കാന എന്നീ ആശ്രമങ്ങളിൽ ശുശ്രൂഷ ചെയ്യുകയും ഗാസിയാബാദ്, ദിൽഷാദ് ഗാർഡൻ, മയൂർ വിഹാർ, ഭിലായ്, റെയ്പൂർ, കരിമാനൂർ, വെള്ളച്ചിപ്പാറ, മൈലം, കലയപുരം, സെക്കന്തരാബാദ് എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2020-ൽ പൗരസ്ത്യ കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് പൂർത്തിയാക്കി ഷിജു കെ. ലെവി അച്ചൻ ഇപ്പോൾ റോമിൽ കാനൻലോയിൽ പി.എച്ച്.ഡി പഠനം നടത്തി വരുന്നു. ചുറുചുറുക്കും ചങ്കൂറ്റവും കൈമുതലായുള്ള

www.malankaralibrary.com

ഷിജു അച്ചൻ ഏറ്റെടുക്കുന്ന കാര്യങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ ചെയ്യുവാൻ കാണിക്കുന്ന തീക്ഷ്ണത എല്ലാവർക്കും മാതൃകയും പ്രചോദനവുമാണ്.

**ഫാ. ജോൺ തുണ്ടിയത്ത് ഒ.ഐ.സി:** 1972-ൽ പത്തനംതിട്ടയിൽ തുണ്ടിയത്ത് വീട്ടിൽ മാത്യുവിന്റെയും മേരിക്കുട്ടിയുടെയും മകനായി ജനിച്ച ജോൺ 1998-ൽ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേരുകയും 2000-മാണ്ടിൽ ആദ്യവ്രതവാഗ്ദാനം നടത്തി പൂനാ ജ്ഞാനദീപയിൽ ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 2006-ൽ വൈദികനായി അഭിഷിക്തനായി. തുടർന്ന് ബഥനി നഗർ, കാഞ്ഞിരംകുളം, പൂനെ, ഹൈദരാബാദ്, ആങ്ങമൂഴി, ബഥനി ജനറലേറ്റ് എന്നീ ആശ്രമങ്ങളിൽ സേവനം ചെയ്യുകയും ചെക്കടി, എട്ടുകുറ്റി, പൂവാർ, കാഞ്ഞിരംകുളം, ഹൈദരാബാദ്, പിക്കറ്റ്, ജിഡിമെട്ടില, ആങ്ങമൂഴി, കോട്ടമൺപാറ എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ കോട്ടയം ബഥനി ആശ്രമം ജനറലേറ്റിൽ പ്രൊക്യുറേറ്ററായി സേവനം ചെയ്യുന്നു. ബഥനിയിലെ തന്റെ ദൈവവിളിയുടെ പരിപോഷണം അല്പം വൈകിത്തുടങ്ങിയെങ്കിലും ചെറുപ്പം മുതൽ വൈദികനാകണമെന്ന ആഗ്രഹം തുണ്ടിയത്തച്ചനിൽ ഉണ്ടായിരുന്നു. പ്രായത്തിൽ തന്റെ ബാച്ചിലുള്ളവരേക്കാൾ സീനിയറായതിനാൽ എല്ലാ കാര്യങ്ങളിലും പ്രായത്തിന്റെ ഒരു പക്വത അച്ചൻ കാണിച്ചിരുന്നു. എല്ലാവരേയും പുഞ്ചിരിയോടെ സ്വീകരിക്കുവാൻ കഴിവുള്ള വ്യക്തിത്വത്തിനുടമയാണ് ജോണച്ചൻ. പൂനെ ആശ്രമത്തിൽ 'ജോൺഡിസ്' രോഗികൾക്ക് ഒറ്റമൂലി മരുന്നു കൊടുക്കുവാൻ നിയോഗിക്കപ്പെട്ട നാൾ മുതൽ ശെമ്മാശന്മാർക്ക് തുണ്ടിയത്തച്ചൻ പ്രിയപ്പെട്ട ജോണ്ടിച്ചായനായി മാറി. ഇന്നും തുണ്ടിയത്തച്ചൻ ഞങ്ങൾക്ക് ജോണ്ടിച്ചായൻ തന്നെയാണ്.

ആദ്യവ്രതവാഗ്ദാനത്തിന്റെ രജതജൂബിലി പൂർത്തിയാക്കിയ ഈ നാല് സന്ന്യാസവൈദികർക്കും ദൈവാനുഗ്രഹങ്ങൾ നേരുകയും തുടർന്നും നിങ്ങളുടെ ശുശ്രൂഷയിലൂടെ അനേകംപേർക്ക് ക്രിസ്തുവിനെ പകർന്നു നൽകുവാൻ ദൈവം നിങ്ങളെ ശക്തരാക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ജൂബിലിയുടെ ആശംസകൾ നേരുകയും ചെയ്യുന്നു.

www.malankaralibrary.com

# From Novitiate Light to Jubilee Glory

**Fr. Aloysius Karimarathinal OIC**

There are some words that act as a compass for our lives. For a religious, one of those words is **novitiate**. It's not just a place or a time; it's a sacred season that shapes a heart and sets a course. It's a mountaintop experience, much like the one where Jesus took Peter, James, and John. Up there, in the glory of transfiguration, the apostles caught a glimpse of heaven so profound they wanted to build tents and stay there. The novitiate is that same kind of mountaintop - a season of intense joy, deep prayer, and spiritual discovery that roots a person in God.

After the Transfiguration, Jesus led His disciples back down into the valley - the place of everyday struggles and challenges. After novitiate, we too step into the valley of community life, studies, and mission, with all its joys and challenges, no longer sheltered by the strict structure of formation.

As we honor six priests who began their journey on that holy mountaintop 25 years ago and have walked faithfully in the valleys of ministry ever since. As we celebrate **Silver Jubilee of their religious profession**, we reflect on the countless ways they have been transformed by God and have, in turn, become instruments of transformation for others.Like the apostles, they have known both trials and triumphs and like the apostles, they have remained faithful. We honor them by recalling how each one reflects an apostolic spirit.

**Fr. Thomas George Kochuvadakkel OIC**

Like St. James the Greater, one of Jesus' closest companions, **Fr. Thomas George** has walked both the mountaintop of inspiration and the challenging valley of daily life with a quiet strength and unshakeable faith. Known for his steadfast loyalty and innate wisdom, he approaches every situation with a practical prudence that has made him a beacon of leadership. As a Provincial Councilor, he's not just a decision-maker; he is a shepherd who guides his community with clarity and hope. He has an ability to see the bigger picture, steering the community through critical moments and opening up new paths for mission. His leadership is both strong and gentle, demonstrating that true authority comes not from a position, but from a heart dedicated to service.

**Fr. Binoy George Theradiyil OIC**

Jesus once said of Nathanael, also known as St. Bartholomew, "Here is a true Israelite; there is no deceit in him." These words perfectly capture the essence of **Fr. Binoy**. He is a man of refreshing sincerity and innocence, who speaks high of others emphasizing their merits rather than drawbacks. Known for his hard work and straightforward nature, he is a person you can truly depend on, a rock

www.malankaralibrary.com

of trust and integrity. His diligence is also evident in the flourishing flower garden he tends, dedication for manual labor and many other projects undertaken for the common good. His quiet strength and honest heart make him a living example of integrity in religious life—a true and dependable servant of God.

**Fr. Samuel Jobin Kochukaliekkal OIC**

Fr. Jobin has the gift of asking the right questions — about life, faith, and mission — much like St. Thomas the Apostle, whose honest searching led to a deeper encounter with the Risen Lord. An excellent organizer, he now serves as the Secretary General of the Bethany Ashram, guiding important works with dedication and clarity. He can truly be called a son of Bethany, as even his family home bears that name. His philosophical insights and academic brilliance set him apart as a thinker, while his joyful presence lights up any gathering. Through his gifted eye for photography, he has preserved countless moments in the life of our community, ensuring that many of our priests are remembered through the beauty of his lens.

**Fr. Blessen George Edanattu OIC**

**Fr. Blessen's** life is a testament to the power of quiet faithfulness. With a remarkable talent for music, he lifts hearts to God notjust with words, but with the simple beauty of his melodies. Much like St. John, the beloved disciple who leaned on Jesus' heart, Fr. Blessen lives his life close to the Lord, in a quiet and steady rhythm of simplicity and fidelity. He works diligently behind the scenes, letting the fruit of his labor—both in his music and his ministry—speak for itself. In his gentle manner and steadfast service, he inspires others without the need for fanfare, proving that a life lived in humble imitation of Christ is the most powerful sermon of all.

**Fr. Shaiju Mathew Meppurathu OIC**

Like St. Luke the Evangelist, who was not one of the original Twelve but used his creative gifts to tell the story of Jesus, **Fr. Shaiju** proclaims the Good News through art. A gifted, self-taught artist, he uses his creative talents to make the Gospel visible and alive. His iconic painting of the Bethany Saints has become a cherished symbol, widely used and loved by the community. Through his brushstrokes, he captures the beauty of holiness and inspires devotion in the faithful. Fr. Shaiju's art is a testament to how God can use our unique talents to share His message, making the story of Christ not just a memory, but a living, breathing reality in our hearts.

**Fr. Abraham Ayyanthiyil OIC**

The life of **Fr. Abraham** is a reflection of a true missionary spirit, one that instinctively puts the needs of others first. Like St. Andrew the Apostle, who brought others directly to Christ,

www.malankaralibrary.com

Fr. Abraham's friendly and welcoming nature draws people in and points them toward the Lord. His tireless dedication has been a blessing to both schools and parishes, where he has ministered with a genuine and selfless care for people. His loyalty to God and his community is evident in everything he does. His zeal for souls is so great that he has often set aside his own convenience and even his health in order to serve others. His vision is not only to bring heaven to earth through the Gospel, but also to make the earth itself a more beautiful place — cultivating life and beauty through his love for agriculture. In all these ways, he plants seeds, nurtures growth, and rejoices in the harvest that God provides.

**The Call to "Quo Vadis?"**

The apostles spent years with Jesus in the difficult and joyful rhythm of daily life before His Ascension. They faced persecution, doubt, and hardship, yet they never lost their faith. We remember Peter, who, fleeing persecution in Rome, had a vision of Jesus walking toward the city. "*Quo vadis, Domine?*" he asked—"Lord, where are you going?" Jesus replied, "I am going to Rome to be crucified again." This encounter sent Peter back to face his own cross, and in his final act of humility, he asked to be crucified upside down, seeing the world and God's Kingdom from a new perspective.

Our six jubilarians began their own journey twenty-five years ago, stepping out from the **mountaintop of their novitiate into the valley of mission**. Like the apostles, they have experienced both joy and sacrifice, fruitfulness and hardship. And like the apostles, they have remained loyal to Christ and the community, trusting in Almighty God who called them.

A jubilee is not just a time for celebration; it's a moment to ask ourselves, "*Quo vadis?* Where am I going?" The **silver** in their years is a symbol of faith refined by challenges. May their lives, through even deeper intimacy with God, shine into **gold** by the time of their Golden Jubilee.

May the Lord who guided Apostle's steps continue to guide theirs—and ours—until our final step brings us home to Him. Congratulations, dear Bethanians, and God bless you on this sacred anniversary.

www.malankaralibrary.com

# നന്ദി നിറഞ്ഞ ഹൃദയത്തോടെ

**(2000 ബാച്ച്)**

ഞങ്ങളുടെ ആദ്യവ്രതവാഗ്ദാനത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുമ്പോൾ ദൈവത്തോടും ഈ വിശുദ്ധയാത്രയുടെ ഭാഗമായി ഞങ്ങളെ ശക്തിപ്പെടുത്തിയ ഏവരോടുമുള്ള നന്ദിയാൽ ഞങ്ങളുടെ ഹൃദയം തുടിക്കുന്നു. സന്ന്യാസ പൗരോഹിത്യ ജീവിതം കൃപയും വെല്ലുവിളിയും സന്തോഷവും കൊണ്ട് നെയ്ത ഒരു ജീവിതമാണ്. ഈ ജീവിതയാത്രയിൽ ഞങ്ങളെ വഴി നടത്തിയ ക്രിസ്തുനാഥനും ശക്തിപ്പെടുത്തിയ ബഥനി സമൂഹത്തിനും നന്ദി നേരുന്നു.

ബലഹീനരും അയോഗ്യരുമായ ഞങ്ങളെ വിശ്വാസത്തിലെടുത്ത് വിളിച്ച് ശക്തിപ്പെടുത്തി സേവനത്തിനായി വേർതിരിച്ച ദൈവകാരുണ്യത്തിന് മുമ്പിലും എന്റെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മുമ്പിലും പ്രണാമം അർപ്പിക്കുന്നു. ദിവ്യകാരുണ്യത്തിൽ മിശിഹായുടെ സ്ഥിരമായ സാന്നിധ്യം അനുഭവിക്കുവാൻ സാധിച്ചതാണ് ഞങ്ങളുടെ ജീവിതത്തിന്റെ ശക്തിസ്രോതസ്സ്. ഈ സാന്നിധ്യം അനുദിനം ഞങ്ങൾക്ക് തുണയും ബലവുമായി ഞങ്ങളോടൊപ്പമുണ്ടായിരുന്നു.

ഞങ്ങളുടെ പരിശീലന നാളുകളിൽ ഞങ്ങളെ രൂപപ്പെടുത്തിയ റെക്ടർ അച്ചന്മാരെയും ആത്മീയ പിതാക്കന്മാരെയും മറ്റ് സഹോദരങ്ങളെയും ഞങ്ങളോടൊപ്പം സെമിനാരി ജീവിതത്തിൽ പങ്കാളികളായ മുതിർന്ന് സഹോദരങ്ങളെയും ഇളയ സഹോദരങ്ങളെയും ഈ അവസരത്തിൽ സ്നേഹത്തോടെ ഓർക്കുന്നു. തിരുവല്ല ആശ്രമത്തിലെ ആദ്യവർഷം അനുസ്മരിക്കുന്നത് എന്നും സന്തോഷത്തോടുകൂടിയാണ്. 1996-ലും, 1998-ലും ഞങ്ങളുടെ ആദ്യവർഷ പരിശീലനത്തിൽ തിരുവല്ല ദയറ ആശ്രമത്തിലെ മുതിർന്ന വൈദികരായ പക്കോമിയോസ് അച്ചനും, പീറ്റർ അച്ചനും, ക്രിസോസ്റ്റോം അച്ചനും, ജേക്കബ് അച്ചനും ഞങ്ങൾക്ക് കാണിച്ചുതന്ന ബഥാന്യൻ ചൈതന്യം ഒരിക്കലും മറക്കുവാൻ പാടില്ലാത്തതാണ്. ബഥനി ആശ്രമത്തിലെ ആദ്യ അംഗങ്ങളായ ഈ വൈദികർ ബഥാന്യൻ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ഞങ്ങൾക്ക് പകർന്നു നൽകുകയുണ്ടായി. തുടർന്ന് നൂജിബാൽത്തിലയിലും അശോകപുരത്തും നാലാഞ്ചിറയിലും ഞങ്ങളുടെ പഠനം സുഗമമാക്കിയ ഏവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

1999-2000-മാണ്ടിൽ അശോകപുരം നോവിഷ്യേറ്റ് ആശ്രമത്തിൽ ബഹു. റെജി അച്ചന്റെ ശിക്ഷണത്തിലും തോമസ് മാവിലേത്ത് അച്ചന്റെ ആദ്ധ്യാത്മിക പരിശീലനത്തിലും ഒരു വർഷം നോവിഷ്യേറ്റ് അഭ്യസിക്കുവാൻ സാധിച്ചത് സന്തോഷത്തോടെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു. പൂനാ ആശ്രമത്തിലായിരുന്ന് ജ്ഞാനദീപയിലും ബഥനി വേദവിജ്ഞാന പീഠത്തിലും ഫിലോസഫി, തിയോളജി പഠനം പൂർത്തിയാക്കുവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി ഇന്നും കരുതുന്നു. ഞങ്ങളുടെ പരിശീലന കാലയളവിൽ ക്രിസ്തീയ പൗരോഹിത്യത്തിന് മാതൃകയായി മുന്നിൽനിന്ന് ഞങ്ങളെ പരിശീലിപ്പിച്ച ഗുരുക്കന്മാരോടുള്ള കൃതജ്ഞത സ്നേഹത്തോടെ ഹൃദയത്തിൽ അനുസ്മരിക്കുന്നു. നിങ്ങളുടെ

www.malankaralibrary.com

മാർഗ്ഗനിർദ്ദേശങ്ങളും തിരുത്തലുകളും ഇന്ന് ഞങ്ങളെ ശക്തിപ്പെടുത്തുകയും ഞങ്ങളുടെ ശുശ്രൂഷയെ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

ഈ വർഷങ്ങളിലൊക്കെ ഞങ്ങളോടൊപ്പം യാത്ര ചെയ്ത സഹോദരവൈദികരെയും ഇടവകാംഗങ്ങൾ, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരെ നന്ദിയോടെ അനുസ്മരിക്കുന്നു. സന്തോഷത്തിന്റെയും പ്രയാസത്തിന്റെയും സമയങ്ങളിൽ നിങ്ങളുടെ പ്രാർത്ഥനയും പ്രോത്സാഹനവും എന്നും ഞങ്ങൾക്ക് പിന്തുണയായിരുന്നു. സിൽവർ ജൂബിലി വർഷം ഒരു നാഴികക്കല്ലാണ്. നന്ദിയോടെ തിരിഞ്ഞുനോക്കുവാനും തീക്ഷ്ണതയോടെ മുന്നേറുവാനും സിൽവർ ജൂബിലി വർഷം നിങ്ങളുടെ സ്നേഹം ഞങ്ങളോട് ആഹ്വാനം ചെയ്യുന്നു. ആദ്യവ്രതവാഗ്ദാന സമയത്ത് ഞങ്ങൾക്ക് ലഭിച്ചതായ ദൈവകൃപ പ്രാർത്ഥനയിൽ ഉജ്ജ്വലിപ്പിച്ച് ശക്തിപ്പെടുത്തുവാൻ ഈ അവസരം ഞങ്ങൾ ഉപയോഗിക്കുന്നു. സന്ന്യാസ പൗരോഹിത്യത്തിന്റെ സമർപ്പണ ജീവിതത്തിൽ ഉത്സാഹത്തോടും സ്നേഹത്തോടും ക്രിസ്തുവിന്റെ സ്നേഹം ദൈവജനത്തിന് പകർന്നു നൽകുവാൻ നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് ശക്തി നൽകട്ടെ. സന്ന്യാസ പൗരോഹിത്യ ജീവിതം ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന ജീവിതമാക്കി മാറ്റുവാൻ തുടർന്നും നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾ അപേക്ഷിക്കുന്നു.

സ്നേഹത്തോടും നന്ദിയോടും,

ഫാ. ജിത്ത് ജോൺ പള്ളിവാതുക്കൽ ഒ.ഐ.സി.

ഫാ. ബെനഡിക്ട് മൂഴിക്കരയിൽ ഒ.ഐ.സി.

ഫാ. ഷിജു കെ. ലെവി കരുമരംപുതുവയൽ ഒ.ഐ.സി.

ഫാ. ജോൺ തുണ്ടിയത്ത് ഒ.ഐ.സി.

www.malankaralibrary.com

# നന്ദി നേരുന്നു നാഥാ

**(2001 ബാച്ച്)**

25 വർഷങ്ങൾക്ക് മുമ്പ് 2001-ൽ നവശിഷ്യ ഗുരുവായ തോമസ് സജീവ് അച്ചന്റെ ശിക്ഷണത്തിൽ ജേക്കബ് ഈട്ടിത്തടത്തിൽ അച്ചന്റെ വാത്സല്യത്തിലും ക്രിസ്തുവിന്റെ വിളിയോട് പൂർണ്ണഹൃദയത്തോടെ ചേർന്നുനിന്ന് അതേ എന്നു പറഞ്ഞ് ദഹനബലിയായി ഞങ്ങളുടെ ജീവിതം സമർപ്പിച്ച ആ പുണ്യദിനം സന്തോഷത്തോടെ എന്നും ഞങ്ങളുടെ മനസ്സിൽ നിലനിൽക്കുന്നു. ബഥനി മിശിഹാനുകരണ സന്ന്യാസി സമൂഹത്തിൽ ദൈവസമ്പാദനത്തിനും ദൈവരാജ്യത്തിന്റെ സേവനത്തിനുമായി ഞങ്ങളെത്തന്നെ ആ ദിനത്തിൽ ഞങ്ങൾ സമർപ്പിച്ചു. ഇന്ന് ആദ്യവ്രതവാഗ്ദാനത്തിന്റെ രജതജൂബിലി വർഷത്തിൽ ആയിരിക്കുമ്പോൾ ഈ അനുഗ്രഹീതവർഷങ്ങളിലൂടെ ഞങ്ങളെ നയിച്ച ദൈവകൃപയ്ക്ക് നന്ദി നേരുന്നു.

നമ്മുടെ കർത്താവും ഗുരുവുമായ യേശുക്രിസ്തു ഞങ്ങളുടെ ജീവിതത്തിന്റെ ശക്തി കേന്ദ്രമായി അന്നും ഇന്നും ഞങ്ങളോടൊപ്പം അനുയാത്ര ചെയ്യുന്നു. അവന്റെ ശബ്ദമാണ് ഞങ്ങളെ വിളിച്ചത്. അവന്റെ ആത്മാവാണ് ഞങ്ങളെ നയിച്ചത്. അവിടുത്തെ ശക്തിയാണ് സന്തോഷത്തിന്റെയും സന്താപത്തിന്റെയും പരീക്ഷണങ്ങളുടെയും കാലങ്ങളിൽ ഞങ്ങളെ നിലനിർത്തിയത്. എല്ലാ മഹത്വവും ദൈവത്തിന് സമർപ്പിക്കുന്നു. കാരണം അവനില്ലാതെ നമുക്കൊന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഞങ്ങളെ കൈവിടാതെ ദൈവകൃപയാൽ ശക്തിപ്പെടുത്തുകയും ദൈവകാരുണ്യത്താൽ അനുഗ്രഹിക്കുകയും ചെയ്ത ത്രിയേകദൈവത്തിന് സ്തുതി.

ആദ്യവ്രതവാഗ്ദാനത്തിന്റെ രജതജൂബിലി നിറവിൽ ഞങ്ങളുടെ പ്രിയപ്പെട്ട ബഥനി മിശിഹാനുകരണ സന്ന്യാസി സമൂഹത്തിലെ ഓരോ അംഗങ്ങളോടും ഞങ്ങൾക്കുള്ളതായ കടപ്പാടും കൃതജ്ഞതയും അറിയിക്കുന്നു. ഞങ്ങളുടെ ഈ യാത്രയിൽ ഞങ്ങൾക്ക് പിന്തുണയും പ്രചോദനവുമായിരുന്ന കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും സ്നേഹത്തോടെ അനുസ്മരിക്കുന്നു. ബഥനി സന്ന്യാസി സമൂഹത്തിന്റെ കാരിസത്തിലും പ്രാർത്ഥനയിലും ഞങ്ങളെ വളർത്തി പ്രേഷിത തീക്ഷ്ണതയിൽ രൂപപ്പെടുത്തിയ ഗുരുക്കന്മാരെ ഏറ്റവും സ്നേഹത്തോടെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു. ബഥാനിയൻ സമൂഹജീവിതത്തിലും സാഹോദര്യശക്തിയിലുമാണ് ഇന്നും ഞങ്ങൾ രൂപപ്പെടുന്നു എന്നത് സന്തോഷത്തോടെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

ഞങ്ങളുടെ പരിശീലന വർഷങ്ങളിൽ പിതൃതുല്യമായ സ്നേഹത്തോടും സാഹോദര്യ വാത്സല്യത്തിലും ഞങ്ങളെ രൂപപ്പെടുത്തിയ ഗുരുക്കന്മാരെയും ആത്മീയ പിതാക്കന്മാരെയും എല്ലാ വൈദികരെയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് നന്ദി നേരുന്നു. അവരുടെ ക്ഷമയോടെയുള്ള മാർഗ്ഗനിർദ്ദേശം, നിരന്തരമായ പ്രോത്സാഹനം, വ്യക്തിപരമായ മാതൃക എന്നിവ ഞങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തി. അവരുടെ ജീവിതം ഇന്നും ഞങ്ങളെ സ്വാധീനിക്കുന്നു.

www.malankaralibrary.com

25 വർഷം പൂർത്തിയാകുന്ന രജതജൂബിലി വർഷാരംഭത്തിൽ ഈ ജൂബിലി ആഘോഷം യാഥാർത്ഥ്യമാക്കുവാൻ മുൻകൈ എടുത്തു പ്രവർത്തിച്ച ജനറൽ, പ്രൊവിൻഷ്യൽ കൗൺസിൽ അംഗങ്ങളെ നന്ദിയോടെ അനുസ്മരിക്കട്ടെ. ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഈ അവസരത്തിൽ ഒരു കുടുംബമായി ഒത്തുചേരുവാനും മുന്നോട്ടുള്ള ഞങ്ങളുടെ യാത്രയിൽ ശക്തിസ്രോതസ്സാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്ന ബഥനി സന്ന്യാസി സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും നന്ദി നേരുന്നു. ഞങ്ങളുടെ സന്ന്യാസ പൗരോഹിത്യ യാത്രയെ ഓർമ്മിപ്പിച്ച് ഞങ്ങളുടെ ജീവിതത്തിൽ ദൈവം നൽകിയ എല്ലാ ദാനങ്ങൾക്കും നമുക്കൊരുമിച്ച് നന്ദി അർപ്പിക്കാൻ ഈ അവസരം ഉപയോഗിക്കാം.

ഈ രജതജൂബിലി വർഷത്തിന്റെ ആഘോഷത്തേക്കാൾ വലിയതാണ് ദൈവകൃപയുടെയും വിശ്വാസത്തിന്റെയും ആഘോഷം എന്നത്. 25 വർഷം പിന്നിടുമ്പോൾ കർത്താവിന്റെ മുന്തിരി തോട്ടത്തിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാനുള്ള ഞങ്ങളുടെ വാഗ്ദാനം ഞങ്ങൾ കൊടുക്കുന്നു. ഞങ്ങളേറ്റെടുക്കുന്ന ഓരോ ദൗത്യവും ദൈവമഹത്വത്തിന് അവിടുത്തെ രാജ്യത്തിന്റെ നിർമ്മിതിയ്ക്കുമാണെന്ന് ഞങ്ങൾ അനുസ്മരിക്കുന്നു.

മുന്നോട്ടുള്ള ഞങ്ങളുടെ ജീവിതത്തിൽ ഭക്തിയോടെ ദിവ്യബലി അർപ്പിച്ചും തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിച്ചും ജീവിതം ബലിയായും സുവിശേഷമായും സ്നേഹത്തോടും സാഹോദര്യത്തോടും ജീവിച്ച് ദിവ്യനാഥനിൽ എത്തിച്ചേരുവാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥന ഞങ്ങളെ ശക്തരാക്കട്ടെ.

നന്ദി നിറഞ്ഞ ഹൃദയത്തോടെ,

ഫാ. തോമസ് ജോർജ്ജ് കൊച്ചുവടക്കേൽ ഒ.ഐ.സി.

ഫാ. ബിനോയ് ജോർജ്ജ് തേരടിയിൽ ഒ.ഐ.സി.

ഫാ. സാമുവേൽ ജോബിൻ കൊച്ചുകളീക്കൽ ഒ.ഐ.സി.

ഫാ. ബ്ലസൻ ജോർജ്ജ് ഇടനാട്ടുകിഴക്കേതിൽ ഒ.ഐ.സി.

ഫാ. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി.

ഫാ. എബ്രഹാം അയ്യാന്തിയിൽ ഒ.ഐ.സി.

www.malankaralibrary.com

# Extraordinary General Synaxis
## August 12, 2025 - Nalanchira Bethany Ashram Dayara














www.malankaralibrary.com

















